وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11 ലക്കം 43-44

ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600/-

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

സുകൃതവാന്മാരുമായുള്ള സൗഹൃദം



وَاصۡبِرۡ نَفۡسَکَ مَعَ الَّذِیۡنَ یَدۡعُوۡنَ رَبَّہُمۡ بِالۡغَدٰوۃِ وَالۡعَشِیِّ یُرِیۡدُوۡنَ وَجۡہَہٗ وَلَا تَعۡدُ عَیۡنٰکَ عَنۡہُمۡ تُرِیۡدُ زِیۡنَۃَ الۡحَیٰوۃِ الدُّنۡیَا

(سورة الكهف:29)

തങ്ങളുടെ നാഥന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും അവനോട് പ്രാർത്ഥിക്കുന്നവരോടൊപ്പം നീ സ്വയം ബന്ധിച്ചുകൊണ്ടിരിക്കുക. ഭൗതികജീവിതത്തിന്റെ അലങ്കാരം ഉദ്ദേശിച്ചുകൊണ്ട് നിന്റെ കണ്ണുകൾ അവരിൽനിന്ന് അകന്നുപോവാതിരിക്കട്ടെ.



ഹദീസ് :

ഖുർആനിക പാഠങ്ങളുടെ സദസ്സ്

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُــولُ اللهِ ﷺ:مَا اجْتَمَعَ قَوْمٌ فِي بَيْتٍ مِنْ بُيُوتِ اللهِ، يَتْلُونَ كِتَابَ اللهِ، وَيَتَدَارَسُــونَهُ بَيْنَهُمْ، إِلَّا نَزَلَتْ عَلَيْهِمُ السَّــكِينَةُ، وَغَشِيَتْهُمُ الرَّحْمَةُ، وَحَفَّتْهُمُ الْمَلَائِكَةُ، وَذَكَرَهُمُ اللهُ فِيمَنْ عِنْدَهُ۔

ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) പറയുന്നു: : അല്ലാഹുവിന്റെ ഭവനങ്ങളിൽ ഏതെങ്കിലുമൊരു ഭവനത്തിൽ ഒത്തുകൂടുകയും, അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും, പരസ്പരം അത് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഏതൊരു ജനവിഭാഗത്തിന്റെയും മേൽ സമാധാനം ഇറങ്ങുന്നു, അവരെ കാരുണ്യം പൊതിഞ്ഞുനിൽക്കുന്നു, മലക്കുകൾ അവരെ വലയം ചെയ്യുന്നു, തന്റെ പക്കലുള്ളവരുടെ ഇടയിൽ അല്ലാഹു അവരെക്കുറിച്ച് എടുത്തുപറയുകയും ചെയ്യുന്നു. (സ്വഹീഹ് മുസ്ലിം, കിതാബുദ്ദിക്ർ വദ്ദുആ വത്തൗബ വൽഇസ്തിഗ്ഫാർ, ബാദ് ഫള്ജ്ലിൽ ഇജ്തിമാഅ് അലാ തിലാവത്തിൽ ഖുർആൻ വ അലദ്ദിക്ർ, ഹദീസ് നമ്പർ: 2699)



ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

സത്യവിശ്വാസിയുടെ കർത്തവ്യം

നമ്മുടെ മതം ഇതാണ്, ഒരു സത്യവിശ്വാസിയുടെ രീതിയും ഇതുതന്നെയായിരിക്കണം: സംസാരിക്കുകയാണെങ്കിൽ തുറന്നു സംസാരിക്കുക, അല്ലെങ്കിൽ മൗനം പാലിക്കുക. അല്ലാഹുവിനെയും അവന്റെ ദാസനെയും കുറിച്ച് ഏതെങ്കിലും സദസ്സിൽ പരിഹാസങ്ങൾ നടക്കുന്നത് കാണുമ്പോൾ, അവരിൽ ഒരാളായി നിങ്ങൾ എണ്ണപ്പെടാതിരിക്കാൻ ഒന്നുകിൽ അവിടെനിന്ന് എഴുന്നേറ്റുപോവുക. അല്ലെങ്കിൽ പൂർണ്ണമായി തുറന്ന മറുപടി നൽകുക. ഇവിടെ രണ്ട് വഴികളാണുള്ളത്; ഒന്നുകിൽ മറുപടി നൽകുക, അല്ലെങ്കിൽ മൗനം പാലിക്കുക. സദസ്സിൽ ഇരുന്നുകൊണ്ട് ശരിവെക്കുകയും, ഒളിഞ്ഞും പാത്തും ദീനീ വിശ്വാസങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്ന മൂന്നാമത്തെ രീതി കാപട്യമാണ്. (മൽഫൂസാത്ത്, വോള്യം 5, പേജ് 449, ബദർ 14 മാർച്ച് 1908)



തഫ്സീർ: ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)

നമസ്കാരം ദുഷ്കർമങ്ങളെ അകറ്റുന്നു

ചില സുഹൃത്തുക്കൾ, അവർ കുറച്ചു പേരാണെങ്കിലും ബോധവൽക്കരണം നൽകിയിട്ടും ദൈവസ്മരണ നടക്കുന്ന സദസ്സിൽ നിന്ന് എഴുന്നേറ്റുപോവുകയും പുറത്തു കറങ്ങിനടക്കുകയും ചെയ്യുന്നത് എനിക്ക് ഏറെ വിഷമമുണ്ടാക്കുന്നു. എല്ലാ സമൂഹത്തിലും ചില നാമമാത്ര അംഗങ്ങൾ ഉണ്ടാകുമെന്നതിൽ സംശയമില്ല; അവർ സദസ്സിൽ തങ്ങളുടെ പ്രകടനം കാഴ്ചവെച്ചതിനുശേഷം സ്ഥലം വിട്ടുപോകാറുണ്ട്. തിരുനബി (സ)യുടെ കാലത്തും ഇത്തരം പ്രകടനപരമായ ആളുകൾ ഉണ്ടായിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽ വന്നിട്ടുണ്ട്. സദസ്സ് ചേരുമ്പോൾ അവരും വരും; ചർച്ചകൾ ആരംഭിക്കുന്നതിന് മുമ്പ് എല്ലാവരുടെയും മേൽ നോട്ടം പതിയും, സ്വഹാബികൾ അവരെ കാണുകയും ചെയ്യും. എന്നാൽ കാര്യങ്ങൾ ആരംഭിക്കുമ്പോൾ അവർ കൺവെട്ടത്തുനിന്ന് ഒളിച്ചോടാൻ തുടങ്ങും. അത്തരം ആളുകളെക്കുറിച്ച് അല്ലാഹു പറയുന്നു: قَدۡ یَعۡلَمُ اللّٰہُ الَّذِیۡنَ یَتَسَلَّلُوۡنَ مِنۡکُمۡ لِوَاذًا (നിങ്ങളിൽ നിന്ന് (സദസ്സ് വിട്ട്) രഹസ്യമായി ഒളിച്ചോടുന്നവരെക്കുറിച്ച് അല്ലാഹുവിന് നന്നായി അറിയാം. (24:64)

ഇവിടെയും ഇത്തരം പ്രകടനപരതയുള്ള അംഗങ്ങൾ ഉണ്ടാകും; എന്നാൽ പല ആളുകളും ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നില്ല, അവരുടെ ഈ പ്രവൃത്തി എങ്ങനെയുള്ളതാണെന്ന് അവർ അറിയുന്നതുമില്ല. തിരുനബി (സ) പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വ്യക്തി സദസ്സിലേക്ക് കടന്നുവന്നതായി ഹദീസുകളിൽ വന്നിട്ടുണ്ട്; സദസ്സ് നിറഞ്ഞു കവിഞ്ഞിരിക്കുന്നതായും തനിക്ക് ശബ്ദം കേൾക്കാൻ പ്രയാസമാണെന്നും അദ്ദേഹം കണ്ടു. എന്നാൽ ദൈവസ്മരണയാണ് നടക്കുന്നതെന്ന ചിന്തയാൽ അദ്ദേഹം അവിടെനിന്ന് മടങ്ങിപ്പോയില്ല, മറിച്ച് ലജ്ജയോടെ അവിടെ ഇരുന്നു. അല്ലാഹു പറഞ്ഞു: അദ്ദേഹത്തിന്റെ പാപങ്ങളുടെ കാര്യത്തിൽ ഞാനും ലജ്ജിക്കും, അദ്ദേഹത്തെ പിടികൂടുകയുമില്ല. പിന്നീട് മറ്റൊരു വ്യക്തി വന്നു; സദസ്സിൽ ഇരിക്കാൻ സ്ഥലമില്ലെന്ന് കണ്ട അദ്ദേഹം അങ്ങോട്ടും ഇങ്ങോട്ടും നോക്കി ശബ്ദം കേൾക്കാൻ കഴിയുന്ന ഒരു സ്ഥലത്ത് ചെന്നിരുന്നു. അല്ലാഹു പറഞ്ഞു: ഈ വ്യക്തി പരിശ്രമിച്ചുകൊണ്ട് മുന്നോട്ട് വന്നതുപോലെ ഞാനും അവന് എന്റെ സാമീപ്യത്തിൽ സ്ഥലം നൽകും. പിന്നീട് മൂന്നാമതൊരു വ്യക്തിയെക്കുറിച്ച് അല്ലാഹു വിവരിച്ചു; അദ്ദേഹം വന്നുവെങ്കിലും ശബ്ദം കേൾക്കില്ലെന്ന് കണ്ട് തിരിച്ചുപോയി. അല്ലാഹു പറഞ്ഞു: ഈ വ്യക്തി ദൈവസ്മരണയുടെ സദസ്സിൽ നിന്ന് തിരിഞ്ഞുപോയതുപോലെ ഞാനും അവനിൽ നിന്ന് മുഖം തിരിച്ചു കളയുന്നതാണ്, അവനായി കാരുണ്യത്തിന്റെ വാതിലുകൾ ഞാൻ തുറന്നുകൊടുക്കുകയുമില്ല.

(ഫളാഇലുൽ ഖുർആൻ, പേജ് 264-265)

അഭ്യർത്ഥന വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയൂരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്, ഖാദിയാൻ

നിരന്തരമായ ത്യാഗങ്ങളും പ്രാർഥനകളുമാണ് ആത്മീയവിപ്ലവത്തിനു നിദാനം

അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) ജൽസാ സാലാന ജർമനി 2026ൽ സ്ത്രീകളെ അഭിസംബോധന ചെയ്ത് നടത്തിയ വിജ്ഞാനപ്രദമായ പ്രഭാഷണത്തിന്റെ സംഗ്രഹം

ഇന്ന് നിങ്ങൾ ജൽസാ സൽആനിയിൽ പങ്കെടുക്കുന്നതിനായി ഇവിടെ ഒരുമിച്ചുകൂടിയിരിക്കുകയാണ്. ജമാഅത്തിലെ സ്ത്രീകളിൽ ഇത്തരമൊരു ബോധം അവൻ സൃഷ്ടിച്ചിരിക്കുന്നത് അല്ലാഹു തആലാ ജമാഅത്തിന്മേൽ ചെയ്തിരിക്കുന്ന വലിയ ഒരു അനുഗ്രഹമാണ്. അതിലൂടെ അവർ തങ്ങളുടെയും തങ്ങളുടെ സന്താനങ്ങളുടെയും ജീവിതത്തിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി ദീനി ജ്ഞാനം നേടുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതുണ്ട് എന്ന ബോധം നിലനിർത്തുന്നു.

ഇന്ന് ലോകം വിനോദങ്ങളിലും വ്യർഥമായ കാര്യങ്ങളിലും അതിരുകടന്ന് മുഴുകുകയും ദൈവത്തെ മറക്കുകയും ചെയ്യുന്ന കാലഘട്ടമാണ്. അതിനാൽ നാം ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുമെന്ന പ്രതിജ്ഞയിൽ ഉറച്ചുനിൽക്കണം.

ഈ കാലത്ത് ദജ്ജാലിന്റെ ആക്രമണങ്ങൾ അഹ്മദികളെ പോലും ഏതെങ്കിലും വിധത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്ന യാഥാർഥ്യം നിഷേധിക്കാനാവില്ല. അഹ്മദി സ്ത്രീകളും ഇതിൽ നിന്ന് ഒഴിവല്ല. പ്രത്യേകിച്ച് വിദ്യാഭ്യാസത്തിന്റെയും പുരോഗതിയുടെയും പേരിൽ പിശാച് പലവിധത്തിൽ മനുഷ്യരെ സ്വാധീനിക്കുന്നു.

ഇസ്ലാം ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് തടയുന്നില്ല; മറിച്ച് അതിന് പ്രോത്സാഹനം നൽകുന്നു. പുരോഗതി കൈവരിക്കുന്നതിൽ നിന്നും ലോകത്തിലെ അനുഗ്രഹങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ നിന്നും ഇസ്ലാം തടയുന്നില്ല. എന്നാൽ അതോടൊപ്പം തങ്ങളുടെ മതപരമായ കടമകളും നിർവഹിക്കണം എന്ന് ഇസ്ലാം ഓർമിപ്പിക്കുന്നു.

ചരിത്രത്തിൽ നാം, ഹദ്റത്ത് ആയിശ(റ) ഉൾപ്പെടെയുള്ള നിരവധി മഹിളകളെ കാണുന്നുണ്ട്. അവർ ദീനിപരമായും ആത്മീയ നിലയിലും മഹത്വത്തിലും ഉയർന്നവരായിരുന്നു. അതോടൊപ്പം അവർ വിജ്ഞാനത്തിലും പ്രാവീണ്യമുള്ളവരായിരുന്നു. അവരുടെ നിവേദനങ്ങൾ പലപ്പോഴും ഫുഖഹാക്കളെ മതപരമായ വിഷയങ്ങളിൽ തീരുമാനങ്ങളിലെത്താൻ സഹായിച്ചിട്ടുണ്ട്.

എന്നാൽ അതോടൊപ്പം ഒരു സ്ത്രീയുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്നും അവർക്ക് വ്യക്തമായ അറിവുണ്ടായിരുന്നു. കുടുംബത്തിലും സമൂഹത്തിലും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിൽ എന്ത് പങ്കാണ് വഹിക്കേണ്ടതെന്നും അവർ മനസ്സിലാക്കിയിരുന്നു. സ്വന്തം അവകാശങ്ങൾ ആവശ്യപ്പെടുന്നതിനു പകരം മറ്റുള്ളവരുടെ അവകാശങ്ങൾ നൽകുന്നതിനും തങ്ങളുടെ കടമകൾ നിർവഹിക്കുന്നതിനുമാണ് അവർ പ്രാധാന്യം നൽകിയിരുന്നത്. അതുകൊണ്ടുതന്നെയാണ് ഇസ്ലാമിന്റെ ചരിത്രത്തിൽ അവരുടെ പേരുകൾ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇന്ന് അഹ്മദി സ്ത്രീകൾ ഈ മാതൃക മുന്നിൽവെച്ചുകൊണ്ടാണ് തങ്ങളുടെ ഉത്തരവാദിത്തങ്ങൾ എങ്ങനെ നിർവഹിക്കണം എന്നതിനെ കുറിച്ച് ചിന്തിക്കേണ്ടത്. വീടിന്റെയും സമൂഹത്തിന്റെയും കുട്ടികളുടെയും കുടുംബത്തിന്റെയും പുരോഗതിക്കായി സ്വന്തം മാതൃക കാണിക്കണം.

തങ്ങളുടെ അഭിപ്രായത്തിലോ യാഥാർഥ്യത്തിലോ പുരുഷന്മാർ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ ശരിയായി നിർവഹിക്കുന്നില്ലെന്ന് തോന്നുന്നുവെങ്കിൽ പോലും, അടുത്ത തലമുറയിൽ ഉന്നതസ്വഭാവമുള്ള, ദീൻ പാലിക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയും വളർത്തിയെടുക്കുക എന്ന ഉത്തരവാദിത്തം അവർ ഏറ്റെടുക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)യോട് നാം ചെയ്തിട്ടുള്ള ബൈഅത്തിന്റെ പ്രതിജ്ഞ പാലിച്ചുകൊണ്ട് മനോഹരമായ ഒരു സമൂഹം സ്ഥാപിക്കുകയാണ് ലക്ഷ്യം. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽ നിന്ന് എന്താണ് ആഗ്രഹിച്ചതെന്ന് നാം മനസ്സിലാക്കണം.

ഈ സമൂഹത്തിൽ ജീവിക്കുമ്പോൾ പുരോഗതിയുടെ പേരിൽ പല കാര്യങ്ങളും പറയപ്പെടുന്നുണ്ട്. എന്നാൽ ഒരു അഹ്മദി മുസ്ലിം എന്ന നിലയിൽ നാം സ്വന്തം സ്വഭാവവും പ്രവർത്തനങ്ങളും ശരിയായ രീതിയിൽ രൂപപ്പെടുത്തണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത് എന്ന് നാം നിരന്തരം പരിശോധിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ സന്ദർഭങ്ങളിൽ നൽകിയിട്ടുള്ള ഉപദേശങ്ങൾ എപ്പോഴും ഓർമയിൽ സൂക്ഷിക്കണം. അവ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ അവയെ നിരന്തരം മുന്നിൽവെച്ച് ആവർത്തിച്ച് ഓർമിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം അഹ്മദി ആയതിന്റെ യഥാർഥ ലക്ഷ്യം നമുക്ക് പൂർത്തീകരിക്കാനാവില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ ഓർമിപ്പിച്ചിട്ടുണ്ട്: ''ഓർക്കുക, എന്നോടു ബന്ധമുള്ളവരാണെന്ന് പറയുന്നവരുടെ പ്രവർത്തനങ്ങൾ ശരിയായതല്ലെങ്കിൽ അല്ലാഹു തആലാ ഒരിക്കലും അവരെ ഇഷ്ടപ്പെടുകയില്ല.''

സ്വന്തം അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനായി ഓർക്കേണ്ടത്, അല്ലാഹുവിനെ സ്മരിക്കുകയും അവന്റെ ആരാധനയുടെ അവകാശം നിർവഹിക്കുകയും ചെയ്യുന്നതിനോടൊപ്പം മറ്റുള്ളവരുടെ അവകാശങ്ങളും നിറവേറ്റണം എന്നതാണ്. എല്ലാ നന്മ ചെയ്യുന്നവരോടും നന്മ ചെയ്യണം.

ഉന്നതമായ സ്വഭാവം എന്നത് നന്മ ചെയ്യുന്നവരോട് മാത്രം നന്മ ചെയ്യുന്നതല്ല. തിന്മ ചെയ്യുന്നവരോടും നന്മ ചെയ്യുക എന്നതാണ് യഥാർഥ ഉന്നത സ്വഭാവം. ഈ നിലവാരം കൈവരിക്കുന്നതുവരെ, ഈ ജമാഅത്ത് സ്ഥാപിക്കപ്പെട്ടതിന്റെ ലക്ഷ്യമായ ആ യഥാർഥ ആത്മീയത നമ്മിൽ സൃഷ്ടിക്കപ്പെടുകയില്ല.

അതുകൊണ്ട് എപ്പോഴും ഓർക്കുക: അല്ലാഹുവിനെ ആരാധിക്കേണ്ടതോടൊപ്പം അല്ലാഹുവിന്റെ സൃഷ്ടികളുടെ അവകാശങ്ങളും നിറവേറ്റണം. സമൂഹത്തിൽ സമാധാനം സ്ഥാപിക്കാനും വഴക്കുകളും കലഹങ്ങളും ഫിത്നകളും അവസാനിപ്പിക്കാനും പൂർണ്ണശക്തിയോടെ ശ്രമിക്കണം.

ചെറിയ ചെറിയ കാര്യങ്ങളെച്ചൊല്ലി പോലും അമ്മായിയമ്മയും മരുമകളും തമ്മിലും, ഭർത്താവും ഭാര്യയും തമ്മിലും വഴക്കുകൾ ഉണ്ടാകാറുണ്ട്. പരസ്പരം ക്ഷമിക്കണം എന്ന ബോധം നമ്മിൽ വളരുന്നതുവരെ വിശുദ്ധവും സമാധാനപരവുമായ ഒരു സമൂഹം സ്ഥാപിക്കാനാവില്ല.

ഓരോ അഹ്മദി പുരുഷനും സ്ത്രീയും ഓർക്കേണ്ടത് സമാധാനത്തിന്റെ അടിത്തറ സ്ഥാപിക്കണം എന്നതാണ്. ഈ അടിത്തറ സ്വന്തം വീട്ടിൽ നിന്നാണ് ആരംഭിക്കേണ്ടത്. അപ്പോൾ അടുത്ത തലമുറയും ഇതിൽ നിന്ന് പാഠം പഠിക്കുകയും അവർ ജീവിക്കുന്ന സമൂഹത്തിലും സ്നേഹവും സമാധാനവും സ്ഥാപിക്കുന്നവരായി മാറുകയും ചെയ്യും.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിലെ അംഗങ്ങൾ പരസ്പരം ഐക്യത്തോടും സ്നേഹത്തോടും കൂടി ജീവിക്കണമെന്ന് ഉപദേശിച്ചതായി ഹുസൂർ അയ്യദഹുല്ലാഹു പറഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ''ഞാൻ രണ്ട് കാര്യങ്ങളുമായാണ് വന്നിരിക്കുന്നത്. ഒന്നാമത്, അല്ലാഹുവിനെ അംഗീകരിക്കുക; രണ്ടാമത്, പരസ്പരം സ്നേഹവും സഹാനുഭൂതിയും പ്രകടിപ്പിക്കുക.''

സഹാബികളിലും ഇതുപോലെ ഒരു വിപ്ലവകരമായ മാറ്റം സംഭവിച്ചിരുന്നു.

''നിങ്ങളിൽ ഓരോരുത്തരും തനിക്കായി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുന്നവനാകുന്നതുവരെ അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല.''

ഇത് വളരെ ഭയപ്പെടുത്തുന്നതും മുന്നറിയിപ്പ് നൽകുന്നതുമായ വാക്കുകളാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) യുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും ബൈഅത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനും പരസ്പര സ്നേഹം വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ് എന്ന് ഓരോ പുരുഷനും സ്ത്രീയും ഗൗരവമായി ചിന്തിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം കൂടി പറഞ്ഞിട്ടുണ്ട്: ''മഹ്ദിയുടെ ഒരു അടയാളം ഇതാണ്: ഹൃദയങ്ങളിൽ നിന്ന് വിദ്വേഷവും പകയും നീക്കം ചെയ്യപ്പെടും.''

അതിനാൽ നാം മസീഹിനെയും മഹ്ദിയെയും അംഗീകരിച്ചിട്ടുണ്ടെങ്കിൽ, നമ്മുടെ ഹൃദയങ്ങളിൽ നിന്ന് പരസ്പരമുള്ള വിദ്വേഷവും പകയും നീക്കം ചെയ്യാൻ നാം പരിശ്രമിക്കണം. അപ്പോഴാണ് നാം ബൈഅത്തിന്റെ യഥാർഥ അവകാശം നിറവേറ്റുന്നവരാകുന്നത്.

തുടർന്ന് ഹുസൂർ അയ്യദഹുല്ലാഹു തആലാ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളിച്ചെയ്തിട്ടുണ്ട്: ''ഭൗതിക ലോകം നിങ്ങളുടെ പരമലക്ഷ്യമാകരുത്; മറിച്ച് ദീനിനെ നിങ്ങളുടെ പരമലക്ഷ്യമാക്കുക.''

നിങ്ങൾ ഈ രാജ്യങ്ങളിലേക്ക് വന്നിരിക്കുകയാണ്. അല്ലാഹു നിങ്ങൾക്ക് സൗകര്യങ്ങളും സമൃദ്ധിയും നൽകിയിട്ടുണ്ട്. പാകിസ്ഥാനിലോ നിങ്ങൾ കുടിയേറി വന്ന മറ്റേതെങ്കിലും സ്ഥലത്തോ ഉണ്ടായിരുന്നതിനെക്കാൾ വളരെ മെച്ചപ്പെട്ട സാഹചര്യങ്ങളാണ് ഇവിടെ നിങ്ങൾക്കുള്ളത്. എന്നാൽ ദീൻ നിങ്ങളുടെ പരമലക്ഷ്യമല്ല, ലോകജീവിതമാണ് ലക്ഷ്യമെങ്കിൽ, ഇവിടെ വന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. കാരണം നിങ്ങളിൽ ഭൂരിഭാഗവും മറ്റ് രാജ്യങ്ങളിലേക്ക്, പ്രത്യേകിച്ച് പാകിസ്ഥാനിൽ നിന്ന്, വന്നത് അവിടെ ദീൻ ശരിയായ രീതിയിൽ അനുഷ്ഠിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കാത്തതിനാലാണ്.

അതുകൊണ്ട് എല്ലാ കാര്യങ്ങളിലും ദീനിന് മുൻഗണന നൽകുക. സമ്പത്തും പണവും ലഭിക്കുമ്പോൾ ദീൻ മറന്നുപോകരുത്. ദീൻ എപ്പോഴും നിങ്ങളുടെ മുന്നിൽ ഉണ്ടായിരിക്കണം. ഇതാണ് ഒരു യഥാർഥ അഹ്മദിയുടെ അടയാളം.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളിച്ചെയ്തു: സമ്പത്തിനോടും ധനത്തോടും സന്താനങ്ങളോടുമുള്ള സ്നേഹത്തിൽ ഇത്രയധികം മുഴുകിപ്പോകരുത്; അത് നിങ്ങൾക്കും അല്ലാഹു തആലായ്ക്കുമിടയിൽ ഒരു മറ സൃഷ്ടിക്കുന്ന തരത്തിലാകരുത്.

സന്താനങ്ങളും ചിലപ്പോൾ ഒരു പരീക്ഷണമായി മാറാം. ചില സ്ത്രീകൾ മക്കളുടെ പേരിൽ ഉണ്ടാകുന്ന തർക്കങ്ങളിൽ ഏർപ്പെടാറുണ്ട്. അമ്മായിയമ്മയും മരുമകളും തമ്മിലുള്ള തർക്കങ്ങളിലും സ്ത്രീകൾക്ക് ചിലപ്പോൾ ഒരു പങ്കുണ്ടാകാറുണ്ട്. ഒരു അഹ്മദി മുസ്ലിം ആയതിനുശേഷം ഇത്തരം തർക്കങ്ങൾ അവസാനിപ്പിക്കുകയാണ് നിങ്ങളുടെ കടമ. നിങ്ങൾ അങ്ങനെ ചെയ്യുമ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)യോട് ബൈഅത്ത് ചെയ്തതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്തത്തിന്റെ അവകാശം നിങ്ങൾ നിറവേറ്റുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളിച്ചെയ്തു: ഈ ലോകം മാത്രമാണ് എല്ലാം എന്ന് കരുതരുത്. മരണാനന്തരം അല്ലാഹു തആലാ കണക്കുചോദിക്കുകയും തെറ്റായ പ്രവൃത്തികൾക്ക് ശിക്ഷ നൽകുകയും ചെയ്യും.

ശേഷം പേജ് 10 ൽ

ഖുത്ബ ജുമുഅ

2026 സെപ്തംബർ 4 / 1405 തബൂക്ക് 4

മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

തവക്കുൽ:

തിരുനബിﷺയുടെ മാതൃക

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ايده الله تعالىٰ بنصره العزيز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹു തിരുനബി ﷺയെ പൂർണ്ണനായ മനുഷ്യനാക്കുകയും മുഴുവൻ മനുഷ്യർക്കും ഉത്തമ മാതൃകയായി നിയോഗിക്കുകയും ചെയ്തപ്പോൾ, എല്ലാ ഉന്നതമായ ധാർമിക ഗുണങ്ങളും അവിടുത്തെ വ്യക്തിത്വത്തിൽ സമ്പൂർണ്ണമായി ഉൾക്കൊള്ളിക്കുകയും ഓരോ ഗുണത്തെയും അതിന്റെ ഏറ്റവും ഉന്നതമായ നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്തു.

കൂടാതെ, വിശ്വാസികളോട് അല്ലാഹു നിർദേശിച്ചു: നിങ്ങളിൽ സദ്ഗുണങ്ങൾ വളർത്തിയെടുക്കാനും ധാർമിക മികവിന്റെ ഏറ്റവും ഉയർന്ന നിലവാരം കൈവരിക്കാനും ആഗ്രഹിക്കുന്നുവെങ്കിൽ, ഈ മഹാ ദൂതനെ പിന്തുടരുക. കാരണം, അല്ലാഹുവിന്റെ പ്രീതിയിലേക്ക് എത്തിച്ചേരുന്നതിനുള്ള മാർഗമായി അത് മാറും. അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് തിരുനബിﷺ ഓരോ ധാർമിക ഗുണത്തെയും അതിന്റെ പരമോന്നത നിലവാരത്തിലേക്ക് ഉയർത്തിയതു പോലെ, വിശ്വാസികളോടും ആ ഉന്നത നിലവാരം കൈവരിക്കാൻ പരിശ്രമിക്കണമെന്ന് അല്ലാഹു നിർദേശിച്ചു.

ഇപ്പോൾ തിരുനബി ﷺയുടെ ജീവിതത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്തുവരികയാണല്ലോ. ഇന്ന് അല്ലാഹുവിലുള്ള അവിടുത്തെ പൂർണ്ണമായ വിശ്വാസവും ആശ്രയവും അതായത് തവക്കുൽ സംബന്ധിച്ചുള്ള ഒരു വശത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. തവക്കുലിന്റെ കാര്യത്തിൽ തിരുനബി ﷺയുടെ സ്ഥാനം, വിശ്വാസികൾക്ക് അവിടുന്ന് നൽകിയ മാർഗനിർദേശം, കൂടാതെ അവിടുന്ന് സ്വന്തം ജീവിതത്തിലൂടെ പ്രകടമാക്കിയ പ്രായോഗിക മാതൃക എന്നിവയാണിവിടെ പരാമർശിക്കുന്നത്.

വിശുദ്ധ ഖുർആനിൽ വിവിധ സന്ദർഭങ്ങളിൽ അല്ലാഹുവിൽ വിശ്വാസവും ആശ്രയവും അർപ്പിക്കുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഒരിടത്ത് തിരുനബിﷺയെ അഭിസംബോധന ചെയ്തു കൊണ്ട് അല്ലാഹു പറയുന്നു:

يٰٓاَيُّهَا النَّبِيُّ اِنَّآ اَرْسَلْنٰكَ شَاهِدًا وَّمُبَشِّرًا وَّنَذِيْرًا وَّدَاعِيًا اِلَى اللّٰهِ بِاِذْنِهٖ وَسِرَاجًا مُّنِيْرًا ○ وَبَشِّرِ الْمُؤْمِنِيْنَ بِاَنَّ لَهُمْ مِّنَ اللّٰهِ فَضْلًا كَبِيْرًا ○ وَلَا تُطِعِ الْكٰفِرِيْنَ وَالْمُنٰفِقِيْنَ وَدَعْ اَذٰىهُمْ وَتَوَكَّلْ عَلَى اللّٰهِ ۚ وَكَفٰى بِاللّٰهِ وَكِيْلًا ○

“നബിയേ, തീർച്ചയായും നിന്നെ ലോകത്തിനുമേൽ സാക്ഷിയായും, സുവിശേഷവാഹകനായും, മുന്നറിയിപ്പുകാരനായും, അവന്റെ അനുമതിയോടെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനായും, പ്രകാശം പകരുന്ന വിളക്കായും നാം അയച്ചിരിക്കുന്നു. വിശ്വാസികൾക്ക് അല്ലാഹുവിങ്കൽനിന്ന് മഹത്തായ അനുഗ്രഹം അവർക്കുണ്ടാകുമെന്ന സന്തോഷവാർത്ത അറിയിക്കുക. സത്യനിഷേധികളെയും കപടവിശ്വാസികളെയും അനുസരിക്കരുത്. അവരുടെ ഉപദ്രവങ്ങളെ അവഗണിക്കുകയും അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുക. സംരക്ഷകനായി അല്ലാഹു മതിയായവനാകുന്നു.” (അൽ അഹ്സാബ് 33:46-49)

ഇത് തിരുനബിﷺക്ക് നൽകപ്പെട്ട സന്തോഷ വാർത്തയാണെന്നതു പോലെ തന്നെ, വിശ്വാസികൾക്കുള്ള സന്തോഷവാർത്ത കൂടിയാണ്. അവർ വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയും പൂർണ്ണമായി അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്താൽ, എല്ലാ പ്രയാസങ്ങളിലും അല്ലാഹു അവർക്കു മതിയായ സംരക്ഷകനായിരിക്കുമെന്നതാണ് ഈ വാഗ്ദാനം.

തുടർന്ന് വിശ്വാസികളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

اَللّٰهُ لَآ اِلٰهَ اِلَّا هُوَ ۭ وَعَلَي اللّٰهِ فَلْيَتَوَكَّلِ الْمُؤْمِنُوْنَ

“അല്ലാഹു,അവനല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ല. അതിനാൽ വിശ്വാസികൾ അല്ലാഹുവിൽ തന്നെ ഭരമേൽപ്പിക്കട്ടെ.” (അത്തഗാബുൻ 64:14)

അതിനാൽ, അല്ലാഹുവിനോടുള്ള ആരാധനയുടെ കടമ നിറവേറ്റുകയും അവനിൽ പൂർണ്ണമായി ഭരമേൽപ്പിക്കുകയും ചെയ്താൽ, അവന്റെ അടയാളങ്ങളും അനുഗ്രഹങ്ങളും നിങ്ങൾക്കും ദർശിക്കാൻ സാധിക്കും. ഇതിന്റെ ഏറ്റവും ഉത്തമമായ മാതൃക തിരുനബിﷺയുടെ വിശുദ്ധ വ്യക്തിത്വത്തിൽ നമുക്ക് കാണാൻ കഴിയുന്നു. തിരുനബിﷺമുഖേന അവിടുത്തെ സഹാബിമാരും ഇതിൽനിന്ന് പ്രയോജനം നേടുകയും നമുക്കായി ഉത്തമ മാതൃക സ്ഥാപിക്കുകയും ചെയ്തു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി അലൈഹിസ്സലാം പറയുന്നു: “ഖാത്തമുന്നബിയ്യീൻﷺയുടെ ജീവിതം പഠിക്കുമ്പോൾ, അവിടുന്ന് സത്യനിഷ്ഠയുടെയും സദാചാരത്തിന്റെയും ഏറ്റവും ഉയർന്ന നിലവാരം പുലർത്തിയിരുന്നുവെന്നത് വളരെ വ്യക്തമാണ്. അല്ലാഹുവിനുവേണ്ടി സ്വന്തം ജീവൻ പോലും സമർപ്പിക്കാൻ അവിടുന്ന് എപ്പോഴും സന്നദ്ധനായിരുന്നു. മനുഷ്യരോടുള്ള ഭയത്തിലും പ്രതീക്ഷയിലും നിന്ന് അവിടുന്ന് പൂർണ്ണമായും വിമുക്തനായിരുന്നു. അതായത്, മനുഷ്യരോടുള്ള ഭയത്തെയോ അവരിൽനിന്നുള്ള പ്രതീക്ഷയെയോ അവിടുന്ന് പൂർണ്ണമായി ഉപേക്ഷിച്ചിരുന്നു. അവിടുന്ന് തന്റെ രക്ഷിതാവിൽ മാത്രമാണ് ഭരമേല്പിച്ചിരുന്നത്. പ്രവാചകന്മാരുടെ ചരിത്രത്തിൽ, എത്രയും അപകടകരമായ സാഹചര്യങ്ങളിൽ വിഗ്രഹാരാധനയെയും സൃഷ്ടാരാധനയെയും പരസ്യമായി എതിർക്കുകയും അല്ലാഹുവിൽ ആശ്രയിച്ചുകൊണ്ട് അതിനെതിരെ ഇത്ര ദൃഢമായും അചഞ്ചലമായും നിലകൊള്ളുകയും ചെയ്ത മറ്റൊരു ഉദാഹരണം കാണാനില്ല.” (ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, റൂഹാനി ഖസാഇൻ, വാള്യം 1, പേജ് 111-112.)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി അലൈഹിസ്സലാം പ്രസ്താവിച്ചിട്ടുള്ളത്, മറ്റ് പ്രവാചകന്മാരുടെ പദവി വളരെ മഹത്തരമാണെങ്കിലും, തിരുനബിﷺയുടെ ജീവിതത്തിൽ പ്രകടമായതുപോലെ അല്ലാഹുവിൽ പൂർണ്ണമായി ഭരമേൽപ്പിച്ചതിന്റെ ഇതേ മാതൃകകൾ അവരുടെ ജീവിതങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നില്ല എന്നതാണ്.

തുടർന്ന് പറയുന്നു: “തബത്തുൽ അഥവാ എല്ലാവരെയും ഒഴിവാക്കി, അല്ലാഹുവിനോടുള്ള പൂർണ്ണ സമർപ്പണത്തിന്റെ കർമ മാതൃക നമ്മുടെ തിരുനബിﷺതന്നെയാണ്. ആരുടെയെങ്കിലും പ്രശംസയെയോ ആക്ഷേപത്തെയോ അവിടുന്ന് പരിഗണിച്ചിരുന്നില്ല. (ജനങ്ങൾ പ്രശംസിച്ചാലും വിമർശിച്ചാലും അതൊന്നും അവിടുത്തെ ബാധിച്ചിരുന്നില്ല.) എണ്ണമറ്റ കഷ്ടപ്പാടുകൾ അവിടുത്തെ മുമ്പിൽ വന്നു; എന്നാൽ അവിടുന്ന് അതൊന്നും ഒട്ടും ഗൗനിച്ചില്ല. യാതൊരു ലാഭലോഭത്തിനും ആഗ്രഹത്തിനും അല്ലാഹുവിന്റെ ദൗത്യം നിർവഹിക്കുന്നതിൽ നിന്ന് തിരുനബി ﷺയെ തടയാൻ കഴിഞ്ഞില്ല. ഒരു വ്യക്തിക്ക് ഈ അവസ്ഥ സ്വന്തം ഉള്ളിൽ കൈവരിക്കുകയും അതിന്റെ പരീക്ഷണത്തിൽ വിജയിക്കുകയും ചെയ്യുന്നതുവരെ, ഒരിക്കലും താൻ സുരക്ഷിതനായി എന്നോ ഇനി കൂടുതൽ പരിശ്രമിക്കേണ്ടതില്ലെന്നോ കരുതാനാവില്ല.”

ഈ പദവി കൈവരിക്കാൻ പരിശ്രമിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നമ്മെ ഉപദേശിക്കുന്നു. നാം ഒരിക്കലും അശ്രദ്ധരായി ഇരിക്കരുത്. മറിച്ച്, അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിന്റെ കാര്യത്തിൽ, അല്ലാഹുവിന്റെ സത്ത മാത്രമാണ് നമ്മുടെ ഏക ലക്ഷ്യം എന്ന ഉന്നതമായ ഒരു പദവിയിലേക്കെത്തണം

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തുടർന്ന് പറയുന്നു: “കൂടാതെ, ഒരാൾ പൂർണ്ണമായും അല്ലാഹുവിന് സമർപ്പിതനാകുമ്പോഴാണ് അവനിൽ അല്ലാഹുവിലുള്ള വിശ്വാസവും ആശ്രയവും വളർത്തിയെടുക്കാൻ കഴിയുന്നതെന്നും മനസ്സിലാക്കണം. അതായത്, അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന ഒരാളാകണമെങ്കിൽ, ആദ്യം അവനിൽ പൂർണ്ണമായി സമർപ്പിതനാകുക എന്നത് അനിവാര്യമായ ഒരു വ്യവസ്ഥയാണ്.”

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾക്ക് അല്ലാഹുവിൽ പൂർണ്ണമായി ഭരമേൽപ്പിക്കണമെങ്കിൽ, നിങ്ങളെത്തന്നെ അവന്റെ മുമ്പിൽ പൂർണ്ണമായി സമർപ്പിക്കുകയും കീഴ്പ്പെടുത്തുകയും വേണം.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തുടർന്ന് പറയുന്നു: “കാരണം, ഒരാൾ മറ്റുള്ളവരുമായി വിശ്വാസത്തിന്റെയും ആശ്രയത്തിന്റെയും ബന്ധം നിലനിർത്തിക്കൊണ്ടിരിക്കുമ്പോൾ, എങ്ങനെയാണ് അവന് അല്ലാഹുവിൽ മാത്രം പൂർണ്ണമായി ഭരമേൽപ്പിക്കാൻ കഴിയുക?”

“അവൻ പൂർണ്ണമായി അല്ലാഹുവിലേക്ക് തിരിയുമ്പോൾ, അല്ലാഹു അവനെ ലോകത്തിൽനിന്ന് പിന്തിരിപ്പിക്കുകയും തന്റെ അടുക്കലേക്ക് ചേർക്കുകയും ചെയ്യുന്നു. അല്ലാഹുവിലുള്ള പൂർണ്ണമായ വിശ്വാസവും ആശ്രയവും ഉണ്ടാകുമ്പോഴാണ് ഇത് സംഭവിക്കുന്നത്. നമ്മുടെ ശ്രേഷ്ഠനായ തിരുനബിﷺലോകത്തിൽനിന്ന് പൂർണ്ണമായി വിട്ടുനിന്നിരുന്നതുപോലെ തന്നെ, അല്ലാഹുവിൽ പൂർണ്ണമായി ഭരമേൽപ്പിച്ചിരുന്നവനുമായിരുന്നു. അതുകൊണ്ടാണ് വലിയ പദവിയുള്ള ആളുകളെയോ, ഗോത്രങ്ങളുടെയും ജനവിഭാഗങ്ങളുടെയും നേതാക്കളെയോ അവിടുന്ന് ഒട്ടും പരിഗണിക്കാതിരുന്നത്. അവരുടെ എതിർപ്പും അവിടുത്തെ മനസ്സിനെ ഒട്ടും ബാധിച്ചിരുന്നില്ല.”

“അല്ലാഹുവിന്റെ സത്തയെക്കുറിച്ച് അവിടുത്തേക്ക് അസാധാരണമായ ദൃഢവിശ്വാസമുണ്ടായിരുന്നു. അതുകൊണ്ടാണ് ഇത്രയും വലിയ ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തതും, മുഴുവൻ ലോകത്തെയും എതിർത്തു നിന്നതും, അവരെ യാതൊരു പ്രാധാന്യവുമില്ലാത്തവരായി കണക്കാക്കിയതും. അല്ലാഹുവിലുള്ള തവക്കുലിന്റെ ഇത്ര മഹത്തായ ഒരു മാതൃക ലോകത്ത് മറ്റെവിടെയും കാണാനാവില്ല.”

“ഈ അവസ്ഥയിൽ ഒരു വ്യക്തി അല്ലാഹുവിനെ തിരഞ്ഞെടുക്കുകയും ലോകത്തെ തന്റെ എതിരാളിയാക്കുകയും ചെയ്യുന്നു. എന്നാൽ, ഒരു തരത്തിൽ പറഞ്ഞാൽ, അവൻ അല്ലാഹുവിനെ കാണുന്നതുപോലെ അനുഭവിക്കുകയും മറ്റൊരു വാതിൽ തനിക്കാ

യി തുറക്കാനിരിക്കുകയാണെന്ന പ്രതീക്ഷ അവനിൽ ഉണ്ടാകുകയും ചെയ്യുന്നതുവരെ ഈ അവസ്ഥ കൈവരിക്കാനാവില്ല. ഈ പ്രതീക്ഷയും ദൃഢവിശ്വാസവും വളർന്നുവരുമ്പോൾ, അല്ലാഹുവിന്റെ പേരിൽ തന്റെ പ്രിയപ്പെട്ടവരെപ്പോലും എതിരാളികളാക്കാൻ അവൻ തയ്യാറാകുന്നു. കാരണം, അല്ലാഹു അവരെ പിന്നീട് തന്റെ സുഹൃത്തുക്കളാക്കുമെന്ന ഉറപ്പ് അവനുണ്ട്. തന്റെ സ്വത്തുക്കൾ നഷ്ടപ്പെടാനും അവൻ തയ്യാറാകുന്നു; കാരണം, അതിന് പകരമായി അതിലും മികച്ചത് അല്ലാഹു തനിക്ക് നൽകുമെന്ന ദൃഢവിശ്വാസം അവനുണ്ട്.''

''ചുരുക്കത്തിൽ, അല്ലാഹുവിന്റെ പ്രീതിക്ക് മാത്രം മുൻഗണന നൽകുന്നതാണ് തബത്തുൽ. തബത്തുലും തവക്കുലും വേർപിരിയാത്തവയാണ്. (അവ ഇരട്ടകളെപ്പോലെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.) തബത്തുലിന്റെ പൊരുൾ തവക്കുലാകുന്നു ; തവക്കുലിന്റെ നിബന്ധന തബത്തുലുമാണ്. ഈ വിഷയത്തിൽ നമ്മുടെ അധ്യാപനം ഇതാണ്.'' (മൽഫൂസാത്ത്, 2022, വാള്യം 2, പേജ് 302.)

നാം പൂർണ്ണമായി അല്ലാഹുവിലേക്ക് തിരിയുകയും ലോകത്തെ ആശ്രയിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ തവക്കുലിന്റെ അവസ്ഥ നമ്മുടെ ഉള്ളിൽ വളരുന്നത്. ഞാൻ പറഞ്ഞതുപോലെ, നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, ഇതിന്റെ ഏറ്റവും ഉന്നതമായ മാതൃക നമ്മുടെ യജമാനനും നേതാവുമായ മുഹമ്മദ് മുസ്തഫാ ﷺ ആണ്.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറയുന്നു: ''അല്ലാഹു ദുർബലനാണെന്ന് ഒരിക്കലും കരുതരുത്. അവൻ അത്യന്തം ശക്തമായ അസ്തിത്വമാണ്. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ അവനിൽ ഭരമേൽപ്പിച്ചാൽ, അവൻ തീർച്ചയായും നിങ്ങളെ സഹായിക്കുന്നതാണ്.''

وَمَنْ يَّتَوَكَّلْ عَلَى اللّٰهِ فَهُوَ حَسْبُهٗ

'ആരെങ്കിലും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നുവെങ്കിൽ, അവന് അല്ലാഹു തന്നെ മതിയായവനാകുന്നു.' (അത്തലാഖ് 65:4)

''എന്നാൽ, ഈ വചനങ്ങളിലെ പ്രഥമ സംബോധകർ ദീനിന്റെ ആളുകളാണ്. അവരുടെ എല്ലാ ചിന്തകളും മതപരമായ കാര്യങ്ങളുമായി മാത്രം ബന്ധപ്പെട്ടവയായിരുന്നു; അവരുടെ ഭൗതിക കാര്യങ്ങൾ അവർ അല്ലാഹുവിനെ ഏൽപ്പിച്ചിരുന്നു. അപ്പോൾ അല്ലാഹു അവരെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ നിങ്ങളോടൊപ്പമുണ്ട്.''

''ചുരുക്കത്തിൽ, അല്ലാഹു ഭയഭക്തിയുള്ള ആളുകളെ ദീനിനു തടസ്സമാകുന്ന ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷിക്കുന്നു എന്നത് തഖ്വയുടെ അനുഗ്രഹങ്ങളിൽ ഒന്നാണ്. അതുപോലെ, മുത്തഖികൾക്ക് അല്ലാഹു പ്രത്യേകമായി ഉപജീവനവും നൽകുന്നു. ഇവിടെ ഞാൻ ആത്മീയ ജ്ഞാനത്തിന്റെ ഉപജീവനത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്.''

ഇവിടെ അദ്ദേഹം ഭൗതികമായ ഉപജീവനത്തെക്കുറിച്ചല്ല പറയുന്നത്; ആത്മീയ ജ്ഞാനത്തിന്റെ ഉപജീവനത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. അദ്ദേഹം പറയുന്നു:

തിരുനബി(സ) ഉമ്മിയായിരുന്നിട്ടും (വായിക്കാനും എഴുതാനും അറിയാത്തവരായിരുന്നിട്ടും), വേദക്കാരും തത്വചിന്തകരും ഉയർന്ന ശാസ്ത്രീയബൗദ്ധിക നിലവാരമുള്ളവരും പണ്ഡിതന്മാരും ഉൾപ്പെടെയുള്ള മുഴുലോകവുമായി ഏറ്റുമുട്ടേണ്ടിവന്നു. എന്നാൽ അവിടുത്തേക്ക് ലഭിച്ച ആത്മീയ വിഭവം (റൂഹാനീ റിസ്ഖ്) എത്രയെന്നുവെച്ചാൽ, അവിടുന്ന് എല്ലാവരുടെയും മേൽ വിജയം വരിക്കുകയും അവരുടെയെല്ലാം തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. സമാനതകളില്ലാത്ത തരത്തിലുള്ള ഒരു ആത്മീയ വിഭവമായിരുന്നു അത്.(മൽഫൂസാത്ത്, 2022, വാള്യം 1, പേജ് 11.0)

ഹദ്റത്ത് ഉമർ ബിൻ ഖത്താബ് (റ) നിവേദനം ചെയ്യുന്നു: തിരുനബി ﷺ പറഞ്ഞു: ''നിങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കേണ്ടതുപോലെ പൂർണ്ണമായി ഭരമേൽപ്പിച്ചിരുന്നുവെങ്കിൽ, പക്ഷികൾക്ക് ഉപജീവനം നൽകുന്നതുപോലെ നിങ്ങൾക്കും തീർച്ചയായും ഉപജീവനം നൽകപ്പെടുമായിരുന്നു.''

ഇവിടെ തിരുനബി ﷺ ഭൗതികമായ ഉപജീവനത്തെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. അതായത്, 'നിങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിച്ചാൽ,അവൻ നിങ്ങൾക്ക് ഉപജീവനം നൽകും. പക്ഷികൾ രാവിലെ ഒഴിഞ്ഞ വയറോടെ കൂടുവിട്ട് പുറപ്പെടുകയും വൈകുന്നേരം നിറഞ്ഞ വയറോടെ മടങ്ങിയെത്തുകയും ചെയ്യുന്നു.' (സുനൻ അത്തിർമിദി, അബ്വാബുസ്സുഹ്ദ്, ഹദീസ് 2344.)

ഹദ്റത്ത് അബൂ ദർറ്(റ) നിന്ന് നിവേദനം ചെയ്യപ്പെടുന്നു: തിരുനബി ﷺ പറഞ്ഞു: ''ലോകപരിത്യാഗം എന്നാൽ ഹലാലായതിനെ ഹറാമാക്കുക എന്നതല്ല; സമ്പത്ത് പാഴാക്കുക എന്നതുമല്ല.''

അതായത്, സമ്പത്തിനോട് താൽപര്യമില്ലെന്ന പേരിൽ, ഹലാലായ കാര്യങ്ങളെപ്പോലും അംഗീകരിക്കാനാവാത്തവയാക്കി പ്രഖ്യാപിക്കുന്ന ചില സ്വയം പ്രഖ്യാപിത ആത്മീയ ഗുരുക്കന്മാരെയും സന്യാസിമാരെയും പോലെ ആകരുത്. മറിച്ച്, ലോകപരിത്യാഗം എന്നതിന്റെ അർത്ഥം, നിങ്ങളുടെ കൈവശമുള്ളതിനെക്കാൾ അല്ലാഹുവിന്റെ കൈവശമുള്ളതിലാണ് നിങ്ങൾക്ക് കൂടുതൽ വിശ്വാസവും ആശ്രയവും ഉണ്ടായിരിക്കേത് എന്നാണ്. ഇതാണ് ലോകപരിത്യാഗത്തിന്റെ അർത്ഥം. നിങ്ങളുടെ കൈവശമുള്ള സമ്പത്തിനെക്കാൾ അല്ലാഹുവിന്റെ പക്കലുള്ളതാണ് നിങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകുകയെന്ന ഉറച്ച വിശ്വാസം ഉണ്ടായിരിക്കണം.

''അതുപോലെ, കഷ്ടപ്പാടുകൾ സഹിക്കുന്നതിനുള്ള പ്രതിഫലത്തിന്റെ കാര്യത്തിലും നിങ്ങളുടെ അവസ്ഥ ഇങ്ങനെയായിരിക്കണം: നിങ്ങൾക്ക് ഒരു കഷ്ടത വന്നാൽ, അതിലൂടെ ലഭിക്കുന്ന പ്രതിഫലം കണക്കിലെടുത്ത്, ആ കഷ്ടത തനിക്കൊപ്പം തന്നെ തുടരുന്നതാണ് നിങ്ങൾക്ക് ഇഷ്ടമാകേണ്ടത്.'' (സുനൻ അത്തിർമിദി, അബ്വാബുസ്സുഹ്ദ്, ഹദീസ് 2344.)

ഇതാണ് അല്ലാഹുവിലുള്ള യഥാർത്ഥ തവക്കുൽ നിങ്ങളുടെ കൈവശമുള്ള വസ്തുക്കളെക്കാൾ കൂടുതൽ ഉറപ്പോടെ, അല്ലാഹു നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുമെന്ന് വിശ്വസിക്കുക.

നിങ്ങളുടെ കൈവശമുള്ള ചില വസ്തുക്കൾ നഷ്ടപ്പെട്ടേക്കാം. എന്നാൽ അല്ലാഹുവിന്റെ പക്കലുള്ളത് ഒരിക്കലും നഷ്ടപ്പെടുകയില്ല. അല്ലാഹുവിൽ ഭരമേൽക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന വ്യക്തിക്ക്, തന്റെ ആവശ്യങ്ങൾക്കനുസരിച്ച് ആവശ്യമായ ഉപജീവനം തുടർന്നും ലഭിച്ചുകൊണ്ടിരിക്കും.

ഹദ്റത്ത് അംർ ബിൻ അൽആസ് (റ) നിവേദനം ചെയ്യുന്നു: തിരുനബി ﷺ പറഞ്ഞു:

''ആദമിന്റെ സന്തതിയുടെ ഹൃദയത്തിൽനിന്ന് ഓരോ താഴ്വരയിലേക്കും ഒരു പാത വീതം നീളുന്നുണ്ട്. തന്റെ ഹൃദയത്തിലെ എല്ലാ പാതകളെയും പിന്തുടരുന്നവന്റെ കാര്യത്തിൽ അല്ലാഹുവിന് യാതൊരു പരിഗണനയുമില്ല. അവൻ ഒരു താഴ്വരയിൽ നശിച്ചാലും മറ്റൊരു താഴ്വരയിൽ നശിച്ചാലും അല്ലാഹുവിന് അതിൽ കാര്യമില്ല. എന്നാൽ ആരെങ്കിലും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നുവെങ്കിൽ, വിവിധ പാതകളിലൂടെ സഞ്ചരിക്കുമ്പോഴും അല്ലാഹു അവന് മതിയായവനായിരിക്കും.'' (സുനൻ ഇബ്നു മാജ, കിതാബുസ്സുഹ്ദ്, ഹദീസ് 4166.)

ഈ ഹദീസിന്റെ വിശദീകരണത്തിൽ പറയുന്നത്, ഒരു വ്യക്തി തന്റെ ഹൃദയത്തെ വിവിധ ആഗ്രഹങ്ങൾക്കും ഉത്കണ്ഠകൾക്കും ഭൗതിക ലോകത്തിലെ ആശങ്കകൾക്കും വിധേയമാക്കുകയും, അതുവഴി അവന്റെ ശ്രദ്ധ എല്ലാ ദിശകളിലേക്കുമായി ചിതറിപ്പോകുകയും ചെയ്താൽ, അവൻ അല്ലാഹുവിന്റെ പരിഗണനയില്ലാത്ത ഒരാളായി മാറുന്നു എന്നതാണ്.

അവൻ ഏതു താഴ്വരയിലേക്ക് പോയി നശിച്ചാലും, എവിടെ ജീവിച്ചാലും എവിടെ മരിച്ചാലും, അല്ലാഹുവിന് അവന്റെ കാര്യത്തിൽ യാതൊരു പരിഗണനയുമുണ്ടാകില്ല.

എന്നാൽ ഹദീസിലെ:

وَمَنْ يَّتَوَكَّلْ عَلَى اللّٰهِ

'ആരെങ്കിലും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നുവെങ്കിൽ...' എന്ന വാക്കുകളുടെ അർത്ഥം, അല്ലാഹുവിലേക്ക് തിരിയുന്ന ഒരാളുടെ വിവിധ ആവശ്യങ്ങളുടെയും ഉത്കണ്ഠകളുടെയും ആവശ്യകതകളുടെയും ഉത്തരവാദിത്വം അല്ലാഹു ഏറ്റെടുക്കുകയും അവ നിറവേറ്റുകയും ചെയ്യും എന്നതാണ്.

മറ്റൊരു നിവേദനവും ഇതേ അർത്ഥത്തെ പിന്തുണയ്ക്കുന്നു. തിരുനബി ﷺ പറഞ്ഞു: ഒരാൾ തന്റെ എല്ലാ ചിന്തകളെയും ഒരു ചിന്തയാക്കി മാറ്റുകയാണെങ്കിൽ, അതായത്, തന്റെ വിശ്വാസത്തെയും മതത്തെയും കുറിച്ചുള്ള ചിന്തയാക്കി മാറ്റുകയും, തന്റെ ഈമാൻ, അല്ലാഹുവുമായുള്ള ബന്ധം, ആത്മീയ അവസ്ഥ എന്നിവ പരിശോധിക്കുകയും ചെയ്താൽ, അല്ലാഹു അവന്റെ ഇഹലോകത്തെയും പരലോകത്തെയും സംബന്ധിച്ച മറ്റെല്ലാ കാര്യങ്ങൾക്കും മതിയായവനായിത്തീരും. (മിർഖാത്തുൽ മഫാതീഹ്, വാള്യം 9, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, 2001, പേജ് 498.)

ഇതാണ് ഈ ഹദീസിന്റെ അർത്ഥം.

അല്ലാഹുവിലുള്ള ആശ്രയം മനസ്സിൽ പരമപ്രധാനമായി നിലനിർത്തിക്കൊണ്ട്, തന്റെ ദൈനംദിന കാര്യങ്ങൾക്കുപോലും തിരുനബി ﷺ എത്ര ശ്രദ്ധാപൂർവം പ്രാർഥിക്കാറുണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്.

ഹദ്റത്ത് ഉമ്മു സലമ(റ)ദിയല്ലാഹു അൻഹാ നിവേദനം ചെയ്യുന്നു: തിരുനബി ﷺ വീട്ടിൽനിന്ന് പുറത്തേക്ക് പോകുമ്പോൾ ഇപ്രകാരം പ്രാർഥിക്കുമായിരുന്നു:

بِسْمِ اللّٰهِ تَوَكَّلْتُ عَلَى اللّٰهِ اَللّٰهُمَّ إِنَّا نَعُوذُبِكَ مِنْ أَنْ نَزِلَّ أَوْ نَضِلَّ أَوْ نَظْلِمَ أَوْ نُظْلَمَ أَوْ نَجْهَلَ أَوْ يُجْهَلَ عَلَيْنَا۔

''അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിച്ചിരിക്കുന്നു. അല്ലാഹുവേ, കാലിടറി വീഴുന്നതിൽനിന്നും വഴിതെറ്റുന്നതിൽനിന്നും, അനീതി ചെയ്യുന്നതിൽനിന്നും അനീതിക്ക് ഇരയാകുന്നതിൽനിന്നും, അറിവില്ലായ്മയോടെ പ്രവർത്തിക്കുന്നതിൽനിന്നും മറ്റുള്ളവർ ഞങ്ങളോട് അറിവില്ലായ്മയോടെ പെരുമാറുന്നതിൽനിന്നും ഞങ്ങൾ നിന്റെ സംരക്ഷണം തേടുന്നു.'' (സുനൻ അത്തിർമിദി, അബ്വാബുദ്ദഅ്വാത്ത്, ഹദീസ് 3427.)

അതുപോലെ മറ്റൊരു നിവേദനവും കാണാം. ഹദ്റത്ത് ബുറൈദ(റ) നിവേദനം ചെയ്യുന്നു: തിരുനബി ﷺ വീട്ടിൽനിന്ന് പുറത്തേക്ക് പോകുമ്പോൾ ഇപ്രകാരം പറയുമായിരുന്നു:

بِسْمِ اللّٰهِ، تَوَكَّلْتُ عَلَى اللّٰهِ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللّٰهِ۔ اَللّٰهُمَّ اِنِّیْ اَعُوْذُبِکَ اَنْ اَضِلَّ اَوْ اُضَلَّ اَوْ اَزِلَّ اَوْ اُزَلَّ اَوْ اَظْلِمَ اَوْ اُظْلَمَ اَوْ

• ഹദീഥുന്നബ്വി ﷺ •

"അക്രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

اَجْهَلَ اَوْ يُجْهَلَ عَلَيَّ اَوْ اَبْغِيَ اَوْ يُبْغٰى عَلَيَّ۔

''അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നു. അല്ലാഹുവിന്റെ ശക്തിയാലല്ലാതെ നന്മ ചെയ്യാനും തിന്മയിൽ നിന്ന് വിട്ടുനിൽക്കാനും എനിക്ക് യാതൊരു ശക്തിയുമില്ല. അല്ലാഹുവേ, വഴിതെറ്റുന്നതിൽനിന്നും വഴിതെറ്റിക്കപ്പെടുന്നതിൽനിന്നും, കാലിടറുന്നതിൽനിന്നും മറ്റൊരാളാൽ കാലിടറിക്കപ്പെടുന്നതിൽനിന്നും, മറ്റൊരാളോട് അനീതി ചെയ്യുന്നതിൽനിന്നും അനീതിക്ക് ഇരയാകുന്നതിൽനിന്നും, അറിവില്ലായ്മയോടെ പ്രവർത്തിക്കുന്നതിൽ നിന്നും മറ്റുള്ളവർ എന്നോട് അറിവില്ലായ്മയോടെ പെരുമാറുന്നതിൽ നിന്നും, അതിക്രമം ചെയ്യുന്നതിൽ നിന്നും എനിക്കെതിരെ അതിക്രമം ചെയ്യപ്പെടുന്നതിൽ നിന്നും ഞാൻ നിന്റെ സംരക്ഷണം തേടുന്നു.'' (കൻസുൽ ഉമ്മാൽ, വാള്യം 7, റിവായത്ത് 18416, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, പേജ് 54.)

അങ്ങനെ, ഒരാൾ തന്റെ ദൈനംദിന ജീവിതത്തിൽ നേരിടാൻ സാധ്യതയുള്ള എല്ലാ കാര്യങ്ങളും ഈ പ്രാർഥനയിൽ ഉൾക്കൊള്ളിക്കയും അതിനായി അല്ലാഹുവിന്റെ സംരക്ഷണവും സഹായവും തേടുകയും ചെയ്തിരിക്കുന്നു. ഇത് അല്ലാഹുവിലുള്ള പൂർണ്ണമായ തവക്കുലിന്റെ മനോഹരമായ ഒരു പ്രായോഗിക മാതൃകയാണ്.

അതുപോലെതന്നെ, വീട്ടിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട ഒരു പ്രാർഥനയും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് അബൂ മാലിക് അശ്അരി (റ) നിവേദനം ചെയ്യുന്നു: തിരുനബി ﷺ പറഞ്ഞു:

''ഒരാൾ തന്റെ വീട്ടിൽ പ്രവേശിക്കുമ്പോൾ ഇപ്രകാരം പറയണം:

اَللّٰهُمَّ إِنِّي أَسْأَلُكَ خَيْرَ الْمَوْلِجِ وَخَيْرَ الْمَخْرَجِ بِسْمِ اللّٰهِ وَلَجْنَا وَبِسْمِ اللّٰهِ خَرَجْنَا وَعَلَى اللّٰهِ رَبِّنَا تَوَكَّلْنَا

'അല്ലാഹുവേ, വീട്ടിൽ പ്രവേശിക്കുമ്പോഴും അതിൽനിന്ന് പുറത്തുപോകുമ്പോഴും നന്മയെയാണ് ഞാൻ നിന്നോട് ചോദിക്കുന്നത്. അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പ്രവേശിക്കുന്നു; അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പുറത്തുപോകുന്നു; ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ ഞങ്ങൾ ഭരമേൽപ്പിക്കുന്നു.' (സുനൻ അബൂ ദാവൂദ്, കിതാബുൽ ആദാബ്, ഹദീസ് 5096.)

ഈ പ്രാർഥന ചൊല്ലിയ ശേഷം വീട്ടിൽ പ്രവേശിക്കുകയും കുടുംബാംഗങ്ങൾക്ക് സലാം പറയുകയും വേണം.

തിരുനബി ﷺ അല്ലാഹുവിൽ എത്രത്തോളം ഭരമേൽപ്പിച്ചിരുന്നുവെന്നും അവനെ എത്രമാത്രം ഭയപ്പെട്ടിരുന്നുവെന്നും വ്യക്തമാക്കുന്ന മറ്റൊരു നിവേദനവുമുണ്ട്.

ഹദ്റത്ത് അബൂ ഹുറൈറ(റ) നിവേദനം ചെയ്യുന്നു: 'ഒരിക്കൽ തിരുനബി ﷺ ഹദ്റത്ത് ബിലാൽ(റ)ന്റെ അടുക്കൽ ചെന്നപ്പോൾ, അദ്ദേഹത്തിന്റെ കൈവശം ഈത്തപ്പഴങ്ങളുടെ ഒരു കൂമ്പാരം കണ്ടു. അവിടുന്ന് ചോദിച്ചു: 'ബിലാൽ, ഇതെന്താണ്?' ഹദ്റത്ത് ബിലാൽ(റ) പറഞ്ഞു:'അങ്ങേക്കായി ഞാൻ സൂക്ഷിച്ചുവെച്ചിരിക്കുന്ന കുറച്ച് ഈത്തപ്പഴങ്ങളാണിവ.'

അപ്പോൾ തിരുനബി ﷺ പറഞ്ഞു:'ബിലാൽ, നിനക്ക് നാശം! ന്യായവിധിയുടെ ദിവസം ഇതിന്റെ പുക നരകത്തിൽ ഉയരുമെന്ന് നീ ഭയപ്പെടുന്നില്ലേ?'

അതായത്, ഈത്തപ്പഴങ്ങൾ ഇങ്ങനെ ശേഖരിച്ചുവെക്കുന്നത് ശിക്ഷയ്ക്ക് കാരണമാകാൻ സാധ്യതയുണ്ടെന്നായിരുന്നു അവിടുന്ന് മുന്നറിയിപ്പ് നൽകിയത്.

തുടർന്ന് തിരുനബി ﷺ പറഞ്ഞു: 'ബിലാൽ, ചെലവഴിക്കുക; അർശിന്റെ നാഥനായ അല്ലാഹുവിൽനിന്ന് ദാരിദ്ര്യം വരുമെന്ന ഭയം വേണ്ട.' (അൽമുഅ്ജമുൽ ഔസത്, ഭാഗം 3, ഹദീസ് 2572, ദാറുൽ ഹറമൈൻ, കെയ്റോ, പേജ് 86.)

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ''അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നില്ലേ?.''

ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറയുന്നു: ''മനുഷ്യന്റെ വിശ്വാസത്തിൽ പുരോഗതി ഉണ്ടാകുന്നത് അല്ലാഹുവിന്റെ നിർദേശങ്ങൾ അനുസരിക്കുകയും അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുമ്പോഴാണ്. ഒരിക്കൽ പ്രവാചക ശ്രേഷ്ടൻ ﷺ ഹദ്റത്ത് ബിലാൽ(റ) ഈത്തപ്പഴങ്ങൾ ശേഖരിച്ചുവെക്കുന്നത് കണ്ടു. അവിടുന്ന് ബിലാൽ(റ)നോട് അദ്ദേഹം എന്തിനാണ് അവ ശേഖരിക്കുന്നതെന്ന് ചോദിച്ചു. നാളത്തേക്കുവേണ്ടിയാണ് അവ ശേഖരിക്കുന്നതെന്ന് ബിലാൽ(റ) പറഞ്ഞു. അപ്പോൾ അല്ലാഹുവിന്റെ ദൂതൻ ﷺ അദ്ദേഹത്തോട് ചോദിച്ചു:

'നീ തവക്കുലിന്റെ അല്ലാഹുവിൽ വിശ്വസിക്കുന്നില്ലേ?.ഇന്ന് നിനക്ക് ഇത് നൽകുന്ന അല്ലാഹു നാളെ നിനക്ക് നൽകുകയില്ലേ? അവനിൽ നിനക്ക് വിശ്വാസമില്ലേ?'

എന്നാൽ ഒരു വ്യക്തി പാഴായി ചെലവഴിക്കരുതെന്നും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം വ്യക്തമാക്കിയിട്ടുണ്ട്. ചില ആളുകൾ വളരെ ഉദാരമായി ചെലവഴിക്കുന്നവരാണ്. എന്നാൽ തിരുനബി ﷺ ഹദ്റത്ത് ബിലാൽ (റ)ന് മാത്രമാണ് ഈ ഉപദേശം നൽകിയത്; എല്ലാവരോടും അങ്ങനെ പറഞ്ഞില്ല. ഓരോ വ്യക്തിക്കും അവർക്കു താങ്ങാനാകുന്ന ശേഷിക്കനുസരിച്ചാണ് ഉപദേശവും നിർദേശവും നൽകുന്നത്. (മൽഫൂസാത്ത്, 2022, വാള്യം 9, പേജ് 210.)

തീർച്ചയായും, ഇത് തിരുനബി ﷺ ഹദ്റത്ത് ബിലാൽ(റ)ന് നൽകിയ ഒരു മുന്നറിയിപ്പായിരുന്നു. കാരണം, ഹദീസിൽ വ്യക്തമായി പറയുന്നത്, തിരുനബി ﷺക്കായി ഈത്തപ്പഴങ്ങൾ സൂക്ഷിച്ചു വെക്കുകയാണെന്ന് ഹദ്റത്ത് ബിലാൽ(റ) പറഞ്ഞപ്പോൾ, അവിടുന്ന് അദ്ദേഹത്തെ ഉപദേശിച്ചത് തന്റെ ഭരമേൽപ്പിക്കൽ അല്ലാഹുവിലായിരിക്കണമെന്നും, ഇവ തനിക്കുവേണ്ടി സൂക്ഷിച്ചുവെച്ചതാണെങ്കിൽ അതിന്റെ പുക നരകാഗ്നിയിൽ തനിക്ക് എത്തിപ്പെടാൻ കാരണമാകുമെന്നും ആയിരുന്നു.

എന്നിരുന്നാലും, വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളിൽ, ഒരാൾ അതിരുകടന്ന് ചെലവഴിച്ച് തന്റെ ആവശ്യങ്ങൾക്കായി ഒന്നും ശേഷിക്കാത്ത അവസ്ഥയിലാകരുതെന്നും നിർദേശമുണ്ട്. ആവശ്യമായ മുൻകരുതലുകളും ക്രമീകരണങ്ങളും സ്വീകരിച്ചശേഷം, ആ മാർഗങ്ങൾ സംരക്ഷിക്കാനും അവയിൽനിന്ന് പ്രയോജനം നേടാനും അല്ലാഹു സഹായിക്കുമെന്ന വിശ്വാസത്തോടെ അവനിൽ ഭരമേൽപ്പിക്കണം.

അല്ലാഹുവിൽ ഭരമേൽപ്പിക്കുക എന്നതിന്റെ അർത്ഥം മുൻകരുതലുകൾ ഉപേക്ഷിക്കുകയോ ലഭ്യമായ മാർഗങ്ങൾ ഉപയോഗിക്കാതിരിക്കുകയോ അല്ല. അങ്ങനെ ചെയ്യുന്നതും ഇസ്ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്.

ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് അനസ് ബിൻ മാലിക് റദിയല്ലാഹു അൻഹു നിവേദനം ചെയ്യുന്നു: ഒരാൾ തിരുനബി ﷺയോട് ചോദിച്ചു: ''അല്ലാഹുവിന്റെ ദൂതരേ, ഞാൻ എന്റെ ഒട്ടകത്തിന്റെ കാൽ കെട്ടിയിട്ട് അല്ലാഹുവിൽ ഭരമേൽപ്പിക്കണമോ, അതോ അതിനെ കെട്ടാതെ വിട്ടിട്ട് അല്ലാഹുവിൽ ഭരമേൽപ്പിക്കണമോ?''

തിരുനബി ﷺ മറുപടി നൽകി: ''അതിന്റെ കാൽ കെട്ടുക; എന്നിട്ട് അല്ലാഹുവിൽ ഭരമേൽപ്പിക്കുക.''(സുനൻ അത്തിർമിദി, അബ്വാബു സിഫതിൽ ഖിയാമ, ഹദീസ് 2517.)

അതിനാൽ, തവക്കുൽ എന്നത് പരിശ്രമവും മുൻകരുതലുകളും ഉപേക്ഷിക്കുന്നതല്ല. ലഭ്യമായ എല്ലാ ശരിയായ മാർഗങ്ങളും സ്വീകരിച്ചശേഷം ഫലത്തിനായി പൂർണ്ണമായി അല്ലാഹുവിൽ ആശ്രയിക്കുന്നതാണ്.

മറ്റു കാര്യങ്ങളിലും പ്രയോഗിക്കാവുന്ന ഒരു മാതൃകയാണിത്. ഒരു ബദവിയായ വ്യക്തി, മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് അംർ ബിൻ ഉമയ്യ(റ) തിരുനബി ﷺയുടെ പള്ളിയുടെ വാതിൽക്കൽ തന്റെ ഒട്ടകത്തെ കെട്ടാതെ വിട്ടിട്ട് നമസ്കരിക്കാൻ അകത്തേക്ക് പ്രവേശിച്ചപ്പോൾ തിരുനബി ﷺ ഈ നിർദേശം നൽകിയതായി നിവേദനം ചെയ്യപ്പെടുന്നു. (തഖ്രീജ് അഹാദീഥ് വ ആഥാർ കിതാബ് ഫീ ളിലാലിൽ ഖുർആൻ, ഹദീസ് 660, ദാറുൽ ഹിജ്റ, 1995, പേജ് 342.)

ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഇപ്രകാരം വിശദീകരിച്ചിട്ടുണ്ട്: ''ഒരു വ്യക്തി ഭയഭക്തി ഉപേക്ഷിക്കാതെ അല്ലാഹുവിൽ ഭരമേൽപ്പിക്കണം; അങ്ങനെ ചെയ്താൽ അവന് യാതൊരു തരത്തിലുള്ള നഷ്ടവും സംഭവിക്കുകയില്ല. അല്ലാഹുവിലുള്ള ആശ്രയം എന്നതിന്റെ അർത്ഥം, ഒരാൾ ആസൂത്രണവും മുൻകരുതലുകളും ഉപേക്ഷിക്കണം എന്നല്ല. മറിച്ച്, ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തിയശേഷം ഫലം അല്ലാഹുവിനെ ഏൽപ്പിക്കുക എന്നതാണ് അതിന്റെ അർത്ഥം. ഇതിനെയാണ് തവക്കുൽ (അല്ലാഹുവിലുള്ള വിശ്വാസവും ആശ്രയവും) എന്ന് വിളിക്കുന്നത്.''

''ഒരാൾ യാതൊരു ക്രമീകരണവും നടത്താതെ, 'ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നു' എന്നു മാത്രം അവകാശപ്പെടുകയാണെങ്കിൽ, അവന്റെ തവക്കുൽ പൊള്ളയും ശൂന്യവുമാണ്. അതുപോലെ, ഒരാൾ സ്വന്തം ആസൂത്രണത്തിൽ മാത്രം ആശ്രയിക്കുകയും, 'ഞാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്; ഇനി അതുമാത്രം മതിയാകും' എന്നു കരുതുകയും അല്ലാഹുവിൽ ആശ്രയിക്കേണ്ട ആവശ്യമില്ലെന്ന് വിചാരിക്കുകയും ചെയ്താൽ, ആ ആസൂത്രണവും പൊള്ളയായിത്തീരുകയും അവസാനം പരാജയപ്പെടുകയും ചെയ്യും.''

''ഒരു വ്യക്തി ഒട്ടകപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു. തിരുനബി ﷺയെ കണ്ടപ്പോൾ ബഹുമാനപൂർവം ഒട്ടകത്തിൽനിന്ന് ഇറങ്ങി. യാതൊരു മുൻകരുതലും സ്വീകരിക്കാതെ അല്ലാഹുവിൽ ഭരമേൽപ്പിക്കാമെന്ന് അവൻ കരുതി. അതിനാൽ അവൻ തന്റെ ഒട്ടകത്തിന്റെ കാൽ കെട്ടിയില്ല. തിരുനബി ﷺയെ കണ്ടു മടങ്ങിയപ്പോൾ തന്റെ ഒട്ടകം അവിടെനിന്ന് നഷ്ടപ്പെട്ടതായി അവൻ കണ്ടു.''

''അവൻ തിരികെ വന്ന് തിരുനബി ﷺയോട് പരാതിപ്പെട്ടുകൊണ്ട് പറഞ്ഞു: 'ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിച്ചിരുന്നല്ലോ, എന്നിട്ടും എന്റെ ഒട്ടകം നഷ്ടപ്പെട്ടു.' തിരുനബി ﷺ അവനോട് പറഞ്ഞു: 'നീ തെറ്റ് ചെയ്തു. ആദ്യം നിന്റെ ഒട്ടകത്തിന്റെ കാൽ കെട്ടിയശേഷം അല്ലാഹുവിൽ ഭരമേൽപ്പിക്കണമായിരുന്നു. അതായിരുന്നു ശരിയായ മാർഗം.'(മൽഫൂസാത്ത്, 2022, വാള്യം 6, പേജ് 58-59.)

ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ തിരുനബി ﷺക്ക് ചില ദീനാറുകൾ ലഭിച്ചു. അവയിൽ ആറു ദീനാറുകൾ ഒഴികെ ബാക്കിയുള്ളതെല്ലാം അവിടുന്ന് വിതരണം ചെയ്തു. ആ ആറു ദീനാറുകൾ അവിടുത്തെ അനുഗൃഹീതയായ ഭാര്യമാരിൽ ഒരാളുടെ പക്കൽ സൂക്ഷിച്ചിരുന്നു.

മറ്റൊരു നിവേദനത്തിൽ പറയുന്നത്, തിരുനബി ﷺയുടെ അവസാന രോഗകാലത്ത്, ഹദ്റത്ത് ആയിശ(റ) നെഞ്ചിൽ ചാരിക്കിടന്നിരുന്നപ്പോൾ അവിടുന്ന് ചോദിച്ചു: ''ആയിശാ, ആ സ്വർണ്ണ ദീനാറുകൾ എവിടെയാണ്?''

ഹദ്റത്ത് ആയിശ(റ) പറഞ്ഞു:''അവ എന്റെ പക്കൽ സുരക്ഷിതമായി ഉണ്ട്.''

തിരുനബി ﷺ പറഞ്ഞു: ''അവ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക.''

തുടർന്ന്, രോഗത്തിന്റെ തീവ്രത കാരണം തിരുനബി ﷺ ബോധരഹിതനായി. ആ ദീനാറുകൾ പിന്നീട് ഏതെങ്കിലും സമയത്ത് വിതരണം ചെയ്യാമെന്ന ഉദ്ദേശ്യത്തോടെയായിരുന്നു അവിടുന്ന് സൂക്ഷിച്ചിരുന്നത്. ബോധം വീണ്ടെടുത്തപ്പോൾ അവിടുന്ന് വീണ്ടും ചോദിച്ചു:

''ആയിശാ, നീ ആ സ്വർണ്ണ ദീനാറുകൾ ചെലവഴിച്ചോ?''

അവർ പറഞ്ഞു: ''അല്ലാഹുവാണെ, അല്ലാഹുവിന്റെ ദൂതരേ, ഞാൻ അവ ഇതുവരെ ചെലവഴിച്ചിട്ടില്ല.''

ഹദ്റത്ത് ആയിശ(റ) പറയുന്നു: തിരുനബി ﷺ ആ ദീനാറുകൾ തന്റെ അടുക്കൽ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അവ കൊണ്ടുവന്നപ്പോൾ അവിടുന്ന് അവ തന്റെ കൈപ്പത്തിയിൽ വെച്ച് എണ്ണി. അവ ആറ് ദീനാറുകളായിരുന്നു.

അപ്പോൾ തിരുനബി ﷺ പറഞ്ഞു: ''തന്റെ രക്ഷിതാവിനെ കണ്ടുമുട്ടി ഈ ലോകത്തുനിന്ന് യാത്രയാകുന്ന സമയത്തും ഈ ദീനാറുകൾ തന്റെ കൈവശം ഉണ്ടായിരുന്നെങ്കിൽ, മുഹമ്മദിന് തന്റെ രക്ഷിതാവിൽ എന്ത് തവക്കുലാണുണ്ടാകുക?''

തുടർന്ന് തിരുനബി ﷺ ആ മുഴുവൻ ദീനാറുകളും അല്ലാഹുവിന്റെ മാർഗത്തിൽ സദഖയായി നൽകി. അതേ ദിവസം തന്നെ അവിടുന്ന് വഫാത്താകുകയും ചെയ്തു. (അത്തബഖാത്തുൽ കുബ്റാ, വാള്യം 2, ദാറുൽ കുതുബിൽ ഇൽമിയ്യ, പേജ് 182-183.)

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

قُلْ لَّنْ يُّصِيْبَنَآ اِلَّا مَا كَتَبَ اللّٰهُ لَنَا ۚ هُوَ مَوْلٰىنَا ۚ وَعَلَى اللّٰهِ فَلْيَتَوَكَّلِ الْمُؤْمِنُوْنَ

''പറയുക: അല്ലാഹു ഞങ്ങൾക്കായി വിധിച്ചിട്ടുള്ളതല്ലാതെ മറ്റൊന്നും ഞങ്ങൾക്ക് സംഭവിക്കുകയില്ല. അവൻ ഞങ്ങളുടെ സംരക്ഷകനാണ്. അതിനാൽ വിശ്വാസികൾ അല്ലാഹുവിൽ തന്നെ ഭരമേൽപ്പിക്കട്ടെ.''(അത്തൗബ 9:51)

തിരുനബി ﷺയുടെ ജീവിതത്തിൽ അല്ലാഹുവിലുള്ള വിശ്വാസത്തിന്റെയും അവനിൽ പൂർണ്ണമായി ഭരമേൽപ്പിക്കുന്നതിന്റെയും അതിമനോഹരമായ ഒരു മാതൃക നമുക്ക് കാണാൻ കഴിയും. അല്ലാഹു അവനിൽ ഭരമേൽപ്പിക്കാൻ നമ്മോട് കല്പിച്ചിട്ടുണ്ട്. ഈ കൽപന തിരുനബി ﷺ സ്വന്തം ജീവിതത്തിൽ എങ്ങനെയാണ് പ്രാവർത്തികമാക്കിയതെന്ന് നമുക്ക് അവിടുത്തെ ജീവിതത്തിൽനിന്ന് മനസ്സിലാക്കാം.

മുസൈലിമത്തുൽ കദ്ദാബ് തന്റെ ഒരു വലിയ സൈന്യവുമായി വന്ന് തിരുനബി ﷺയെ പിന്തുടരാമെന്ന് പറഞ്ഞ് അതിന് ഒരു നിബന്ധന മുന്നോട്ടുവച്ചപ്പോൾ, തിരുനബി ﷺ ആ നിബന്ധന വ്യക്തമായി നിരസിക്കുകയും അത് അംഗീകരിക്കാൻ യാതൊരു വിധത്തിലും തയ്യാറാകാതിരിക്കുകയും ചെയ്തു.

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: ''നബി(സ) കാലത്ത് മുസൈലിമ കദ്ദാബ് വന്നു പറഞ്ഞു: 'മുഹമ്മദ്(സ) തന്റെ ശേഷം എന്നെ തന്റെ പിൻഗാമിയായി നിയമിക്കുകയാണെങ്കിൽ, ഞാൻ അദ്ദേഹത്തെ പിന്തുടരാം.'''

അയാൾ തന്റെ സൈന്യത്തോടും ധാരാളം ആളുകളോടും കൂടിയാണ് മദീനയിൽ വന്നത്. ചില നിവേദനങ്ങളിൽ അയാളോടൊപ്പം ഒരു ലക്ഷം ആളുകൾ ഉണ്ടായിരുന്നുവെന്നും, അതായത് അയാളുടെ ആകെ അനുയായികളുടെ എണ്ണം അത്രയുണ്ടായിരുന്നുവെന്നും പറയുന്നുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അയാളോടൊപ്പം മദീനയിൽ വന്നവരുടെ എണ്ണം അതിനേക്കാൾ വളരെ കുറവായിരിക്കണം.

നബി(സ) അയാളുടെ അടുത്തേക്ക് പോയി. ഹദ്റത്ത് സാബിത് ബിൻ ഖൈസ് ബിൻ ശമ്മാസ്(റ) അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. അല്ലാഹുവിന്റെ ദൂതന്റെ(സ) കയ്യിൽ ഒരു ഈന്തപ്പനത്തണ്ട് ഉണ്ടായിരുന്നു. അദ്ദേഹം മുസൈലിമയുടെ മുമ്പിൽ ചെന്നുനിന്നു. മുസൈലിമ തന്റെ അനുയായികളോടൊപ്പം ഇരിക്കുകയായിരുന്നു.

തിരുനബി ﷺ പറഞ്ഞു: ''നീ എന്നോട് ഈ മരത്തണ്ടിന്റെ ഒരു കഷണം ആവശ്യപ്പെട്ടാൽ പോലും, ഞാൻ അത് നിനക്ക് നൽകുകയില്ല. അല്ലാഹു നിനക്കായി നിശ്ചയിച്ച പരിധിക്കപ്പുറം നീ ഒരിക്കലും കടക്കുകയില്ല. നീ പിന്തിരിഞ്ഞ് മടങ്ങിപ്പോകുകയാണെങ്കിൽ, അല്ലാഹു നിന്റെ വേരറുത്തുകളയും. സ്വപ്നത്തിൽ എനിക്ക് കാണിക്കപ്പെട്ട ആ വ്യക്തി നീ തന്നെയാണെന്ന് ഞാൻ മനസ്സിലാക്കുന്നു.''

ഇതിന് മുമ്പ് മുസൈലിമ തിരുനബി ﷺയോട്, ''എന്നെ അങ്ങയുടെ പിൻഗാമിയായി നിയമിക്കുക'' എന്ന് ആവശ്യപ്പെട്ടിരുന്നു. എന്തായാലും, ആ ഈന്തപ്പനത്തണ്ടിന് തുല്യമായ ഒന്നുപോലും അവന് ലഭിക്കുകയില്ലെന്ന് തിരുനബി ﷺ വ്യക്തമാക്കി.

തുടർന്ന് തിരുനബി ﷺ പറഞ്ഞു: ''ഞാൻ സ്വപ്നത്തിൽ കണ്ടിരുന്നതെല്ലാം ഇപ്പോൾ നേരിൽ കാണുന്നു. ഇതാ സാബിത്.' (തിരുനബി ﷺ ഈ പറഞ്ഞതിന്റെ ഉദ്ദേശ്യം, ഹദ്റത്ത് സാബിത് (റ) തന്റെ പ്രതിനിധിയായിരിക്കുമെന്നും തന്റെ ഭാഗത്തുനിന്ന് മുസൈലിമയ്ക്ക് മറുപടി നൽകുമെന്നും ആയിരുന്നു.)

ഇത്രയും പറഞ്ഞ ശേഷം തിരുനബി ﷺ അവിടെനിന്ന് മടങ്ങിപ്പോയി.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞ ''സ്വപ്നത്തിൽ എനിക്ക് കാണിച്ചുതരപ്പെട്ട ആ വ്യക്തി നീ തന്നെയാണ്'' എന്ന വാക്കിന്റെ അർഥത്തെക്കുറിച്ച് ഞാൻ അന്വേഷിച്ചു.

അപ്പോൾ ഹദ്റത്ത് അബൂ ഹുറൈറ (റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ ﷺ ഇപ്രകാരം അരുളിച്ചെയ്തിട്ടുണ്ട്:

''ഒരിക്കൽ ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ, എന്റെ കൈകളിൽ രണ്ട് സ്വർണവളകൾ ഉള്ളതായി ഞാൻ സ്വപ്നത്തിൽ കണ്ടു. അവയുടെ കാഴ്ച എന്നെ ആശങ്കപ്പെടുത്തി. പിന്നീട് സ്വപ്നത്തിൽ അവയുടെ മേൽ ഊതുവാൻ എന്നോട് കൽപ്പിക്കപ്പെട്ടു. അങ്ങനെ ഞാൻ അവയുടെ മേൽ ഊതി. അപ്പോൾ അവ രണ്ടും പറന്നുപോയി. എന്റെ ശേഷം പ്രത്യക്ഷപ്പെടാനിരിക്കുന്ന രണ്ട് കള്ളപ്രവാചകന്മാരാണ് അതെന്ന് ഞാൻ അവയെ വ്യാഖ്യാനിച്ചു.. അതിൽ ഒന്ന് അൻസിയും മറ്റൊരാൾ മുസൈലിമയുമായിരുന്നു.'' (സഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ഹദീസ് 4373-4374, വാള്യം 9, നസാറത്ത് ഇശാഅത്ത്, പേജ് 257-258; അൽഹിദായ വൽനിഹായ, ഭാഗം 9, പേജ് 333, 1998)

അസ്വദ് അൻസിയും മുസൈലിമയും രാജ്യദ്രോഹ നിലപാട് സ്വീകരിക്കുകയും അവിടം വിട്ടു പോകുകയും ചെയ്തു. പിന്നീട് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്ത് കാലത്ത് തിരിച്ചു വരുകയും യുദ്ധം ചെയ്യുകയുമുണ്ടായിട്ടുണ്ട്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഈ വിഷയത്തെക്കുറിച്ച് വിശദീകരിരിച്ചുകൊണ്ട് എഴുതുന്നു: ''തിരുനബി ﷺ യാതൊരു കാര്യത്തിലും ലോകത്തോടോ ലോകത്തിലുള്ള ആളുകളോടോ യാതൊരു വിധത്തിലുള്ള താൽപര്യവും പുലർത്തിയിരുന്നില്ല. ഭൗതികമായ മാർഗങ്ങളിലേക്ക് അവിടുന്ന് ഒരിക്കലും കണ്ണുയർത്തിപ്പോലും നോക്കിയിരുന്നില്ല. മറിച്ച്, എല്ലാ കാര്യങ്ങളിലും അവിടുത്തെ ദൃഷ്ടി സർവശക്തനായ അല്ലാഹുവിൽ മാത്രമായിരുന്നു. ആഗ്രഹിക്കുന്ന ഫലം അവൻ തന്നെയാണ് ഉണ്ടാക്കിത്തരിക എന്ന പൂർണ്ണ വിശ്വാസമായിരുന്നു അവിടുത്തേക്ക്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, അല്ലാഹുവിലുള്ള തവക്കുലിന്റെ പൂർണ്ണ മാതൃകയായിരുന്നു അവിടുന്ന്. മുൻകാല പ്രവാചകന്മാരുടെ ഇടയിൽ അതിന് സമാനമായ ഒരു മാതൃകയും കാണാനില്ല; അതുപോലെതന്നെ, അവിടുത്തേക്ക് ശേഷം അത്തരത്തിൽ പൂർണ്ണമായ തവക്കുൽ ചെയ്യുന്ന ഒരാളും ജനിച്ചിട്ടുമില്ല.''

''ചരിത്രം നമ്മോട് പറയുന്നത്, തിരുനബി ﷺ യുടെ കാലത്ത് മുസൈലിമ ഒരു വലിയ സൈന്യവുമായി മദീനയിൽ വരികയും, തനിക്ക് അവിടുത്തെ പിൻഗാമിയായി നിയമനം ലഭിച്ചാൽ താനും തന്റെ മുഴുവൻ ജനതയും തിരുനബി സല്ലല്ലാഹു അലൈഹി വസല്ലമിനെ അനുഗമിക്കാമെന്ന് പറയുകയും ചെയ്തുവെന്നാണ്. അക്കാലത്ത് ഇസ്ലാം ശക്തിയാർജിച്ചിരുന്നില്ല. അതിനാൽ, ഭൗതികമായ കാഴ്ചപ്പാടിൽ നോക്കുമ്പോൾ, ഈ അവസരം പ്രയോജനപ്പെടുത്തുകയും അയാളുടെ പിന്തുണ സ്വീകരിക്കുകയും ചെയ്യുന്നത് അഭികാമ്യമായി തോന്നാമായിരുന്നു. എന്നാൽ സർവശക്തനായ അല്ലാഹുവിന്റെ ശക്തിയിൽ പൂർണ്ണമായ വിശ്വാസവും തവക്കലുമുണ്ടായിരുന്ന ആ പരിശുദ്ധ വ്യക്തിത്വത്തിന് മനുഷ്യരുടെ പദ്ധതികളിലേക്ക് അല്പം പോലും ശ്രദ്ധ നൽകാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് തന്നെ അവിടുന്ന് അയാളുടെ അഭ്യർഥന ഉടൻ നിരസിച്ചു. അവിടുന്ന് പറഞ്ഞു: 'ഇത് സാധ്യമല്ല.'

''ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) വിവരിക്കുന്നു-തിരുനബി ﷺ യുടെ കാലത്താണ് (ഞാൻ നേരത്തെ ഉദ്ധരിച്ച അതേ ഹദീസാണിത്) മുസൈലിമ കദ്ദാബ് വന്ന് പറഞ്ഞത്: 'മുഹമ്മദ് ﷺ, തനിക്ക് ശേഷം എന്നെ ഭരണാധികാരിയായി നിയമിച്ചാൽ ഞാൻ അദ്ദേഹത്തിന്റെ അനുയായിയാകും.' ആ സമയത്ത് അയാൾ തന്റെ ജനതയിൽപ്പെട്ട അനേകം ആളുകളെയും കൂടെ കൊണ്ടുവന്നിരുന്നു.

''ഇത് കേട്ടപ്പോൾ തിരുനബി ﷺ അയാളുടെ അടുത്തേക്ക് പോയി. ഹദ്റത്ത് സാബിത് ബിൻ ഖൈസ് ബിൻ ശമ്മാസ്(റ)വും അവിടുത്തോടൊപ്പം ഉണ്ടായിരുന്നു. തിരുനബി ﷺ യുടെ കയ്യിൽ ഈന്തപ്പനയുടെ ഒരു ചെറിയ തണ്ട് ഉണ്ടായിരുന്നു. അവിടുന്ന് മുസൈലിമയുടെ മുന്നിലെത്തി. മുസൈലിമ തന്റെ അനുചരന്മാരുടെ ഇടയിൽ ഇരിക്കുകയായിരുന്നു.

''തിരുനബി ﷺ പറഞ്ഞു: 'നീ ഈ കമ്പിന്റെ ഭാഗം എന്നോട് ചോദിച്ചാൽ പോലും ഞാൻ അത് നിനക്ക് നൽകുകയില്ല. അല്ലാഹു നിനക്കായി നിശ്ചയിച്ചിട്ടുള്ള പരിധി നീ ഒരിക്കലും മറികടക്കുകയില്ല. നീ പിന്തിരിഞ്ഞ് പോകുകയാണെങ്കിൽ അല്ലാഹു നിന്റെ വേരറുത്തുകളയും. എനിക്ക് ദർശനത്തിൽ കാണിക്കപ്പെട്ട വ്യക്തിയെ ഞാൻ നിന്നിൽ കാണുന്നു. ഇതാ സാബിത്; എന്റെ ഭാഗത്തുനിന്ന് നിനക്ക് മറുപടി നൽകുന്നത് അവനായിരിക്കും.

''അതിനുശേഷം നബി(സ) അവിടെനിന്ന് മടങ്ങിപ്പോയി.''

''ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) പറയുന്നു: ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ തിരുനബി ﷺ 'എനിക്ക് ദർശനത്തിൽ കാണിക്കപ്പെട്ട വ്യക്തി നീ തന്നെയാണ്' എന്ന് പറഞ്ഞതിന്റെ ഉദ്ദേശം എന്താണെന്ന് ഞാൻ ചോദിച്ചു. അപ്പോൾ ഹദ്റത്ത് അബൂ ഹുറൈറ (റ) എന്നോട് പറഞ്ഞു:

തിരുനബി ﷺ ഇങ്ങനെ പറഞ്ഞിരുന്നു: 'ഒരിക്കൽ ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ, എന്റെ കൈകളിൽ രണ്ട് സ്വർണവളകൾ ഉള്ളതായി ഞാൻ സ്വപ്നത്തിൽ കണ്ടു. അവയുടെ സാന്നിധ്യം എനിക്ക് ഇഷ്ടപ്പെട്ടില്ല. അപ്പോൾ, എന്റെ സ്വപ്നത്തിൽ അവയുടെമേൽ ഊതണമെന്ന് എനിക്ക് ദിവ്യബോധനം ലഭിച്ചു. ഞാൻ അവയുടെമേൽ ഊതിയപ്പോൾ രണ്ടും പറന്നുപോയി. അതിനാൽ, എനിക്ക് ശേഷം രണ്ട് കള്ളപ്രവാചകന്മാർ പ്രത്യക്ഷപ്പെടുമെന്നായിരുന്നു അതിന്റെ വ്യാഖ്യാനം എന്ന് ഞാൻ മനസ്സിലാക്കി. അവരിൽ ഒരാൾ അൻസിയും മറ്റൊരാൾ മുസൈലിമയുമായിരുന്നു.'

''ഈ സംഭവം സർവശക്തനായ അല്ലാഹുവിലുള്ള തിരുനബി ﷺ യുടെ ഉറപ്പിന്റെ ആഴവും, അല്ലാഹുവിന്റെ സഹായത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പൂർണ്ണമായ ആത്മവിശ്വാസവും എത്രത്തോളം ആയിരുന്നുവെന്ന് വ്യക്തമാക്കുന്നു.

''അവിടുത്തെ ചുറ്റും അവിശ്വാസികളായിരുന്നു. അവർ നിരന്തരം അവിടുത്തെ വേദനിപ്പിക്കാനും വിഷമിപ്പിക്കാനും ശ്രമിക്കുകയും, കഷ്ടപ്പെടുത്തുന്നതിനായി സാധ്യമായ എല്ലാ മാർഗങ്ങളും സ്വീകരിക്കുകയും ചെയ്തിരുന്നു. റോമൻ ചക്രവർത്തിയായ കൈസറും പേർഷ്യൻ രാജാവായ കിസ്റയും തങ്ങളുടെ ഗവർണർമാർക്ക് തിരുനബി ﷺ യെ എതിർക്കാൻ ഒന്നിനു പിന്നാലെ ഒന്നായി ഉത്തരവുകൾ അയച്ചുകൊണ്ടിരുന്നു. ബനൂ ഗസ്സാൻ യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയായിരുന്നു. അതേസമയം, പേർഷ്യക്കാർ ഈ ഉയർന്നുവരുന്ന ശക്തിയെ അസൂയയോടും അത്ഭുതത്തോടും കൂടി നിരീക്ഷിച്ചുകൊണ്ടിരുന്നു. എല്ലാ ഭരണകൂടങ്ങളും ഈ പുതിയ പ്രസ്ഥാനത്തെ സംശയത്തോടും ആശങ്കയോടും കൂടിയാണ് വീക്ഷിച്ചിരുന്നത്.''

''അത്തരമൊരു സാഹചര്യത്തിൽ, തിരുനബിയുടെ ﷺ ചുറ്റും ശക്തമായ ഒരു സൈന്യം ഒത്തുകൂടുന്നതുവരെ, ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്ന് അവിടുന്ന് സുരക്ഷിതനായിരിക്കുക എന്നത് പുറമേനിന്ന് നോക്കുമ്പോൾ വളരെ പ്രയാസകരം, അതുപോലും ഏകദേശം അസാധ്യമായ കാര്യമെന്നുതന്നെ തോന്നിയിരുന്നു. മദീന മുതൽ മക്ക വരെയുള്ള വിജയങ്ങൾ അവിടുത്തെ ചുറ്റുമുള്ള പ്രദേശങ്ങളിലെ എല്ലാ ഭരണകൂടങ്ങളുമായും നേരിട്ട് ഏറ്റുമുട്ടുന്ന സ്ഥിതിയിലേക്ക് കൊണ്ടുവന്നിരുന്നു. ഈ വളർന്നുവരുന്ന ശക്തിയെ എങ്ങനെ നശിപ്പിക്കാമെന്ന ചിന്തയിൽ, ദീർഘദർശികളായ ആളുകൾ തുടക്കം മുതൽ തന്നെ ആശങ്കാകുലരായിരുന്നു. കാരണം, ഈ ശക്തി ഇനിയും വളർന്നാൽ, തങ്ങളുടെ മഹത്തായതും ഭംഗിയാർന്നതുമായ കൊട്ടാരങ്ങളെ അത് തകർന്നടിഞ്ഞ അവശിഷ്ടങ്ങളാക്കി മാറ്റുമെന്ന കാര്യത്തിൽ അവർക്ക് ഉറപ്പുണ്ടായിരുന്നു.

''അതിനുപുറമേ, അത്തരം അസാധാരണമായ വെല്ലുവിളികളെ നേരിടുന്നതിനായി തിരുനബി ﷺ എത്രയൊക്കെ ഒരുക്കങ്ങൾ നടത്തിയാലും, അവ മതിയാകുമായിരുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ മനുഷ്യബുദ്ധി സാധാരണയായി സ്വീകരിക്കുന്ന രീതി ചരിത്രപഠനം നടത്തുന്നവർക്ക് എളുപ്പം മനസ്സിലാക്കാനാകും. സുഹൃത്തുക്കളെയും ശത്രുക്കളെയും ഒരുമിച്ചുകൂട്ടാനും, വിവിധ മാർഗങ്ങളിലൂടെ അപരിചിതരായ ആളുകളെപ്പോലും സ്വന്തം പക്ഷത്തേക്ക് ആകർഷിക്കാനും മനുഷ്യൻ ശ്രമിക്കും.

''എന്നാൽ എന്റെ പ്രിയപ്പെട്ടവൻ ഭൂമിയുടേതായിരുന്നില്ല; അവൻ

ആകാശത്തിന്റേതായിരുന്നു. മുന്നേറി വരുന്ന സൈന്യങ്ങൾക്കും, പാഞ്ഞടുക്കുന്ന കുതിരകൾക്കും, ഉയർത്തിപ്പിടിച്ച കുന്തങ്ങൾക്കും,മിന്നിത്തിളങ്ങുന്ന വാളുകൾക്കും അവിടുത്തെ കണ്ണുകളിൽ പ്രാധാന്യമൊന്നുമുണ്ടായിരുന്നില്ല. ആകാശത്തിൽ നിന്ന് മലക്കുകൾ ഇറങ്ങിവരുന്നത് അവിടുന്ന് കാണുകയായിരുന്നു. ആകാശഭൂമികളുടെ സ്രഷ്ടാവ് നിരന്തരം ആശ്വാസത്തിന്റെ വാക്കുകൾ അവിടുത്തെ കാതുകളിൽ ചൊരിഞ്ഞുകൊണ്ടിരുന്നു. അവിടുത്തെ ഹൃദയം ഉറപ്പുകൊണ്ട് നിറഞ്ഞിരുന്നു; അവിടുത്തെ നെഞ്ചകം വിശ്വാസത്താൽ നിറഞ്ഞിരുന്നു.

''ചുരുക്കത്തിൽ പറഞ്ഞാൽ, ഭൗതിക മാർഗങ്ങളിൽ ആശ്രയിക്കുന്നതിനുപകരം, അവിടുത്തെ ആശ്രയം അല്ലാഹുവിലായിരുന്നു. പിന്നെ, എങ്ങനെയാണ് ഈ പ്രയാസങ്ങൾക്ക് അവിടുത്തെ കീഴടക്കാൻ കഴിയുക?

''മുസൈലിമയിലും അവന്റെ സൈന്യത്തിലും ആശ്രയം വെക്കുന്നത് ഒരു നിമിഷത്തേക്കുപോലും ഉചിതമാണെന്ന് തിരുനബി ﷺ കരുതിയില്ല. അവിടുന്ന് വ്യക്തമായി പറഞ്ഞു: 'നിന്നെ വഞ്ചനാപൂർവം ആകർഷിക്കുന്നതിനായി ഖിലാഫത്ത് വാഗ്ദാനം ചെയ്യുകയും അതുവഴി നിന്റെ ജനങ്ങളുടെ പിന്തുണ നേടുകയും ചെയ്യുന്നത് ഒരു കാര്യം. എന്നാൽ, ഒരു ഈന്തപ്പനയുടെ കൊമ്പിന്റെ ഒരു ചെറിയ ഭാഗത്തിന് പകരമായി നിന്റെ പിന്തുണ നേടേണ്ടി വരികയാണെങ്കിലും, അതിലേക്കുപോലും ഞാൻ എന്റെ കണ്ണുയർത്തിനോക്കുകയില്ല.'

''ഈ മഹത്തായ ഹൃദയത്തിന്റെ അവസ്ഥ ഒന്ന് ചിന്തിച്ചുനോക്കൂ. അല്ലാഹുവിൽ പൂർണ്ണമായി ഭരമേൽപ്പിച്ച ഈ മഹാനായ വ്യക്തിയുടെ മഹത്വം നോക്കൂ. മുസൈലിമയോട് മറുപടി നൽകുമ്പോൾ അവിടുത്തെ ഹൃദയത്തിൽ ഉണ്ടായിരുന്ന ഉറപ്പിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് നിങ്ങളുടെ സ്വന്തം ഹൃദയങ്ങളിൽ അനുഭവിക്കാൻ ശ്രമിക്കൂ. ആ മറുപടിയുടെ അടിസ്ഥാനം അല്ലാഹുവിലുള്ള എത്രമാത്രം വിശ്വാസവും ഭരമേൽപ്പിക്കലുമായിരുന്നു എന്ന് ചിന്തിച്ചുനോക്കൂ.

''അത്തരമൊരു സമയത്ത് ഏതെങ്കിലും രാജാവിന് ഇത്രയും ധൈര്യവും നിർഭയത്വവും പ്രകടിപ്പിക്കാൻ കഴിയുമായിരുന്നോ? ഇത്തരം സാഹചര്യങ്ങളിൽ നിന്ന് ഇത്രയും സുരക്ഷിതമായി പുറത്തുവന്ന ഒരു സാധാരണ മനുഷ്യന്റെ ഉദാഹരണം ചരിത്രത്തിൽ നമുക്ക് കാണിക്കാനാകുമോ? ഇല്ലെങ്കിൽ, എന്തുകൊണ്ട്?

''കാരണം വളരെ ലളിതമാണ്. തിരുനബി ﷺന്റെ ജീവിതത്തെ സാധാരണ മനുഷ്യരുടെ ജീവിതവുമായി താരതമ്യം ചെയ്യുന്നത് പോലും ശരിയല്ല. അവിടുന്ന് ഒരു പ്രവാചകനായിരുന്നു. അവിടുത്തെ ആരുമായെങ്കിലും താരതമ്യം ചെയ്യണമെങ്കിൽ, അത് പ്രവാചകന്മാരുമായി മാത്രമേ കഴിയൂ. എന്നാൽ പ്രവാചകന്മാരുടെ ഇടയിലും അവിടുന്ന് കൈവരിച്ച അത്യുന്നത സ്ഥാനത്തിന് സമാനമായ ഒരു മാതൃക കണ്ടെത്താനാവില്ല. കാരണം, എല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത അവിടുത്തേക്ക് നൽകപ്പെട്ടിരുന്നു.

''ഇവിടെ മറ്റൊരു കാര്യം കൂടി ഓർക്കേണ്ടതാണ്. തിരുനബി ﷺ മുസൈലിമയ്ക്ക് മറുപടി നൽകിയപ്പോൾ, ഭരണാധികാരത്തിന്റെ അവകാശം സ്വന്തം സന്താനങ്ങൾക്ക് നിലനിർത്തണമെന്ന ആഗ്രഹം അവിടുത്തെ പ്രേരിപ്പിച്ചിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ, അവിടുത്തെ നിരസിക്കൽ അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിന്റെ ഫലമായി കണക്കാക്കപ്പെടുമായിരുന്നില്ല; മറിച്ച്, സ്വന്തം മക്കളോടുള്ള സ്നേഹത്തിന്റെ ഫലമായിട്ടായിരിക്കും കണക്കാക്കപ്പെട്ടിരിക്കുക.

''എന്നാൽ തിരുനബി ﷺ തന്റെ ശേഷം സ്വന്തം മക്കളിൽ ആരെയും പിൻഗാമിയായി നിയമിച്ചില്ല. മറിച്ച്, ഹദ്റത്ത് അബൂബക്കർ(റ) ഖലീഫയായിരിക്കുമെന്ന് അവിടുന്ന് സൂചിപ്പിച്ചു. ഇതിലൂടെ വ്യക്തമായിത്തീരുന്നത്, മുസൈലിമയുടെ നിർദേശം നിരസിച്ചത് യാതൊരു ഭൗതിക ലക്ഷ്യത്താലും പ്രേരിതമായിട്ടായിരുന്നില്ല; മറിച്ച്, അതിരുകളില്ലാത്ത ഉറപ്പിന്റെയും അല്ലാഹുവിലുള്ള പൂർണ്ണ വിശ്വാസത്തിന്റെയും ഫലമായിട്ടായിരുന്നു എന്നതാണ്.''

''അതുപോലെതന്നെ മറ്റൊരു കാര്യം കൂടി ഓർക്കേണ്ടതാണ്. പുറമേനിന്ന് നോക്കുമ്പോൾ, മുസൈലിമ കദ്ദാബിന്റെ പിന്തുണ സ്വീകരിക്കുന്നതിൽ മതപരമായി ഹാനികരമായ യാതൊന്നും ഉണ്ടായിരുന്നില്ല. ഉദാഹരണത്തിന്, 'ചില മതപരമായ കാര്യങ്ങളിൽ എന്റെ നിലപാട് അംഗീകരിച്ചാൽ മാത്രമേ ഞാൻ തിരുനബി ﷺയെ പിന്തുടരുകയുള്ളൂ' എന്ന് അവൻ നിബന്ധന വെച്ചിരുന്നെങ്കിൽ, അടിസ്ഥാന തത്ത്വങ്ങളിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്തതിനാലാണ് തിരുനബി ﷺ അവന്റെ ആവശ്യം നിരസിച്ചതെന്ന് പറയാമായിരുന്നു. മറ്റൊരു വിധത്തിൽ, സ്വന്തം തത്ത്വങ്ങളിൽ ഉറച്ചുനിൽക്കുന്നതിനാലാണ് അവിടുന്ന് അവന്റെ ആവശ്യം നിരസിച്ചതെന്ന് പറയാമായിരുന്നു.

''എന്നാൽ മുസൈലിമ അത്തരത്തിലുള്ള യാതൊരു ആവശ്യവും ഉന്നയിച്ചിരുന്നില്ല. മതത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ അവൻ ആഗ്രഹിച്ചിരുന്നുവെന്ന് മനസ്സിലാക്കാവുന്ന തരത്തിലുള്ള യാതൊരു നിബന്ധനയും അവൻ മുന്നോട്ടുവെച്ചില്ല. അതിനാൽ, തിരുനബി ﷺ അവന്റെ ആവശ്യം നിരസിച്ചത് പൂർണ്ണമായും സർവശക്തനായ അല്ലാഹുവിലുള്ള അവിടുത്തെ ഭരമേൽപ്പിക്കലിന്റെയും അചഞ്ചലമായ ഉറപ്പിന്റെയും ഫലമായിരുന്നു.

''ഓർത്തിരിക്കേണ്ട മറ്റൊരു കാര്യവുമുണ്ട്. തിരുനബി ﷺ ആഗ്രഹിച്ചിരുന്നെങ്കിൽ, അന്നുതന്നെ മുസൈലിമയെ അറസ്റ്റ് ചെയ്ത് വധിക്കാൻ അവിടുത്തേക്ക് സാധിക്കുമായിരുന്നു. അവൻ വലിയൊരു അനുയായി സംഘവുമായി വന്നിരുന്നെങ്കിലും, അപ്പോഴും അവൻ മദീനയിലായിരുന്നു, തിരുനബി ﷺന്റെ അധികാരപരിധിയിലുമായിരുന്നു. എന്നിട്ടും ഈ കാര്യത്തിലും അവിടുന്ന് സർവശക്തനായ അല്ലാഹുവിൽ ഭരമേൽപ്പിച്ചു. ഈ കുഴപ്പമുണ്ടാക്കുന്ന വ്യക്തിയെ അല്ലാഹു തന്നെ നശിപ്പിക്കുമെന്ന വിശ്വാസമായിരുന്നു അവിടുത്തേക്കുണ്ടായിരുന്നത്.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ وَّبَارِكْ وَسَلِّمْ اِنَّكَ حَمِيْدٌ مَّجِيْدٌ۔

''അല്ലാഹുവേ! മുഹമ്മദ് നബിയുടെയും മുഹമ്മദ് നബിയുടെ കുടുംബത്തിന്റെയും മേൽ അനുഗ്രഹങ്ങൾ ചൊരിയേണമേ. അവരെ അനുഗ്രഹിക്കുകയും സമാധാനം നൽകുകയും ചെയ്യേണമേ. നിശ്ചയമായും നീ സ്തുത്യർഹനും മഹത്വമേറിയവനുമാകുന്നു.'' (സീറത്തുന്നബി, അൻവാറുൽ ഉലൂം, വാള്യം 1, പേജ് 500-504)

നമസ്കാരത്തിനുശേഷം, മരണപ്പെട്ട ചില അംഗങ്ങൾക്കുവേണ്ടി ഞാൻ ഗൈബാന ജനാസ ഗായിബ് നമസ്കാരം നിർവഹിക്കുന്നതാണ്.

ആദ്യമായി പരാമർശിക്കുന്നത് മാണ്ഡി ബഹാവുദ്ദീൻ (പാകിസ്ഥാൻ) സ്വദേശിയായിരുന്ന ആദരണീയനായ മിർസാ സഫ്ദർ മഹ്മൂദ് സാഹിബിനെക്കുറിച്ചാണ്. ആദരണീയനായ ഗുലാം റസൂൽ സാഹിബിന്റെ മകനായിരുന്നു അദ്ദേഹം. ഏതാനും ദിവസങ്ങൾക്ക് മുമ്പ്, സെപ്റ്റംബർ 2ന് മാണ്ഡി ബഹാവുദ്ദീനിൽ വെച്ചാണ് അദ്ദേഹം ശഹീദായത്.

اِنَّا لِلّٰهِ وَاِنَّا اِلَيْهِ رَاجِعُوْنَ

''നിശ്ചയമായും നാം അല്ലാഹുവിന്റേതാണ്; അവങ്കലേക്കുതന്നെയാണ് നാം മടങ്ങിച്ചെല്ലുന്നത്.''

അജ്ഞാതനായ ഒരാൾ അദ്ദേഹത്തെ പിന്തുടർന്ന് പിന്നിൽനിന്ന് വെടിയുതിർക്കുകയായിരുന്നു. അതിനെത്തുടർന്നാണ് അദ്ദേഹം ശഹീദായത്. രക്തസാക്ഷിത്വം വരിക്കുമ്പോൾ അദ്ദേഹത്തിന് 65 വയസ്സായിരുന്നു.

ലഭ്യമായ വിവരങ്ങൾ അനുസരിച്ച്, സംഭവദിവസം മിർസാ സഫ്ദർ മഹ്മൂദ് സാഹിബ് മഗ്രിബ് നമസ്കാരം നിർവഹിക്കുന്നതിനായി തന്റെ വർക്ക് ഷോപ്പിൽനിന്ന് മോട്ടോർസൈക്കിളിൽ പുറപ്പെട്ടു. വഴിയിൽ വിജനമായ ഒരു പ്രദേശത്തുകൂടി കടന്നുപോകുമ്പോൾ, അജ്ഞാതനായ ഒരാൾ മോട്ടോർസൈക്കിളിൽ അദ്ദേഹത്തെ പിന്തുടർന്ന് പിന്നിൽനിന്ന് വെടിയുതിർക്കുകയായിരുന്നു. മൂന്ന് വെടിയുണ്ട കൾ അദ്ദേഹത്തിന് ഏൽക്കുകയും സംഭവസ്ഥലത്തുവെച്ചുതന്നെ അദ്ദേഹം മരണപ്പെടുകയും ചെയ്തു. സംഭവത്തിനുശേഷം അക്രമി അവിടെനിന്ന് രക്ഷപ്പെട്ടു.

ശഹീദ് മിർസാ സഫ്ദർ മഹ്മൂദ് സാഹിബിന്റെ കുടുംബത്തിലേക്ക് അഹ്മദിയ്യത്ത് എത്തിയത് അദ്ദേഹത്തിന്റെ മാതൃമാതാവായ, ഗുജറാത്ത് ജില്ലയിലെ ഖരിയാൻ സ്വദേശിനിയായ ആദരണീയ ഹുസൈൻ ബീബി സാഹിബയിലൂടെയായിരുന്നു. സാധാരണയായി കുടുംബങ്ങളിൽ വിശ്വാസം എത്തുന്നത് പുരുഷന്മാരിലൂടെയായിരിക്കും. എന്നാൽ ഈ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് ഒരു സ്ത്രീയിലൂടെയായിരുന്നു. രണ്ടാം ഖിലാഫത്തിന്റെ ആദ്യകാല ഘട്ടത്തിൽ ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ച വ്യക്തിയായിരുന്നു അവർ.

തുടർന്ന്, ഹുസൈൻ ബീബി സാഹിബയുടെ പ്രബോധന പ്രവർത്തനങ്ങളുടെയും പരിശ്രമങ്ങളുടെയും ഫലമായി, അവരുടെ ബന്ധുവായിരുന്ന രക്തസാക്ഷിയുടെ പിതാമഹൻ നവാബ് ദീൻ സാഹിബും ബൈഅത്ത് ചെയ്തു.''

ശഹീദായ മിർസാ സഫ്ദർ മഹ്മൂദ് സാഹിബ് തന്റെ പ്രദേശത്തെ പ്രമുഖ അഹ്മദിയായിരുന്നു. പ്രത്യേകിച്ച് തന്റെ തൊഴിലും അതിലുള്ള വൈദഗ്ധ്യവും കൊണ്ട് അദ്ദേഹം ഏറെ അറിയപ്പെട്ടിരുന്നു. അദ്ദേഹം ഒരു മെക്കാനിക്കായിരുന്നു; സ്വന്തമായി ഒരു വർക്ക്ഷോപ്പും നടത്തിയിരുന്നു. നല്ല രീതിയിൽ ബിസിനസ് നടത്തിവന്നിരുന്ന അദ്ദേഹം സത്യസന്ധത, അടിയുറച്ച ആദർശനിഷ്ഠ, അസത്യത്തോടുള്ള വെറുപ്പ് എന്നിവ തന്റെ പ്രമുഖ ഗുണങ്ങളായി പുലർത്തിയിരുന്നു.

തന്റെ അടുത്ത് വരുന്ന ഓരോരുത്തരെയും അദ്ദേഹം വളരെ സന്തോഷത്തോടും സ്നേഹത്തോടും കൂടി സ്വീകരിക്കുകയും ഹൃദയപൂർവം അഭിവാദ്യം ചെയ്യുകയും ചെയ്തിരുന്നു. സഹായം ആവശ്യമുള്ള ഒരാളും അദ്ദേഹത്തിന്റെ കടയിൽനിന്ന് വെറുംകൈയോടെ മടങ്ങിപ്പോകാറില്ലായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ നവീദ സാഹിബ പറയുന്നു: അദ്ദേഹത്തിന് ഖിലാഫത്തിനോട് അതിരറ്റ സ്നേഹമായിരുന്നു. അഞ്ചു നേരത്തെ നമസ്കാരങ്ങൾക്ക് പുറമെ തഹജ്ജുദ് നമസ്കാരവും അദ്ദേഹം പതിവായി നിർവഹിച്ചിരുന്നു. എം.ടി.എയുടെ പരിപാടികളും അദ്ദേഹം നിരന്തരം പ്രയോജനപ്പെടുത്തിയിരുന്നു.

എല്ലാ മാസവും ഒന്നാം തീയതി തന്നെ അദ്ദേഹം തന്റെ വരുമാനത്തിന്റെ കണക്ക് പൂർത്തിയാക്കി മാൽ സെക്രട്ടറിയുമായി ബന്ധപ്പെടുകയും ചന്ദകൾ അടയ്ക്കുകയും ചെയ്തിരുന്നു. ചന്ദ നൽകുന്നതിനായി അദ്ദേഹം വ്യക്തിപരമായി മാൽ സെക്രട്ടറിയുടെ വീട്ടിൽ പോകുമായിരുന്നു. എല്ലാ ദിവസവും സദഖ നൽകുകയും എല്ലാ മാസവും സദഖയ്ക്കായി ഒരു ആടിനെ ബലിയർപ്പിക്കുകയും ചെയ്തിരുന്നു. പള്ളിയുടെയും മറ്റ് സാമ്പത്തിക ആഹ്വാനങ്ങളുടെയും കാര്യത്തിൽ ആദ്യം സംഭാവന നൽകുന്നവരിൽ ഒരാളായിരുന്നു അദ്ദേഹം.

അദ്ദേഹം സ്വയം വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു. തന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങളെയും വസിയ്യത്ത് പദ്ധതിയിൽ ചേർക്കുകയും ചെയ്തു. തന്റെ ജീവനക്കാരുടെ കാര്യത്തിലും അദ്ദേഹം വലിയ ശ്രദ്ധ പുലർത്തിയിരുന്നു. അവർക്ക് എന്തെങ്കിലും ആവശ്യമുണ്ടായാലും സാമ്പത്തിക പ്രയാസങ്ങൾ നേരിട്ടാലും, അല്ലെങ്കിൽ ആരെങ്കിലും രോഗബാധിതനായാലും, അദ്ദേഹം അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ആവശ്യമായ സഹായം നൽകുമായിരുന്നു. അവരുടെ കുട്ടികളുടെ കാര്യവും അദ്ദേഹം ശ്രദ്ധിക്കുകയും അവരുടെ ചെലവുകൾ നിറവേറ്റാൻ കഴിയുന്നത്ര ശ്രമിക്കുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന് സ്വന്തമായി ഒരു വർക്ക്ഷോപ്പുണ്ടായിരുന്നു. സാധാരണയായി ആളുകൾ പരമാവധി വരുമാനം നേടുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുക. എന്നാൽ ഏതെങ്കിലും യാത്രക്കാരന്റെ വാഹനം വഴിയിൽ കേടായാൽ, വളരെ കുറഞ്ഞ നിരക്കിൽ അദ്ദേഹം അത് നന്നാക്കിക്കൊടുക്കുമായിരുന്നു. ചില അവസരങ്ങളിൽ ആളുകളുടെ വാഹനങ്ങൾ സൗജന്യമായിപ്പോലും നന്നാക്കിക്കൊടുത്തിരുന്നു. എത്ര തിരക്കിലായിരുന്നാലും ജമാഅത്തിന്റെ പരിപാടികൾക്ക് അദ്ദേഹം മുൻഗണന നൽകിയിരുന്നു.

മാണ്ഡി ബഹാവുദ്ദീൻ ജില്ലയിലെ അമീർ സാഹിബ് പറയുന്നു: രക്തസാക്ഷി

ത്വം വരിക്കുമ്പോൾ മിർസാ സഫ്ദർ മഹ്മൂദ് സാഹിബ് മാണ്ഡി ബഹാവുദ്ദീനിൽ നാഇബ് സദർ ജമാഅത്ത്, സെക്രട്ടറി ജായിദാദ്, നാഇബ് സഈം അൻസാറുല്ലാഹ്, മുന്തസിം മാൽ അൻസാറുല്ലാഹ് എന്നീ ചുമതലകൾ വഹിച്ചിരുന്നു. നിരവധി ഉത്തരവാദിത്തങ്ങൾ അദ്ദേഹത്തിൽ ഏൽപ്പിക്കപ്പെട്ടിരുന്നു.

പള്ളിയുടെ ഭരണപരവും നടത്തിപ്പു സംബന്ധമായ കാര്യങ്ങളും അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു. പള്ളിയുടെ താക്കോലും അദ്ദേഹത്തിന്റെ കൈവശമായിരുന്നു. ഓരോ നമസ്കാരത്തിനും പള്ളിയിൽ എത്തി അത് തുറക്കുമായിരുന്നു. സാധാരണയായി ബിസിനസുകാർ ഇത്തരം കാര്യങ്ങളിൽ അധികം ശ്രദ്ധിക്കാറില്ല. എന്നാൽ അദ്ദേഹം ഓരോ നമസ്കാരസമയത്തും പള്ളിയിൽ എത്തി അത് തുറന്നുകൊടുക്കുമായിരുന്നു.

ജമാഅത്തിന്റെ മിഷനറിയായ മുജഫർ മഹ്മൂദ് സാഹിബ് പറയുന്നു: ശഹീദ് ഒരിക്കൽ അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞിരുന്നു: "കഴിഞ്ഞ 25 വർഷമായി, എല്ലാ ദിവസവും വർക്ക്ഷോപ്പിലേക്ക് വരുന്നതിന് മുമ്പ് ഞാൻ രണ്ട് റക്അത്ത് നമസ്കരിച്ചിട്ടുണ്ട്."

ശഹീദിന് ഭാര്യ നവീദ സഫ്ദർ സാഹിബയും പുത്രന്മാരായ കാംറാൻ സഫ്ദറും ലുഖ്മാൻ സഫ്ദറും അവശേഷിക്കുന്നു. ഇരുവരും വിവാഹിതരാണ്.

സർവശക്തനായ അല്ലാഹു മരണപ്പെട്ട ഈ ശഹീദിന്റെ പദവി കൂടുതൽ ഉയർത്തുകയും സ്വർഗത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനത്ത് അദ്ദേഹത്തിന് ഇടം നൽകുകയും ചെയ്യുമാറാകട്ടെ. ദു:ഖിതരായ കുടുംബാംഗങ്ങൾക്ക് ക്ഷമയും സഹനവും നൽകുകയും അവർക്കെന്നും സഹായിയും സംരക്ഷകനുമായി നിലകൊള്ളുകയും ചെയ്യുമാറാകട്ടെ. ആമീൻ.

രണ്ടാമതായി പരാമർശിക്കുന്നത് അടുത്തിടെ 62ാം വയസ്സിൽ നിര്യാതയായ അമതുൽ അസീസ് സാഹിബയെക്കുറിച്ചാണ്. കുറച്ചുകാലമായി അവർ അസുഖബാധിതയായിരുന്നു.

اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ ഒരു മുസിയ ആയിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ന്റെയും ഹദ്റത്ത് സയ്യിദ ഉമ്മു താഹിർ സാഹിബയുടെയും കൊച്ചുമകളായിരുന്നു അവർ. സാഹിബ് സാദി അമതുൽ ഹകീം സാഹിബയുടെയും സയ്യിദ് ദാവൂദ് മുസഫർ ഷാ സാഹിബിന്റെയും മകളായിരുന്നു. സയ്യിദ് ദാവൂദ് മുസഫർ സാഹിബ് ഉമ്മു താഹിർ സാഹിബയുടെ സഹോദരപുത്രനും സയ്യിദ് മഹ്മൂദുല്ലാഹ് ഷാ സാഹിബിന്റെ മകനുമായിരുന്നു. അവർ എന്റെ മാതൃസഹോദരിയുടെ മകളും എന്റെ ഭാര്യയുടെ ഇളയ സഹോദരിയുമായിരുന്നു.

അവരുടെ നിക്കാഹ് ഖാലിദ് സുഫർ സാഹിബുമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹിമഹുല്ലാഹ്) ആണ് നടത്തിയത്. അദ്ദേഹത്തിന്റെ ആദ്യഭാര്യ നിര്യാതയായിരുന്നു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ രണ്ടാം വിവാഹമായിരുന്നു അമതുൽ അസീസ് സാഹിബയുമായുള്ളത്.

അല്ലാഹു അവർക്ക് രണ്ട് പുത്രന്മാരെ അനുഗ്രഹമായി നൽകി. ഇരുവരും ഉന്നത വിദ്യാഭ്യാസം നേടിയവരാണ്. അവരിൽ ഒരാൾ നിയമപഠനം പൂർത്തിയാക്കിയ ശേഷം ഇപ്പോൾ ജീവിതം വഖ്ഫ് ചെയ്ത് റബ്വയിൽ നസാറത്ത് ഉമൂറെ ആമയിൽ സേവനം ചെയ്യുന്നു. കഴിവും പ്രാവീണ്യവുമുള്ള ഒരു അഭിഭാഷകനാണ് അദ്ദേഹം. മൂത്തമകൻ മഹ്മൂദ് ഇഫ്തിഖാറും രണ്ടാമത്തെ മകൻ ഹാശിർ അഹ്മദുമാണ്. ഹാശിർ അഹ്മദും ജർമ്മനിയിൽ പഠിക്കുകയും ഉന്നത വിദ്യാഭ്യാസം നേടുകയും ചെയ്തിട്ടുണ്ട്.

രണ്ടു പുത്രന്മാരും തങ്ങളുടെ മാതാവിനെ കഴിവിന്റെ പരമാവധി സേവിച്ചു. അല്ലാഹു തആലാ അവർക്ക് ഉത്തമ പ്രതിഫലം നൽകുകയും, ഭാവിയിലും അവരുടെ മാതാവിന്റെ പ്രാർത്ഥനകളുടെ അവകാശികളാക്കുകയും, സദ്യത്തിയിൽ അവരെ അചഞ്ചലരാക്കുകയും ചെയ്യുമാറാകട്ടെ.

അവരുടെ ജീവിതം വളരെയധികം പ്രയാസങ്ങളാൽ നിറഞ്ഞതായിരുന്നുവെങ്കിലും, അതെല്ലാം അവർ അസാധാരണമായ ക്ഷമയോടും സഹനത്തോടും കൂടി നേരിട്ടു. അവർ പ്രകടിപ്പിച്ച അത്രയും ക്ഷമയും സഹനവും ഉള്ള ഒരാളെ ഞാൻ വളരെ അപൂർവമായേ കണ്ടിട്ടുള്ളൂ.

അവരുടെ സഹോദരനായ സയ്യിദ് ഖാലിദ് അഹ്മദ് ഷാ സാഹിബ് പറയുന്നു: "ഞങ്ങളുടെ സഹോദരി മാതാപിതാക്കളെ വളരെ സമർപ്പണത്തോടെയാണ് സേവിച്ചിരുന്നത്. ഞങ്ങളുടെ മാതാവ് നിര്യാതയായതിനുശേഷം, പിതാവിനെ അസാധാരണമായ അർപ്പണബോധത്തോടെ അവർ പരിചരിച്ചു. മറ്റുള്ളവരോടുള്ള സഹാനുഭൂതിയിലും ദരിദ്രരോടുള്ള കരുതലിലും അവർ ഞങ്ങളുടെ മാതാവിന്റെ പാത പിന്തുടർന്നു. ഖിലാഫത്തിനോടുള്ള അവരുടെ സ്നേഹവും ആദരവും മാതൃകാപരമായിരുന്നു. അവർ മക്കളെയും വളരെ നല്ല രീതിയിലാണ് വളർത്തിയത്.

"അവരുടെ ഒരു പ്രത്യേക ഗുണം, അവർ ആരെക്കുറിച്ചും മോശമായി സംസാരിക്കുകയോ മറ്റുള്ളവരെക്കുറിച്ച് മോശമായി പറയുന്നത് കേൾക്കുകയോ ചെയ്തിരുന്നില്ല എന്നതാണ്. അവർ സ്വന്തം ഹൃദയത്തെ ശുദ്ധമായി സൂക്ഷിച്ചു. ആരെങ്കിലും വേദനിക്കുന്നതു കാണാൻ പോലും അവർക്ക് കഴിയുമായിരുന്നില്ല. സ്വന്തം കഷ്ടപ്പാടുകൾ സഹിക്കുന്നതിൽ അവർക്ക് വലിയ ധൈര്യവും ക്ഷമയും ഉണ്ടായിരുന്നു."

ഞാൻ പറഞ്ഞതുപോലെ, അവർ അസാധാരണമായ ക്ഷമ പ്രകടിപ്പിച്ചിരുന്നു. തർക്കങ്ങളും വഴക്കുകളും ഒഴിവാക്കുന്നതിനായി, ലോകത്തിന്റെ സങ്കീർണ്ണതകളിൽനിന്ന് അവർ സ്വയം അകന്നു നിന്നു. ആളുകൾ അവരെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പറയുകയും പലതരത്തിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ അവർ ആരുമായും വഴക്കിടാറില്ലായിരുന്നു.

എവിടെയും എതിർപ്പുണ്ടാക്കുന്ന ആളുകൾ സാധാരണയായി ഉണ്ടാകാറുണ്ട്. എന്നിരുന്നാലും, അവർ ആരുമായും തർക്കിച്ചില്ല; തിരിച്ചുപറഞ്ഞില്ല; ആരുടെയും മനസ്സിന് വേദനയുണ്ടാക്കുന്ന രീതിയിൽ പെരുമാറിയില്ല. മറ്റുള്ളവരുടെ കഷ്ടപ്പാട് കാണാൻ അവർക്ക് കഴിയുമായിരുന്നില്ല. അവരെ സഹായിക്കാൻ കഴിയുന്നതുവരെ അവർ അസ്വസ്ഥയായി കഴിയുമായിരുന്നു.

ചെറിയ കുട്ടികളോട് അവർക്ക് വളരെ സ്നേഹമായിരുന്നു. അവർക്ക് വലിയ ആത്മാഭിമാനവും സ്വാഭിമാനബോധവും ഉണ്ടായിരുന്നു. സ്വന്തം ആവശ്യങ്ങൾ അവർ ഹൃദയത്തിൽ തന്നെ സൂക്ഷിക്കുകയും മറ്റുള്ളവരോട് ഒരിക്കലും അവ പ്രകടിപ്പിക്കാതിരിക്കുകയും ചെയ്തു.

അല്ലാഹുവിൽ അവർക്ക് അസാധാരണമായ തവക്കുൽ ഉണ്ടായിരുന്നു. അവരുടെ ഈ ആത്മാഭിമാനത്തിന്റെ മാന്യതയും അല്ലാഹു തആലാ കാത്തു സൂക്ഷിച്ചു. അദൃശ്യമായ മാർഗങ്ങളിലൂടെ അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് അല്ലാഹു അവരെ പരിപാലിച്ചു.

മർഹും ഡോ. താസീർ മുജ്തബാ സാഹിബിന്റെ ഭാര്യയും അവരുടെ സഹോദരിയുമായ അമതുൽ റഊഫ് സാഹിബ പറയുന്നു: "ഞങ്ങളുടെ സഹോദരി സ്വഭാവത്തിൽ വളരെ ശാന്തയും ലളിതയും ക്ഷമാശീലയുമായിരുന്നു. അവർക്ക് അസാധാരണമായ ആത്മാഭിമാനവും സ്വാഭിമാനബോധവും ഉണ്ടായിരുന്നു. ദരിദ്രരെ അവർ വളരെയധികം പരിഗണിക്കുകയും ധാരാളം സദഖ നൽകുകയും ചെയ്തിരുന്നു. ഖിലാഫത്തിനോട് അവർക്ക് അത്യന്തം ആദരവും ബഹുമാനവും ഉണ്ടായിരുന്നു."

അവർ പറയുന്നു: "ഞാൻ എന്തെങ്കിലും പറഞ്ഞാൽ, അവർ അത് ഉടൻ തന്നെ സ്വീകരിക്കുമായിരുന്നു. ഒരിക്കൽ അവർക്ക് അസുഖം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നു. തന്റെ രോഗാവസ്ഥയിൽ നിന്ന് രക്ഷപ്പെടുക പ്രയാസമാണെന്ന് അവർക്ക് തോന്നിയിരുന്നു. അതിനാൽ ആശുപത്രിയിൽ പോകുന്നതുകൊണ്ട് പ്രയോജനമില്ലെന്നും അവർ കരുതി. എന്നാൽ ആശുപത്രിയിൽ പോയി ചികിത്സ തേടണമെന്ന് ഞാൻ പറഞ്ഞപ്പോൾ, ആദ്യം അവർ വിസമ്മതിച്ചിരുന്നെങ്കിലും, ഉടൻതന്നെ എന്റെ വാക്ക് സ്വീകരിക്കുകയും ചികിത്സയ്ക്കായി ആശുപത്രിയിൽ പോകുകയും ചെയ്തു."

അവരുടെ മകൻ മഹ്മൂദ് ഇഫ്തിഖാർ സാഹിബ് പറയുന്നു: "എന്റെ മാതാവ് എന്നെ ഉപദേശിക്കുമായിരുന്നു: 'നീ മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ കുടുംബത്തിൽപ്പെട്ടവനാണ്. അതിനാൽ ജമാഅത്തിനെ സേവിക്കാനുള്ള നിന്റെ ഉത്തരവാദിത്തം ഇരട്ടിയാണ്.'

"അഞ്ചാം ഖിലാഫത്തിന്റെ ആദ്യകാലത്ത് ഞങ്ങൾ ചെറിയ കുട്ടികളായിരുന്നിട്ടും, അവർ ഞങ്ങൾ രണ്ടുപേരോടും ഖലീഫയ്ക്ക് മുടങ്ങാതെ കത്തുകൾ എഴുതിപ്പിച്ചു. പതിവായി കത്തുകൾ എഴുതാനും അവർ ഞങ്ങളെ ഉപദേശിച്ചുകൊണ്ടിരുന്നു. നമസ്കാരം നിർവഹിക്കാനും ജുമുഅ ഖുത്ബ കേൾക്കാനും അവൾ എപ്പോഴും ഞങ്ങളോട് നിർദേശിച്ചിരുന്നു. ജമാഅത്തിന്റെ സംവിധാനത്തോട് അവർക്ക് വലിയ ആദരവും കരുതലുമുണ്ടായിരുന്നു. അതിനെതിരെ ആരെങ്കിലും സംസാരിക്കുകയോ വിമർശിക്കുകയോ ചെയ്യുന്നത് അവർക്ക് സഹിക്കാനാവില്ലായിരുന്നു."

അവരുടെ മകൻ പറയുന്നു: "എന്റെ സഹോദരങ്ങളിൽ ആരെങ്കിലും മതസേവനത്തിനായി ജീവിതം വഖ്ഫ് ചെയ്യുമ്പോഴെല്ലാം അവർക്ക് വളരെ സന്തോഷമുണ്ടാകുമായിരുന്നു. അത്തരക്കാരെ അല്ലാഹു ഒരിക്കലും സാമ്പത്തിക പ്രയാസത്തിലാക്കുകയില്ലെന്നും അവർ പറയുമായിരുന്നു. തന്റെ രണ്ട് പുത്രന്മാരും ജീവിതം വഖ്ഫ് ചെയ്യണമെന്നത് അവരുടെ ആഗ്രഹവുമായിരുന്നു. അവരിൽ ഒരാൾ അങ്ങനെ ചെയ്തു.

"ഞാൻ ജീവിതം വഖ്ഫ് ചെയ്തപ്പോൾ അവർ എന്നോട് ഉപദേശിച്ചു: 'ഇപ്പോൾ നീ നിന്റെ ജീവിതം സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ ഈ വഖ്ഫ് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നിറവേറ്റണം.'

"പിന്നീട് എനിക്ക് ഉയർന്ന ഒരു ചുമതല ഏൽപ്പിക്കുകയും നാഇബ് നാസിർ ആയി നിയമിക്കുകയും ചെയ്തപ്പോൾ അവർ പറഞ്ഞു: 'ഇതിൽ ഒരിക്കലും അഹങ്കരിക്കരുത്. മറിച്ച്, വിനയത്തോടെ പെരുമാറുക.'"

ഓഫീസ് ജോലിയെക്കുറിച്ച് അദ്ദേഹം പറയുന്നു: "അവർ എനിക്കുവേണ്ടി ധാരാളം ദുആ ചെയ്യുമായിരുന്നു. ജമാഅത്തിന്റെ കാര്യസ്ഥിതിയെക്കുറിച്ചും അവർ നിരന്തരം ചോദിച്ചുകൊണ്ടിരുന്നു. വെള്ളിയാഴ്ചകളിൽ എന്റെ സുഖവിവരങ്ങൾ അന്വേഷിക്കുമായിരുന്നു. അവർക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽപ്പോലും, ആദ്യം ഞാൻ എന്താണ് ചെയ്യുന്നതെന്ന് ചോദിക്കും. ജമാഅത്തിന്റെ ജോലിയിൽ തിരക്കിലാണെന്ന് ഞാൻ പറഞ്ഞാൽ, അവർ പറയും: 'അത് ശരിയാണ്. ആദ്യം നിന്റെ ജമാഅത്തിന്റെ ജോലി പൂർത്തിയാക്കൂ. അതിനുശേഷം എന്റെ ഈ കാര്യം ചെയ്താൽ മതി.'"

അവർ സ്വന്തം കാര്യങ്ങളേക്കാൾ മറ്റുള്ളവരുടെ കാര്യങ്ങൾക്കായിരുന്നു കൂടുതൽ പരിഗണന നൽകിയിരുന്നത്. അവരുടെ ആവശ്യങ്ങളെക്കുറിച്ച് എപ്പോഴും ശ്രദ്ധാലുവായിരുന്നു.

അവരുടെ മകൻ എഴുതുന്നു: "ആരെങ്കിലും സഹായം അഭ്യർത്ഥിച്ചാൽ എന്റെ മാതാവ് തീർച്ചയായും അവരെ സഹായിക്കുമായിരുന്നു. അവർക്ക് അപാരമായ ക്ഷമയും സഹനശക്തിയും ഉണ്ടായിരുന്നു. സ്വന്തം കഷ്ടപ്പാടുകൾ അവർ സഹിച്ചുകൊള്ളുമായിരുന്നു; എന്നാൽ മറ്റൊരാൾ കഷ്ടപ്പെടുന്നത് അവർക്ക് സഹിക്കാനാവില്ലായിരുന്നു. മറ്റാരും ദുരിതമനുഭവിക്കരുതെന്നായിരുന്നു അവരുടെ ആഗ്രഹം. അവരുടെ വേദന അകറ്റാൻ അവർ എപ്പോഴും ശ്രമിക്കുമായിരുന്നു.

"എന്റെ എല്ലാ സഹോദരങ്ങളോടും അവരുടെ മക്കളോടും, അതുപോലെതന്നെ എന്റെ പിതാവിന്റെ ആദ്യഭാര്യയിലെ മക്കളോടും അവർക്ക് ആഴത്തിലുള്ള സ്നേഹവും അടുപ്പവുമുണ്ടായിരുന്നു. അവർ എപ്പോഴും അവരെ പരിചരിക്കുകയും ഞങ്ങൾ സഹോദരന്മാരോട് എപ്പോഴും ഐക്യത്തോടെ കഴിയണമെന്ന് പറയുകയും ചെയ്തിരുന്നു.

"രണ്ട് മാതാക്കളിൽ നിന്നുള്ള മക്കളും പരസ്പരം ഒന്നായി, ഐക്യത്തോടെ കഴിയണമെന്നും യാതൊരു തരത്തിലുള്ള വഴക്കും ഉണ്ടാകരുതെന്നും അവർ പറയുമായിരുന്നു. എന്റെ പിതാവിന്റെ ആദ്യഭാര്യയിലെ മക്കളും ഞങ്ങളും

തമ്മിൽ യാതൊരു വ്യത്യാസവും സൃഷ്ടിക്കുന്ന തരത്തിലുള്ള ഒരു വാക്കു പോലും അവർ ഒരിക്കലും പറഞ്ഞിട്ടില്ല. മറിച്ച്, സ്നേഹത്തോടും പരസ്പര വാത്സല്യത്തോടും കൂടി ജീവിക്കാനാണ് അവർ ഞങ്ങളെ എപ്പോഴും പഠിപ്പിച്ചത്.''

അവരിൽ ഈ ഗുണം ഞാൻ തന്നെയും നേരിട്ട് കണ്ടിട്ടുണ്ട്. അവരുടെ ഭർത്താവിന്റെ ആദ്യഭാര്യ നിര്യാതയായപ്പോൾ, അവരിലുള്ള കുട്ടികൾ ചെറുപ്രായമായിരുന്നു. ആ കുട്ടികളുടെ കാര്യത്തിൽ അവർ വളരെ ശ്രദ്ധാലുവായിരുന്നു. സ്വന്തം മക്കളെപ്പോലെ തന്നെയാണ് അവരെ അവർ പരിചരിച്ചിരുന്നത്. ലഭ്യമായ സാഹചര്യങ്ങളും അവസരങ്ങളും അനുസരിച്ച്, അവർക്കുവേണ്ടി കഴിയുന്നത്ര എല്ലാം അവർ ചെയ്തുകൊടുത്തിരുന്നു.

അവരുടെ മകൻ തുടർന്ന് എഴുതുന്നു: ''ഞങ്ങളുടെ ബാല്യകാലത്ത്, ഞങ്ങളെക്കുറിച്ച് മാതാവിന്റെ ഏറ്റവും വലിയ ഉത്കണ്ഠ വിശുദ്ധ ഖുർആൻ പഠനത്തെ സംബന്ധിച്ചായിരുന്നു. അതിനായി അവർ ഞങ്ങളെ സ്ഥിരമായി ഖുർആൻ അധ്യാപകന്റെ അടുത്തേക്ക് സ്വയം കൊണ്ടുപോകുമായിരുന്നു. കൃത്യസമയത്ത് നമസ്കാരം നിർവഹിക്കുന്നതിനും അവർ നിഷ്കർഷിക്കുമായിരുന്നു.

''അവർ മാതാപിതാക്കളെക്കുറിച്ച് സംസാരിക്കുമ്പോൾ, അവരുടെ സേവനങ്ങളെക്കുറിച്ച് പലപ്പോഴും പറയുമായിരുന്നു. അവർ പറയുമായിരുന്നു: 'അവർ ഇന്ന് ജീവിച്ചിരുന്നെങ്കിൽ, ഈ അവസ്ഥ കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര നന്നായേനെ! അവർ വളരെ പ്രയാസകരമായ സാഹചര്യങ്ങളിലൂടെയാണ് കടന്നുപോയത്. അതിനോട് താരതമ്യം ചെയ്യുമ്പോൾ, ഇന്ന് നമ്മുടെ സാഹചര്യങ്ങൾ വളരെ മെച്ചപ്പെട്ടതും കൂടുതൽ സൗകര്യപ്രദവുമാണ്.'

''ഞങ്ങളുടെ മാതാപിതാക്കളെ സേവിച്ചിരുന്നവരെയും അവർ സേവിക്കുമായിരുന്നു. അവരോട് നന്ദിയും കടപ്പാടും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.''

അവരുടെ മകൻ തുടർന്ന് പറയുന്നു: ''ഞങ്ങളോട് ചെയ്യണമെന്ന് അവർ പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം അവർ സ്വയം പ്രാവർത്തികമാക്കിയിരുന്നു. നമ്മുടെ മുതിർന്നവരുടെ ജീവിതത്തിൽ നിന്നുള്ള ഉപദേശസമ്പന്നമായ സംഭവങ്ങൾ അവർ ഞങ്ങളോട് വിവരിക്കുമായിരുന്നു. ബാല്യത്തിൽ ഞങ്ങൾ വായിക്കാൻ പഠിച്ചശേഷം, അവർ ഞങ്ങൾക്ക് വായിക്കാൻ നൽകിയ ആദ്യ പുസ്തകങ്ങൾ സയ്യിദ്നാ ബിലാൽ റദിയല്ലാഹു അൻഹുവിന്റെയും സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് റദിയല്ലാഹു അൻഹുവിന്റെയും ജീവിതത്തെക്കുറിച്ചുള്ളതായിരുന്നു.

''തന്റെ സാമ്പത്തിക സംഭാവനകൾ ആദ്യ അവസരത്തിൽ തന്നെ അടയ്ക്കണമെന്നും വൈകിക്കരുതെന്നും അവർക്ക് വലിയ ശ്രദ്ധയുണ്ടായിരുന്നു. ഒരിക്കൽ സാമ്പത്തിക സംഭാവനകൾക്കായി താൻ ഒരു വാഗ്ദാനം എഴുതിയിട്ടുണ്ടെന്നും എന്നാൽ അപ്പോൾ കൈയിൽ പണമില്ലാത്തതിനാൽ വളരെ വിഷമിച്ചിരുന്നുവെന്നും അവർ പറഞ്ഞു. അവർ സർവശക്തനായ അല്ലാഹുവിനോട് ദുആ ചെയ്തു. അധികം വൈകാതെ അല്ലാഹു അതിനുള്ള മാർഗം ഒരുക്കിക്കൊടുത്തു.

''സാമ്പത്തിക സംഭാവനകൾ കൃത്യമായി പതിവായി അടയ്ക്കാനും അവർ ഞങ്ങളെ ഉപദേശിക്കുമായിരുന്നു. അവർക്ക് സത്യസ്വപ്നങ്ങൾ കാണാറുണ്ടായിരുന്നു. മറ്റുള്ളവരുടെ വിശ്വാസവും ആത്മവിശ്വാസവും എല്ലായ്പ്പോഴും അവർ കാത്തുസൂക്ഷിച്ചിരുന്നു. മറ്റുള്ളവരുടെ കുറവുകളും തെറ്റുകളും മറച്ചുവെക്കുക എന്നത് അവരുടെ സ്വഭാവത്തിലെ ശക്തമായ ഒരു ഗുണമായിരുന്നു.

''അവരുടെ സത്യസ്വപ്നങ്ങളിൽ ഒന്നിൽ എന്റെ പേര് 'മഹ്മൂദ് ഇഫ്തിഖാർ' എന്ന് കാണുകയുണ്ടായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹിമഹുല്ലാഹ്) സ്വപ്നത്തിൽ അവർക്ക് ഈ പേര് നൽകിയിരുന്നു. അതിനുശേഷമാണ് എനിക്ക് 'മഹ്മൂദ് ഇഫ്തിഖാർ' എന്ന പേര് നൽകിയത്.''

അവരുടെ മകൻ എഴുതുന്നു: ''ജീവിതത്തിൽ അവർ നിരവധി കഠിനമായ പ്രയാസങ്ങൾ നേരിട്ടിരുന്നു. എന്നിരുന്നാലും, സ്വന്തം കഷ്ടപ്പാടുകളെക്കുറിച്ച് അവർ ഒരിക്കലും പരാതിപ്പെട്ടിരുന്നില്ല. എല്ലായ്പ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവരായിരുന്നു.

''അവരുടെ അവസാന രോഗാവസ്ഥയിലും അവർ ഞങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു. ആശുപത്രിയിലോ വീട്ടിലോ ഞാൻ അവർക്കുവേണ്ടി ഉണർന്നിരിക്കുകയാണെങ്കിൽ, എന്നോട് ഉറങ്ങാൻ പോകണമെന്ന് അവർ പറയുമായിരുന്നു. ഞാൻ ഉറങ്ങുകയാണെങ്കിൽ, അവർ എന്നെ ഉണർത്തുകയില്ലായിരുന്നു. മറിച്ച്, ഞാൻ ഉണരുന്നതുവരെ കാത്തിരുന്നശേഷം മാത്രമേ എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെടുകയുണ്ടായിരുന്നുള്ളൂ.''

അദ്ദേഹം തുടർന്ന് എഴുതുന്നു: ''സ്വന്തം സന്തോഷങ്ങൾ ത്യജിച്ച് മറ്റുള്ളവരുടെ സന്തോഷത്തിനാണ് അവർ പ്രാധാന്യം നൽകിയിരുന്നത്. ജീവിതം വഖ്ഫ് ചെയ്തവരോട് അവർക്ക് വലിയ ആദരവുണ്ടായിരുന്നു.''

അവരുടെ ഇളയ മകൻ ഹാശിർ സാഹിബും സമാനമായ രീതിയിൽ എഴുതുന്നു. അദ്ദേഹം പറയുന്നു: ''ഞങ്ങളുടെ മാതാവും മാതാമഹിയെപ്പോലെതന്നെ, ഉദാരമനസ്കയായിരുന്നു. ദരിദ്രർക്കുവേണ്ടി ചെലവഴിക്കുന്നതിൽ അവർ ഒരിക്കലും മടിച്ചിരുന്നില്ല. അവർ എന്നോടും പറയുമായിരുന്നു: 'നീ ഔപചാരികമായി ജീവിതം വഖ്ഫ് ചെയ്തിട്ടില്ലെങ്കിലും, ദീനീസേവനം ചെയ്യേണ്ടതാണ്.' ഞാൻ ജർമ്മനിയിൽ സേവനം ചെയ്യുന്നതായി പറഞ്ഞപ്പോൾ, അവർക്ക് വളരെ സന്തോഷമായി.''

സർവശക്തനായ അല്ലാഹു അവർക്ക് തന്റെ പാപമോചനവും കരുണയും നൽകുകയും അവരുടെ പദവി ഉയർത്തുകയും ചെയ്യുമാറാകട്ടെ.

മൂന്നാമതായി പരാമർശിക്കുന്നത് സദർ അൻജുമൻ അഹ്മദിയ്യയുടെ പെൻഷണർ ആയിരുന്ന ആദരണീയനായ റഷീദ് അഹ്മദ് അയാസ് സാഹിബിനെക്കുറിച്ചാണ്. അടുത്തിടെ 86ാം വയസ്സിൽ അദ്ദേഹം നിര്യാതനായി.

اِنَّا لِلّٰهِ وَاِنَّا اِلَيْهِ رَاجِعُوْنَ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ഒരു മുസി ആയിരുന്നു. അദ്ദേഹത്തിന് ഭാര്യയും രണ്ട് പെൺമക്കളും നാല് ആൺമക്കളും ഉണ്ട്.

അദ്ദേഹത്തിന്റെ ഒരു മകനായ താഹിർ അഹ്മദ് സഫർ സാഹിബ് ജമാഅത്തിന്റെ മിഷനറിയാണ്. ഘാനയിലെ ജാമിഅതുൽ മുബശ്ശിറീന്റെ വൈസ് പ്രിൻസിപ്പലായി അദ്ദേഹം സേവനമനുഷ്ഠിക്കുന്നു. തന്റെ ഉത്തരവാദിത്തങ്ങളും ഫീൽഡിലെ സേവന ചുമതലകളും കാരണം പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. സർവശക്തനായ അല്ലാഹു അദ്ദേഹത്തിനും ക്ഷമയും സഹനവും സ്ഥൈര്യവും നൽകുമാറാകട്ടെ.

മിഷനറിയായ താഹിർ അഹ്മദ് സഫർ സാഹിബ് എഴുതുന്നു: അവരുടെ കുടുംബത്തിലേക്ക് അഹ്മദിയ്യത്ത് പ്രവേശിച്ചത് അവരുടെ പ്രപിതാമഹനായ, അബ്സർ ചൂർ സ്വദേശിയായ ജനാബ് മിയാൻ അല്ലാഹ് ദിത്ത സാഹിബിലൂടെയായിരുന്നു. തുടർന്ന് അത് കുടുംബത്തിൽ വ്യാപിച്ചു.

റഷീദ് അഹ്മദ് അയാസ് സാഹിബ് സദർ അൻജുമൻ അഹ്മദിയ്യയുടെ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചിരുന്നു. വിരമിച്ചതിനുശേഷവും അദ്ദേഹം മറ്റു സേവനങ്ങൾ തുടർന്നുകൊണ്ടിരുന്നു.

അദ്ദേഹത്തിന്റെ മകൻ എഴുതുന്നു: അദ്ദേഹം നഫൽ നമസ്കാരങ്ങൾ കൃത്യമായി നിർവഹിക്കുകയും ഫർസ് നമസ്കാരങ്ങൾ സമയനിഷ്ഠയോടെ പാലിക്കുകയും ചെയ്തിരുന്നു. ധാരാളമായി ദിക്ർ ചെയ്യുകയും എപ്പോഴും ദുആയിൽ മുഴുകിക്കഴിയുകയും ചെയ്തിരുന്നു. ഖിലാഫത്തിനോട് അദ്ദേഹത്തിന് ആഴത്തിലുള്ള ഭക്തിയും സ്നേഹവുമുണ്ടായിരുന്നു. വിശുദ്ധ ഖുർആൻ പതിവായി പാരായണം ചെയ്തിരുന്നു.

സാമ്പത്തിക സംഭാവനകൾ കൃത്യമായി അടയ്ക്കുന്നതിലും അദ്ദേഹം വളരെ ശ്രദ്ധാലുവായിരുന്നു. നൽകിയ സംഭാവനകളുടെ പൂർണ്ണമായ രേഖയും സൂക്ഷിച്ചിരുന്നു. ഒരു മുസി എന്ന നിലയിൽ, തന്റെ ജീവിതകാലത്തുതന്നെ ഹിസ്സാ ജായിദാദും അടച്ചിരുന്നു.

അല്ലാഹു അദ്ദേഹത്തിന് പാപമോചനവും കരുണയും നൽകുകയും തന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ പദവി ഉയർത്തുകയും ചെയ്യുമാറാകട്ടെ. ആമീൻ.

തിരുത്ത്

ബദർ ആഴ്ചപ്പതിപ്പിന്റെ 41-ാം ലക്കത്തിലെ ഒന്നാം പേജിൽ വിശുദ്ധ ഖുർആനിലെ സൂറത്തുൽ അൻകബൂത്തിലെ 46-ാം ആയത്തിന് പകരം അബദ്ധവശാൽ 47-ാം ആയത്താണ് അച്ചടിച്ചുവന്നിട്ടുള്ളത്.

46-ാം ആയത്തും അതിന്റെ അർത്ഥവുമാണ് ഉൾപ്പെടുത്തേിയിരുന്നത്. ഈ പിശക് സംഭവിച്ചതിൽ നിർവ്യാജം ഖേദിക്കുന്നു. വായനക്കാർ ഈ തിരുത്തൽ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (പത്രാധിപർ)


ശരിയായ ആയത്തും തർജമയും ചുവടെ ചേർക്കുന്നു:

നമസ്കാരം തിന്മകളിൽ നിന്ന് തടയുന്നു

اُتْلُ مَآ اُوْحِیَ اِلَیْکَ مِنَ الْکِتٰبِ وَاَقِمِ الصَّلٰوۃَ اِنَّ الصَّلٰوۃَ تَنْھٰی عَنِ الْفَحْشَآءِ وَالْمُنْکَرِ ؕ وَلَذِکْرُ اللّٰہِ اَکْبَرُ ؕ وَاللّٰہُ یَعْلَمُ مَا تَصْنَعُوْنَ (العنکبوت:46)

ഈ ഗ്രന്ഥത്തിൽനിന്ന് നിനക്ക് ദിവ്യസന്ദേശം മുഖേന നൽകപ്പെട്ടത് നീ ഓതുക. (ജനങ്ങൾക്ക് ഓതികേൾപ്പിക്കുക.) നമസ്കാരം നിലനിർത്തുകയും ചെയ്യുക. നീചകൃത്യങ്ങളെയും നിഷിദ്ധകർമങ്ങളെയും നിശ്ചയമായും നമസ്കാരം തടയുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ സ്മരണ അതിമഹത്തരമാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നുമുണ്ട്.

• ഹദീഥുന്നബ്വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ

SERA SPORTS, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

പേജ് 2 ൽ നിന്ന്

ഈ ലോകത്തും പരലോകത്തും നന്മയും വിജയവും ലഭിക്കുന്നതിനുള്ള മാർഗങ്ങൾ ഒരുക്കുക.

തുടർന്ന് അദ്ദേഹം അരുളിച്ചെയ്തു: ദീനിജ്ഞാനം നേടുന്നതിനും അല്ലാഹുവിന്റെ മാർഗനിർദേശങ്ങൾ അനുസരിക്കുന്നതിനും ഖുർആനിന്റെ ജ്ഞാനം നേടുക. ഇതിലൂടെ സ്വന്തം അവസ്ഥ മെച്ചപ്പെടുക മാത്രമല്ല, തബ്ലീഗിന്റെ മേഖലയിലും പുരോഗതി കൈവരിക്കാനാകും.

ഹുസൂർ അയ്യദഹുല്ലാഹു പറഞ്ഞു: അതിനാൽ ഈ കാര്യങ്ങൾ എപ്പോഴും ഓർമയിൽ സൂക്ഷിക്കണം. സ്ത്രീകളും തബ്ലീഗിന്റെ രംഗത്ത് മുന്നോട്ടു വരണം.

ഇന്നത്തെ ലോകസാഹചര്യത്തിൽ അല്ലാഹു തആലയുമായുള്ള ബന്ധം ശക്തിപ്പെടുത്തുകയും അവന്റെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യുക. അങ്ങനെ ലോകം മനസ്സിലാക്കട്ടെ: മനുഷ്യരുടെ നിലനിൽപ്പ് അല്ലാഹു തആലയിലേക്ക് വിനയപൂർവ്വം തിരിയുന്നതിലാണ്; ലോകത്തിന്റെ സ്ഥാനമാനങ്ങളിലും പ്രതാപത്തിലും അല്ല.

ബൈഅത്ത് ചെയ്തതുകൊണ്ട് മാത്രം അല്ലാഹു തആലാ നമ്മിൽ സംതൃപ്തനായിക്കഴിഞ്ഞുവെന്ന് കരുതരുത്. ഇത് വെറും പുറമേയുള്ള ആവരണം മാത്രമാണ്. അതിന്റെ യഥാർഥ സാരം അതിനകത്താണ്. അത് ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ജീവിതത്തിൽ നടപ്പാക്കുക എന്നതാണ്.

ഖുർആൻ കരീം പഠിക്കുകയും വായിച്ചതിന്റെ അർഥം മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതുവരെ ഈ പ്രായോഗിക ജീവിതം സാധ്യമാകില്ല. ഖുർആൻ പഠിച്ച് അതനുസരിച്ച് പ്രവർത്തിക്കുക എന്നത് പുരുഷന്മാരുടെ മാത്രം ഉത്തരവാദിത്തമല്ല. സ്ത്രീകളെ പഠിപ്പിക്കുകയെന്നതും പുരുഷന്മാരുടെ കടമയാണ്.

അതോടൊപ്പം ജമാഅത്തിന്റെ സംവിധാനത്തിൽ ലജ്നാ ഇമാഇല്ലാഹിന്റെ സംവിധാനവും നിലവിലുണ്ട്. സ്ത്രീകൾക്കായി പ്രത്യേക സംഘടനയും ഖുർആൻ പഠിക്കാനും പഠിപ്പിക്കാനുമുള്ള സംവിധാനവും നിലവിലുണ്ട്. സ്ത്രീകൾ ഈ കാര്യത്തിലേക്ക് പൂർണ്ണശ്രദ്ധ നൽകുകയും ആത്മാർത്ഥമായി പരിശ്രമിക്കുകയും വേണം.

ഇന്ന് വിദ്യാഭ്യാസം നേടിയ നിരവധി സ്ത്രീകളും പെൺകുട്ടികളും ഉണ്ട്. അവർ ഖുർആൻ കരീം വായിക്കാൻ പഠിക്കുന്നതിനോടൊപ്പം അതിന്റെ പരിഭാഷയും പഠിക്കണം. തുടർന്ന് അല്ലാഹു തആലായുടെ കൽപ്പനകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കണം.

ഖുർആൻ കരീമിന്റെ തർതീൽ പഠിപ്പിക്കുന്ന ക്ലാസുകളും നടക്കുന്നുണ്ട്. എന്നാൽ ഖുർആൻ വായിക്കാൻ പഠിക്കുക എന്നത് മാത്രമായിരിക്കരുത് ലക്ഷ്യം. ഖുർആൻ പഠിച്ച് അതനുസരിച്ച് ജീവിതത്തിൽ പ്രവർത്തിക്കണം എന്ന ഉദ്ദേശ്യത്തോടെയായിരിക്കണം പഠനം.

എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നും ഏതെല്ലാം കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കണമെന്നും അല്ലാഹു തആലാ കൽപ്പിച്ചിട്ടുള്ളത് എന്താണെന്ന് മനസ്സിലാക്കണം. ഇത് ജീവിതത്തിൽ നടപ്പാക്കുമ്പോഴാണ് നിങ്ങൾ യഥാർഥ അഹ്മദികൾ എന്ന് വിളിക്കപ്പെടാൻ അർഹരാകുന്നത്.

ഹുസൂർ അയ്യദഹുല്ലാഹു തുടർന്ന് പറഞ്ഞു: ഖുർആൻ കരീം പർദ, മാന്യവും ലജ്ജാശീലമുള്ള വസ്ത്രധാരണം, ഹിജാബ്, പുരുഷന്മാരുമായി ആവശ്യമായ അകലം പാലിക്കൽ എന്നിവയ്ക്ക് കൽപ്പന നൽകിയിട്ടുണ്ട്. എന്നാൽ ഈ കാര്യങ്ങൾ ഈ സമൂഹത്തിൽ പലപ്പോഴും അവഗണിക്കപ്പെടുകയും അവയ്ക്ക് വേണ്ടത്ര ശ്രദ്ധ നൽകാതിരിക്കുകയും ചെയ്യുന്നു.

ഖുർആൻ കരീമിന്റെ ഈ കൽപ്പനകൾ അനുസരിക്കുക എന്നത് നിങ്ങളുടെ കടമയാണ്. അങ്ങനെ ചെയ്യുമ്പോഴാണ് നിങ്ങൾക്ക് മനോഹരവും പരിശുദ്ധവുമായ ഒരു സമൂഹം സ്ഥാപിക്കാൻ കഴിയുക. അപ്പോഴാണ് പുരുഷന്മാരുടെ പരിഷ്കരണത്തിൽ പങ്കുവഹിക്കാനും കഴിയുക. അതോടൊപ്പം ഇസ്ലാമിന്റെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുന്നവരായും നിങ്ങൾക്ക് മാറാൻ കഴിയും.

ഹുസൂർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഓർക്കുക, പുരുഷനായാലും സ്ത്രീയായാലും ഓരോ അഹ്മദി മുസ്ലിമും സ്വന്തം ജീവിതത്തിൽ തിരുനബി ﷺ യുടെ ഉത്തമ മാതൃക പ്രകടമാക്കണം. തിരുനബി ﷺയുടെ മാതൃക എന്തായിരുന്നു? നമ്മുടെ നബി ﷺ സ്വന്തം മാതൃകയിലൂടെ പഠിപ്പിച്ചത് ഇങ്ങനെയാണ്: "എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിനുവേണ്ടിയുള്ളതാണ്."

എന്നാൽ ഇന്ന് നമ്മുടെ അവസ്ഥ എന്താണ്? കലിമ ചൊല്ലിയതുകൊണ്ട് നാം മുസ്ലിംകളാണെന്ന് കരുതുന്നു. എന്നാൽ യഥാർഥ മുസ്ലിമിന്റെ ലക്ഷ്യം അല്ലാഹു തആലായുടെ സാമീപ്യം നേടുക എന്നതാണ്. എങ്ങനെയാണ് അവന്റെ യഥാർഥ ദാസനാകേണ്ടത് എന്നതാണ് ചിന്തിക്കേണ്ടത്.

എന്നാൽ ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥ എന്താണ്? നാം സ്വയം വിലയിരുത്തിയാൽ നമ്മുടെ അവസ്ഥയും മനസ്സിലാക്കാൻ കഴിയും. ലോകത്തിനുവേണ്ടി ജീവിക്കുകയും ലോകത്തിനുവേണ്ടി മരിക്കുകയും ചെയ്യുകയാണോ? യൂറോപ്പിലേക്ക് വന്നശേഷം നമ്മുടെ മുൻഗണനകൾ മാറിപ്പോയോ? നാം ലോകസമ്പത്ത് തേടുന്നതിൽ മുഴുകിപ്പോയോ?

ചിലർ ചോദിക്കുന്നു: "അല്ലാഹു തആലാ ഞങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്?" അല്ലാഹു തആലാ പറയുന്നത്, "നിങ്ങൾ എന്റെ വാക്കുകൾ അനുസരിക്കുക; അപ്പോൾ ഞാൻ നിങ്ങളുടെ പ്രാർത്ഥനകളും സ്വീകരിക്കും." എന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിച്ചെയ്തിട്ടുണ്ട്: മുസ്ലിമാകുക അത്ര എളുപ്പമുള്ള കാര്യമല്ല. തിരുനബി ﷺ യുടെ അനുസരണവും അവിടുത്തെ മാതൃകയും സ്വന്തം ജീവിതത്തിൽ സ്വീകരിക്കുന്നതുവരെ സംതൃപ്തരാകരുത്. വെറും പുറംതോടിൽ മാത്രം ഒതുങ്ങരുത്; അതിന്റെ ഉള്ളിലുള്ള സത്തയും ആത്മാവും അന്വേഷിക്കുക.

ഇസ്ലാമിക അധ്യാപനങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും തിരുനബി ﷺയുടെ ജീവിതത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും ചെയ്യുന്നതുവരെ ആ ആത്മീയ സത്ത ലഭിക്കുകയില്ല.

ഹുസൂർ അയ്യദഹുല്ലാഹു പറഞ്ഞു: ഇക്കാലത്ത് ഞാൻ തിരുനബി ﷺയുടെ മാതൃകയെക്കുറിച്ച് ഖുത്ബകൾ നൽകിവരുന്നുണ്ട്. അവ ശ്രദ്ധാപൂർവം കേൾക്കുകയും, അവയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ജീവിതത്തിൽ നടപ്പാക്കാനും സ്വന്തം സ്വഭാവത്തിന്റെ ഭാഗമാക്കാനും ശ്രമിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ക്ക് ഇസ്ലാമിന്റെ അവസ്ഥയെക്കുറിച്ച് വലിയ ആകുലതയുണ്ടായിരുന്നു. ഒരവസരത്തിൽ വലിയ വേദനയോടെ അദ്ദേഹം ചോദിച്ചു: "ഇസ്ലാമിന്റെ എന്തൊരു അവസ്ഥയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് ഞാൻ എങ്ങനെ പറഞ്ഞറിയിക്കും?"

നിങ്ങൾ ത്യാഗങ്ങൾ ചെയ്യുകയും ദീൻ പഠിക്കുകയും ദീന്റെ സന്ദേശം പ്രചരിപ്പിക്കുകയും ചെയ്യേണ്ട കാലമാണിത്. അതിനാൽ നാം നമ്മുടെ അവസ്ഥകൾ മാറ്റുന്നതുവരെ, നമ്മുടെ സ്ത്രീകളും കുട്ടികളും പുരുഷന്മാരും യുവാക്കളും അല്ലാഹു തആലായുടെ ഇഷ്ടത്തിനും അവന്റെ അധ്യാപനങ്ങൾക്കും അനുസൃതമായി ജീവിതം നയിക്കാൻ ശ്രമിക്കുന്നതുവരെ, നാം യഥാർഥ മുസ്ലിംകളാണെന്ന് അവകാശപ്പെടാൻ കഴിയില്ല.

ഇതിനായി വളരെയധികം പരിശ്രമിക്കുകയും ശ്രദ്ധ നൽകുകയും വേണം. സമൂഹത്തിലുള്ള തിന്മകളിൽ നിന്ന് വിട്ടുനിൽക്കുകയും വേണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപദേശിച്ചിട്ടുണ്ട്: ഇക്കാലത്ത് നിലനിൽക്കുന്ന ദുഷ്പ്രവണതകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും സ്വയം സംരക്ഷിക്കുക; പ്രാർത്ഥനകളിൽ മുഴുകുകയും ഇസ്ലാമിന്റെ യാഥാർഥ്യം സ്വന്തം ജീവിതത്തിൽ സൃഷ്ടിക്കുകയും ചെയ്യുക.

ഇന്നത്തെ കാലഘട്ടത്തിലെ ഈ ദുഷ്പ്രവണതകൾ എന്തൊക്കെയാണ്? ടെലിവിഷൻ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ എന്നിവയാണവ. ഇവയിൽ അശ്ലീലതയും മാലിന്യവും തെറ്റായ മാർഗനിർദേശങ്ങളും ഒഴികെ മറ്റൊന്നുമില്ല എന്ന തരത്തിൽ പല കാര്യങ്ങളും ലഭ്യമാണ്. ഇതെല്ലാം അവരുടെ സ്വഭാവത്തെ ദുഷിപ്പിക്കുകയും ധാർമിക മൂല്യങ്ങളെ വളരെ താഴ്ത്തുകയും ചെയ്തിട്ടുണ്ട്.

ഇത്തരം സാഹചര്യത്തിൽ അഹ്മദി പുരുഷന്മാരുടെയും സ്ത്രീകളുടെയും യുവാക്കളുടെയും കടമ ഇവയിൽ നിന്ന് സ്വയം സംരക്ഷിക്കുക എന്നതാണ്. അതോടൊപ്പം ഈ തിന്മകളെ പ്രതിരോധിക്കാനും നിരാകരിക്കാനും ഇല്ലാതാക്കാനും പരിശ്രമിക്കണം. സ്വന്തം നല്ല മാതൃകയും കാണിക്കണം.

പുതിയ സാങ്കേതികവിദ്യയും സോഷ്യൽ മീഡിയയും ഉപയോഗിച്ച് തിന്മയ്ക്കെതിരെ നന്മയും സദാചാരവും പ്രചരിപ്പിക്കണം. എന്നാൽ ഈ പ്രവർത്തനം സ്വന്തം കഴിവുകൊണ്ട് മാത്രം സാധ്യമാകില്ല. അതിനും പ്രാർത്ഥനകൾ ആവശ്യമാണ്.

അതിനാൽ പ്രാർത്ഥനകളിൽ മുഴുകിക്കൊണ്ടിരിക്കുകയും ഇസ്ലാമിന്റെ യഥാർഥ മാതൃക പ്രകടിപ്പിക്കുകയും ചെയ്യുക. അത്തരം മാതൃകയിലൂടെയാണ് മുമ്പ് ഒരു ആത്മീയ വിപ്ലവം ഉണ്ടായത്.

അതുകൊണ്ട് ഒരു വിപ്ലവം സൃഷ്ടിക്കണമെങ്കിൽ ത്യാഗങ്ങളും പ്രാർത്ഥനകളും ആവശ്യമാണ്. ഇവ ഉണ്ടാകുന്നതുവരെ നാം യഥാർഥ അഹ്മദി മുസ്ലിംകളാണെന്ന് അവകാശപ്പെടാൻ കഴിയില്ല.

എപ്പോഴും ഓർക്കുക: നമസ്കാരങ്ങൾ സ്വന്തം വീടുകളിൽ ക്രമമായി സ്ഥാപിക്കുക. ചില സ്ത്രീകൾ പറയാറുണ്ട്: "പുരുഷന്മാരോട് നമസ്കാരത്തിന് പറയുമ്പോൾ അവർ ദേഷ്യപ്പെടുന്നു." അതിനാൽ ജ്ഞാനപൂർവമായും വിവേകത്തോടെയും അവരോട് തുടർന്നും പറയുക.

കുട്ടികളോടും നമസ്കാരത്തിന് പറയുക. കുട്ടികളുടെ കാര്യത്തിൽ പുരുഷന്മാരോടും ഓർമിപ്പിക്കുക: നിങ്ങൾ സ്വയം അനുഷ്ഠിക്കുന്നില്ലെങ്കിൽ കുട്ടികളും അനുഷ്ഠിക്കുകയില്ല; അവർ അല്ലാഹു തആലായിൽ നിന്ന് അകന്നുപോകും.

പിന്നീട് അവർ പരാതിപ്പെടും: "അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുന്നില്ല; അവൻ ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നില്ല." അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നേടണമെങ്കിൽ നമ്മുടെ അവസ്ഥകൾ മാറ്റേണ്ടതുണ്ട്.

ഇത് സംഭവിക്കുമ്പോഴാണ് അല്ലാഹു തആലാ ഹദ്റത്ത് മസീഹ് മൗഊദ് (അ)യെ അയച്ചതിന്റെ ലക്ഷ്യത്തിനായി രൂപപ്പെടേണ്ട യഥാർഥ മനുഷ്യനും യഥാർഥ അഹ്മദിയും ആകാൻ നമുക്ക് കഴിയുക.

ഹുസൂർ അയ്യദഹുല്ലാഹു തആലാ പറഞ്ഞു: ഇക്കാലത്ത് ഞാൻ തിരുനബി ﷺയുടെ മാതൃകയെയും, ഈ കാലഘട്ടത്തിലെ അവിടുത്തെ സത്യദാസനായ ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ മാതൃകയെയും കുറിച്ചുള്ള വിവിധ ഗുണങ്ങൾ വിവരിച്ചുകൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) എങ്ങനെയാണ് തിരുനബി ﷺയുടെ മാതൃകകൾ തന്റെ ജീവിതത്തിൽ പ്രകടിപ്പിച്ചതെന്നും, നമ്മുടെ മുന്നിൽ ആ മാതൃകകൾ എങ്ങനെ അവതരിപ്പിച്ചതെന്നും നാം മനസ്സിലാക്കണം.

അവയെക്കുറിച്ച് ചിന്തിക്കുകയും പഠിക്കുകയും കേൾക്കുകയും അവ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായി അരുളിച്ചെയ്യുന്നു: നാം നമസ്കാരവും നോമ്പും അനുഷ്ഠിക്കുന്നു, ചെറിയ കുറ്റങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നു എന്നതുകൊണ്ട് മാത്രം സന്തോഷിച്ച് തൃപ്തരാകരുത്. ഈ ഗുണങ്ങളിൽ മറ്റു മതവിഭാഗങ്ങളിൽപ്പെട്ടവരും ബഹുദൈവാരാധകരും പോലും നിങ്ങളോടൊപ്പം പങ്കാളികളായിരിക്കാം.

ഇന്ന് മാധ്യമങ്ങളിൽ മനുഷ്യനെ കാണുന്നതിലൂടെ പ്രവർത്തനപരമായ ദുഷ്പ്രവണതകളിലേക്കല്ലെങ്കിൽ പോലും മാനസികവും ധാർമികവുമായ ദുഷ്പ്രവണതകളിലേക്ക് നയിക്കുന്ന തരത്തിലുള്ള നിരവധി പരിപാടികൾ പ്രചരിക്കുന്നുണ്ട്. ചില അഹ്മദി മുസ്ലിംകളും, നല്ല സ്വഭാവമുള്ള മാന്യരായ ആളുകളും പോലും ചിലപ്പോൾ ഇത്തരം കാര്യങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു.



രൂപ വിശേഷം

ഹദ്റത്ത് മസീഹ് മൗഊദ്(അ)ൻറെ ഉയരം ഇടത്തരം ആയിരുന്നു. നിറം ഗോതമ്പത്തിന്റേതായിരുന്നു, മുഖം ഘനമുള്ളതായിരുന്നു, മുടി നേരായതും മൃദുവായതുമായിരുന്നു. കൈകാലുകൾ പുഷ്ടിയുള്ളതായിരുന്നു. അവസാനകാലത്ത് ശരീരം കുറച്ചുകൂടി പുഷ്ടി പ്രാപിച്ചിരുന്നു. അദ്ദേഹത്തിന്റെ രൂപഭാവങ്ങളിലും മുഖലക്ഷണങ്ങളിലും ഒരു ദൈവീക പ്രൗഢി ഉണ്ടായിരുന്നു. കാണുന്നവരുടെ ഹൃദയങ്ങൾ അവിടുത്തെ സ്നേഹംകൊണ്ട് നിറയുമായിരുന്നു. ഒരു രഹസ്യശക്തി ജനങ്ങളെ അദ്ദേഹത്തിന്റെ അടുത്തേക്ക് ആകർഷിച്ചിരുന്നു. നൂറുകണക്കിന് ആളുകൾ ശത്രുതാപരമായ വികാരങ്ങളുമായി വന്നിട്ടും ആ മുഖം കണ്ടയുടനെ ശാന്തരായിത്തീർന്നു. യാതൊരു തെളിവും ചോദിച്ചതുമില്ല. ആ പ്രൗഢിയുടെ അവസ്ഥ എന്തെന്നാൽ, പല ദുഷ്ടന്മാരും ദുർവിചാരങ്ങളോടെ വരുമായിരുന്നുവെങ്കിലും മുന്നിൽ ചെന്നാൽ ഒരക്ഷരം മിണ്ടാൻ പോലും അവർക്ക് സാധിക്കുമായിരുന്നില്ല.

എതിരാളിയുടെ ബൈഅത്ത്

മൗലവി സയ്യിദ് മുഹമ്മദ് സർവർ ഷാ സാഹിബ് എന്നോട് പറഞ്ഞു: ഒരിക്കൽ മർദാനിൽ നിന്നുള്ള ഒരാൾ മിയാൻ മുഹമ്മദ് യൂസഫ് മർദാനി സാഹിബിനോടൊപ്പം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ ചികിത്സയ്ക്കായി ഖാദിയാനിൽ എത്തി. ഇദ്ദേഹം ജമാഅത്തിന്റെ കടുത്ത എതിരാളിയായിരുന്നു. ഏറെ പ്രയാസപ്പെട്ടാണ് അദ്ദേഹം ഖാദിയാനിലേക്ക് വരാൻ സമ്മതിച്ചത്. എന്നാൽ മിയാൻ മുഹമ്മദ് യൂസഫ് സാഹിബിനോട് അദ്ദേഹം ഒരു നിബന്ധന വെച്ചിരുന്നു: ''ഖാദിയാനിൽ എനിക്ക് അഹ്മദികളുടെ പ്രദേശത്തിന് പുറത്തായി ഒരു താമസസ്ഥലം ഒരുക്കണം. ഞാൻ ഒരിക്കലും ആ പ്രദേശത്തേക്ക് പ്രവേശിക്കുകയില്ല.'' അങ്ങനെ അദ്ദേഹം ഖാദിയാനിലെത്തി. അഹ്മദികളുടെ പ്രദേശത്തിന് പുറത്താണ് താമസിച്ചത്. ഹദ്റത്ത് മൗലവി സാഹിബിന്റെ ചികിത്സയും തുടർന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം അദ്ദേഹത്തിന് ആരോഗ്യത്തിൽ കുറച്ച് ആശ്വാസം ലഭിച്ചപ്പോൾ അദ്ദേഹം തിരിച്ചുപോകാൻ തയ്യാറായി. അപ്പോൾ മിയാൻ മുഹമ്മദ് യൂസഫ് സാഹിബ് അദ്ദേഹത്തോട് പറഞ്ഞു: ''നിങ്ങൾ ഖാദിയാനിൽ വന്നു തിരിച്ചുപോകുകയാണല്ലോ. ഞങ്ങളുടെ മസ്ജിദ് കൂടി കണ്ടിട്ട് പോകൂ.'' അദ്ദേഹം അത് നിരസിച്ചു. എന്നാൽ മിയാൻ സാഹിബ് നിർബന്ധിച്ച് സമ്മതിപ്പിച്ചു. അദ്ദേഹം ഒരു നിബന്ധന വച്ചു: ''അവിടെ ഒരു അഹ്മദിയും ഇല്ലാത്ത സമയത്തും മിർസാ സാഹിബ് ഇല്ലാത്ത സമയത്തും എന്നെ അവിടേക്ക് കൊണ്ടുപോകണം.'' മിയാൻ മുഹമ്മദ് യൂസഫ് സാഹിബ് അത്തരമൊരു സമയം നോക്കി അദ്ദേഹത്തെ മസ്ജിദ് മുബാറകിലേക്ക് കൊണ്ടുവന്നു. എന്നാൽ അല്ലാഹുവിന്റെ ഖുദ്റത്ത്! അദ്ദേഹം മസ്ജിദിൽ കാലുകുത്തിയതും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ മുറിയിലെ ജനൽ തുറന്നതും ഒരേ സമയത്തായിരുന്നു. ഹദ്റത്ത് ഒരു ആവശ്യത്തിനായി മസ്ജിദിലേക്ക് പുറപ്പെട്ട് വരികയായിരുന്നു. ആ വ്യക്തി ഹദ്റത്ത് അലൈഹിസ്സലാമിനെ കണ്ടതും അദ്ദേഹം അത്യന്തം വികാരാധീനനായി മുമ്പിലേക്ക് ഓടിയെത്തി. അതേ നിമിഷം തന്നെ ബൈഅത്ത് ചെയ്യുകയും ചെയ്തു.

എതിരാളിയുടെ മൗനം

മിയാൻ ഫഖ്റുദ്ദീൻ സാഹിബ് മുൽത്താനി ഒരിക്കൽ പറഞ്ഞു:ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്ത് ഒരിക്കൽ എന്റെ പിതാവ് ഇവിടെ വന്നിരുന്നു. അദ്ദേഹം കടുത്ത എതിരാളിയും വളരെ മോശമായി സംസാരിക്കുന്നയാളുമായിരുന്നു. ഇവിടെ വന്നിട്ടും അദ്ദേഹം വളരെ രൂക്ഷമായ വാക്കുകൾ പറയുകയായിരുന്നു. അദ്ദേഹം മുൽത്താനിൽ ആയിരുന്നപ്പോൾ പറയുമായിരുന്നു: ''ഞാൻ ഒരിക്കലെങ്കിലും മിർസാ സാഹിബിനെ കണ്ടുമുട്ടിയാൽ- അല്ലാഹുവിൽ അഭയം- അദ്ദേഹത്തിന്റെ മുഖത്തു നോക്കി ശാപം ചൊരിയും.'' അഥവാ, ഇവിടെ പറയുന്നതെല്ലാം നേരിൽ കണ്ടാലും അദ്ദേഹത്തോട് നേരിട്ടു പറയുമെന്നായിരുന്നു അദ്ദേഹത്തിന്റെ വാക്ക്.

എന്തായാലും, ഞാൻ അദ്ദേഹത്തെ ഹദ്റത്ത് സാഹിബിന്റെ സന്നിധിയിൽ കൊണ്ടുപോയി. ഹദ്റത്ത് സാഹിബ് പുറത്തേക്ക് വന്നപ്പോൾ എന്റെ പിതാവ് ആദരവോടെ എഴുന്നേറ്റുനിന്നു. പിന്നീട് ഭയപ്പെട്ടതുപോലെ പിന്നിലേക്ക് മാറി ഇരുന്നു. അന്ന് സദസ്സിൽ മറ്റു ചിലരും ഉണ്ടായിരുന്നു. ഹദ്റത്ത് സാഹിബ് ഇരുന്നുകൊണ്ടുതന്നെ പ്രസംഗം ആരംഭിച്ചു. അദ്ദേഹം പലതവണ ഇങ്ങനെ പറഞ്ഞു: 'ആളുകൾ നമ്മുടെ അടുത്തേക്ക് വരുകയും നമ്മുടെ വാക്കുകൾ കേൾക്കുകയും നമ്മോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യണമെന്നാണ് നമ്മുടെ ആഗ്രഹം. അവർക്കുവേണ്ടി ചെലവഴിക്കാൻ പോലും നമ്മൾ തയ്യാറാണ്. എന്നാൽ ആളുകൾ നമ്മുടെ അടുത്തേക്ക് വരുന്നില്ല. വന്നാൽ തന്നെ മിണ്ടാതിരിക്കുന്നു. പിന്നീട് പുറത്തുപോയി പലതരം കാര്യങ്ങൾ പറയുന്നു.'

ഇങ്ങനെ ഹദ്റത്ത് സാഹിബ് വളരെ വിശദമായി സംസാരിക്കുകയും തങ്ങളുടെ സംശയങ്ങളും ചോദ്യങ്ങളും ഉന്നയിക്കാൻ അവരെ പലതവണ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എന്റെ പിതാവ് വളരെ വാക്ചാതുര്യമുള്ള വ്യക്തിയായിരുന്നു. എന്നാൽ ഹദ്റത്ത് സാഹിബിന്റെ മുമ്പിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ വായിൽ മുദ്ര വെച്ചതുപോലെ ആയി. ഒരു വാക്കുപോലും സംസാരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അവിടെനിന്ന് എഴുന്നേറ്റശേഷം ഞാൻ അദ്ദേഹത്തോട് ചോദിച്ചു: 'അവിടെ വെച്ച് നിങ്ങൾ എന്തുകൊണ്ട് സംസാരിച്ചില്ല?' അദ്ദേഹം എന്തോ പറഞ്ഞ് വിഷയം ഒഴിവാക്കി. മിയാൻ ഫഖ്റുദ്ദീൻ സാഹിബ് പറയാറുണ്ടായിരുന്നു: 'ഹദ്റത്ത് സാഹിബ് ആ പ്രസംഗത്തിൽ എന്റെ പിതാവിനെ പ്രത്യേകം അഭിസംബോധന ചെയ്തിരുന്നില്ല. മറിച്ച്, അദ്ദേഹം പൊതുവായി പ്രസംഗിക്കുകയായിരുന്നു.'

ഹിപ്നോട്ടിസ്റ്റ് ഭയന്നോടുന്നു!

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ, ഖലീഫത്തുൽ മസീഹ് സാനി വിവരിക്കുന്നു: ഒരിക്കൽ ഗുജറാത്ത് സ്വദേശിയായ ഒരു ഹിന്ദു ഒരു വിവാഹസംഘത്തോടൊപ്പം ഖാദിയാനിൽ വന്നു. അയാൾ ഹിപ്നോട്ടിസത്തിൽ വലിയ വിദഗ്ധനായിരുന്നു. അയാൾ തന്റെ കൂട്ടുകാരോട് പറഞ്ഞു: 'നാം ഖാദിയാനിൽ എത്തിയിരിക്കുകയല്ലേ. വരൂ, മിർസാ സാഹിബിനെ കാണാൻ പോകാം.' എന്നാൽ അദ്ദേഹത്തിന്റെ ഉദ്ദേശ്യം മറ്റൊന്നായിരുന്നു. ജനങ്ങളുടെ മുന്നിൽ ഹദ്റത്ത് സാഹിബിന്റെ മേൽ തന്റെ തവജ്ജുഹിന്റെ പ്രഭാവം ചെലുത്തി, ഒരു വലിയ സദസ്സിൽ അദ്ദേഹത്തെ കൊണ്ട് എന്തെങ്കിലും അസംബന്ധമായ പ്രവൃത്തികൾ ചെയ്യിപ്പിക്കുകയായിരുന്നു കരുതിയത്. അയാൾ പള്ളിയിൽ വെച്ച് ഹദ്റത്ത് സാഹിബിനെ കണ്ടുമുട്ടിയപ്പോൾ, തന്റെ വിദ്യ ഉപയോഗിച്ച് അദ്ദേഹത്തിൽ സ്വാധീനം ചെലുത്താൻ തുടങ്ങി. എന്നാൽ കുറച്ചുസമയത്തിനുശേഷം അയാൾ പെട്ടെന്ന് വിറയ്ക്കാൻ തുടങ്ങി. എങ്കിലും സ്വയം നിയന്ത്രിച്ച് വീണ്ടും ശ്രമം തുടർന്നു. ഹദ്റത്ത് സാഹിബാകട്ടെ തന്റെ സംഭാഷണത്തിൽ മുഴുകിയിരുന്നു. വീണ്ടും അയാളുടെ ശരീരത്തിൽ ശക്തമായ വിറയൽ ഉണ്ടായി. ഭയത്തിന്റെ ഒരു ശബ്ദവും വായിൽനിന്ന് പുറത്തുവന്നു. കുറച്ചുസമയത്തിനുശേഷം അയാൾ നിലവിളിച്ചുകൊണ്ട് പള്ളിയിൽനിന്ന് പുറത്തേക്ക് ഇറങ്ങി ഓടി. ചെരിപ്പുപോലും ധരിക്കാൻ നിന്നില്ല. അയാളുടെ കൂട്ടുകാരും മറ്റു ചിലരും പിന്നാലെ ഓടിച്ചെന്ന് അയാളെ പിടിച്ചുനിർത്തി സമാധാനിപ്പിച്ചു. ബോധം സാധാരണ നിലയിലായപ്പോൾ അയാൾ പറഞ്ഞു:'ഞാൻ ഹിപ്നോട്ടിസത്തിൽ വലിയ വിദഗ്ധനാണ്. മിർസാ സാഹിബിന്റെ മേൽ എന്റെ കഴിവ് പ്രയോഗിച്ച്, സദസ്സിലുള്ള എല്ലാവരുടെയും മുന്നിൽ അദ്ദേഹത്തെ കൊണ്ട് എന്തെങ്കിലും അസംബന്ധമായ പ്രവൃത്തികൾ ചെയ്യിപ്പിക്കണമെന്നായിരുന്നു എന്റെ ഉദ്ദേശ്യം. അങ്ങനെ ഞാൻ പ്രഭാവം ചെലുത്തിയപ്പോൾ, എന്റെ മുമ്പിൽ കുറച്ചുദൂരെ ഒരു സിംഹം ഇരിക്കുന്നതായി കണ്ടു. അത് കണ്ടപ്പോൾ ഞാൻ വിറച്ചുപോയി. എന്നാൽ മനസ്സിൽത്തന്നെ ഞാൻ എന്നെ ശാസിച്ചു: 'ഇത് എന്റെ വെറും തോന്നലാണ്. അങ്ങിനെ ഞാൻ വീണ്ടും മിർസാ സാഹിബിന്റെ മേൽ സ്വാധീനം ചെലുത്താൻ നോക്കി. അപ്പോൾ വീണ്ടും അതേ സിംഹം എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഇത്തവണ അത് എന്റെ അടുത്തേക്ക് വന്നിരുന്നു. ഇതോടെ എന്റെ ശരീരം വീണ്ടും ശക്തമായി വിറയ്ക്കാൻ തുടങ്ങി. എങ്കിലും ഞാൻ വീണ്ടും സ്വയം നിയന്ത്രിച്ചു. എന്റെ മനസ്സിൽ ഞാൻ വളരെയധികം സ്വയം ശാസിച്ചു: വെറുതെ മനസ്സിൽ ഉണ്ടായ ഒരു തോന്നലാണ് ഭയത്തിന് കാരണം. അതിനാൽ ധൈര്യം സംഭരിച്ച്, എന്റെ മുഴുവൻ ശക്തിയും സമാഹരിച്ച്, വീണ്ടും മിർസാ സാഹിബിന്റെ മേൽ സ്വാധീനം ചെലുത്താൻ ശ്രമിച്ചു. അപ്പോൾ പെട്ടെന്ന് ആ സിംഹം എന്റെ മേൽ ചാടി വീഴാൻ വരുന്നതായി ഞാൻ കണ്ടു. ആ സമയത്ത് നിയന്ത്രണം നഷ്ടപ്പെട്ട് ഉറക്കെ നിലവിളിച്ച് ഞാൻ അവിടെനിന്ന് ഇറങ്ങി ഓടി.

ഹദ്റത്ത് ഖലീഫതുൽ മസീഹ് സാനി (റളിയല്ലാഹു അൻഹു) പറയുമായിരുന്നു: പിന്നീട് ആ വ്യക്തി ഹദ്റത്ത് സാഹിബിന്റെ വലിയ വിശ്വാസിയും ആരാധകനുമായി മാറി. ജീവിതകാലം മുഴുവൻ അദ്ദേഹം ഹദ്റത്ത് സാഹിബുമായി കത്തിടപാട് തുടർന്നിരുന്നു.

ഇതിന്റെ ഫലമായി അവർ സ്വയം തന്നെ ദോഷകരമായി ബാധിക്കുകയും സ്വന്തം സ്വഭാവം നശിപ്പിക്കുകയും സമൂഹത്തിൽ മോശമായ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

എന്നാൽ നാം അല്ലാഹു തആലായുടെ അവകാശങ്ങളും അവന്റെ സൃഷ്ടികളുടെ അവകാശങ്ങളും നിറവേറ്റാൻ പരിശ്രമിക്കണം.

ഈ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഇല്ലാതിരിക്കുകയും, ലോകാസക്തരായ ആളുകളെ പിന്തുടരുകയും, സ്വന്തം അവകാശങ്ങൾ നേടിയെടുക്കുന്നതിൽ മാത്രം ശ്രദ്ധിക്കുകയും കടമകൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും ലോകത്തെ നമ്മുടെ പരമലക്ഷ്യമാക്കുകയും ചെയ്താൽ, അല്ലാഹു തആലായുടെ ദൃഷ്ടിയിൽ നമ്മുടെ അഹ്മദി മുസ്ലിം എന്ന നിലയ്ക്ക് യാതൊരു മൂല്യവുമുണ്ടാകില്ല.

അല്ലാഹു തആലാ എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ദൗത്യം പൂർത്തീകരിക്കുന്നതിൽ സഹായികളാകാനും, ജൽസയിൽ പങ്കെടുക്കുന്നതിന്റെ ലക്ഷ്യം നിറവേറ്റുന്നവരാകാനും അനുഗ്രഹിക്കട്ടെ.

"ബജ്ജിലുൽ മശാഇഖ."
പ്രായമുളളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA`ATH KARULAI, MALAPPURAM,KERALA.

ഖുത്ബ ജുമുഅ

2026 സെപ്തംബർ 11 / 1405 തബൂക്ക് 11

മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

തിരുനബി ﷺയുടെ അല്ലാഹുവിലുള്ള തവക്കുൽ

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബിﷺയുടെ അല്ലാഹുവിലുള്ള തവക്കുൽ സംബന്ധിച്ച് കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ വിവരിച്ചിരുന്നു. ഇന്നും അതേ വിഷയമാണ്.

വിശ്വാസികൾക്ക് തവക്കുലിന്റെ ഉപദേശം

വിശ്വാസികൾക്ക് തവക്കുൽ ചെയ്യുന്നതിനെക്കുറിച്ച് ഉപദേശിച്ചുകൊണ്ട് തിരുനബി ﷺഅരുളിച്ചെയ്തതായി ഹദ്റത്ത് അബൂദർദാ(റ) നിവേദനം ചെയ്യുന്നു: ''ആരെങ്കിലും രാവിലെയും വൈകുന്നേരവും ഏഴ് പ്രാവശ്യം ഇങ്ങനെ പറഞ്ഞാൽ:

حَسْبِيَ اللّٰهُ لَا إِلٰهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ

'എനിക്ക് അല്ലാഹുമതി. അവനല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ല. അവനിലാണ് ഞാൻ തവക്കുൽ ചെയ്തിരിക്കുന്നത്. അവൻ മഹത്തായ അർശിന്റെ രക്ഷിതാവാണ്.' അവനെ അലട്ടുന്ന ഏതുകാര്യത്തിനും അല്ലാഹു അവന് മതിയാകും; അവൻ ആ പറയുന്നതിൽ സത്യസന്ധനായാലും വ്യാജനായാലും.'' (സുനൻ അബൂദാവൂദ്, കിതാബുൽ അദബ്, അബ്വാബുന്നൗം, ബാബ് മാ യഖൂലു ഇദാ അസ്ബഹ, ഹദീസ് 5081)

തിരുനബിﷺ സ്വന്തം കാര്യത്തിൽ തവക്കുലിനായി എങ്ങനെ പ്രാർത്ഥിച്ചിരുന്നു?

ഇതുമായി ബന്ധപ്പെട്ട് ഒരു നിവേദനത്തിൽ ഹദ്റത്ത് ജാബിർ ബിൻ അബ്ദില്ലാഹ്(റ) പറയുന്നു: തിരുനബി ﷺ റുകൂഇലേക്ക് പോകുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു:

اَللّٰهُمَّ لَكَ رَكَعْتُ وَبِكَ آمَنْتُ وَلَكَ أَسْلَمْتُ وَعَلَيْكَ تَوَكَّلْتُ، أَنْتَ رَبِّي، خَشَعَ سَمْعِي وَبَصَرِي وَدَمِي وَلَحْمِي وَعَظْمِي وَعَصَبِي لِلّٰهِ رَبِّ الْعَالَمِيْنَ

''അല്ലാഹുവേ! നിനക്കുവേണ്ടിയാണ് ഞാൻ റുകൂഅ് ചെയ്തത്. നിന്നിൽ ഞാൻ വിശ്വസിച്ചു. ഞാൻ എന്നെത്തന്നെ നിനക്ക് സമർപ്പിച്ചു. നിന്നിലാണ് ഞാൻ തവക്കുൽ ചെയ്തിരിക്കുന്നത്. നീയാണ് എന്റെ റബ്ബ്. സർവലോകങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനു മുന്നിൽ എന്റെ കേൾവിയും കാഴ്ചയും രക്തവും മാംസവും അസ്ഥികളും നാഡികളും വിനയപൂർവ്വം കീഴടങ്ങിയിരിക്കുന്നു.'' (സുനൻ നസാഈ, കിതാബുത്തത്ബീഖ്, ബാബു നൗഇൻ ആഖർ, ഹദീസ്1051)

പ്രയാസ സമയത്ത് തവക്കുൽ

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത അബൂഹുറൈറ(റ) പറയുന്നു: തിരുനബി ﷺ അരുളിച്ചെയ്തു: ''എനിക്ക് ഏതെങ്കിലും വിഷമമോ പ്രയാസമോ ഉണ്ടാകുമ്പോഴെല്ലാം ജിബ്രീൽ (അ) എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് പറയുമായിരുന്നു: 'മുഹമ്മദ്! നിങ്ങൾ പറയുക:

تَوَكَّلْتُ عَلَى الْحَيِّ الَّذِي لَا يَمُوْتُ، وَالْحَمْدُ لِلّٰهِ الَّذِي لَمْ يَتَّخِذْ وَلَدًا وَلَمْ يَكُنْ لَهُ شَرِيْكٌ فِي الْمُلْكِ وَلَمْ يَكُنْ لَهُ وَلِيٌّ مِّنَ الذُّلِّ وَكَبِّرْهُ تَكْبِيْرًا

'ഒരിക്കലും മരിക്കാത്ത, എന്നെന്നും ജീവിച്ചിരിക്കുന്ന അല്ലാഹുവിലാണ് ഞാൻ തവക്കുൽ ചെയ്തിരിക്കുന്നത്. ഒരിക്കലും ഒരു മകനെ സ്വീകരിച്ചിട്ടില്ലാത്ത അല്ലാഹുവിനാണ് സർവസ്തുതിയും. അവന്റെ ആധിപത്യത്തിൽ യാതൊരു പങ്കാളിയുമില്ല. ദൗർബല്യത്തിന്റെ അവസ്ഥയിൽ സഹായിക്കാനായി അവന് യാതൊരു സംരക്ഷകനെയും ആവശ്യമില്ല. അതിനാൽ അവന്റെ മഹത്വം ഏറ്റവും ഉന്നതമായ രീതിയിൽ പ്രകീർത്തിക്കുക.'' (അൽ മുസ്തദ്റക് അലസ്സഹീഹൈൻ, കിതാബുദ്ദുആ വത്തക്ബീർവത്തഹ്ലീൽ വത്തസ്ബീഹ് വദ്ദിക്ർ, ഹദീസ് 1876, വാള്യം 1, പേജ് 689, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്)

തഹജ്ജുദ് സമയത്തെ തിരുനബി ﷺ യുടെ ദുആ

താവൂസ് ഹദ്റത്ത് ഇബ്നു അബ്ബാസ് (റ)യിൽനിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: തിരുനബി ﷺ രാത്രിയിൽ തഹജ്ജുദിനായി എഴുന്നേൽക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

• اَللّٰهُمَّ لَكَ الْحَمْدُ أَنْتَ قَيِّمُ السَّمٰوَاتِ وَالْأَرْضِ وَمَنْ فِيْهِنَّ، وَلَكَ الْحَمْدُ لَكَ مُلْكُ السَّمٰوَاتِ وَالْأَرْضِ وَمَنْ فِيْهِنَّ، وَلَكَ الْحَمْدُ أَنْتَ نُوْرُ السَّمٰوَاتِ وَالْأَرْضِ وَمَنْ فِيْهِنَّ، وَلَكَ الْحَمْدُ أَنْتَ مَلِكُ السَّمٰوَاتِ وَالْأَرْضِ، وَلَكَ الْحَمْدُ أَنْتَ الْحَقُّ وَوَعْدُكَ الْحَقُّ، وَلِقَاؤُكَ حَقٌّ، وَقَوْلُكَ حَقٌّ، وَالْجَنَّةُ حَقٌّ، وَالنَّارُ حَقٌّ، وَالنَّبِيُّوْنَ حَقٌّ، وَمُحَمَّدٌ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ حَقٌّ، وَالسَّاعَةُ حَقٌّ، اَللّٰهُمَّ لَكَ أَسْلَمْتُ وَبِكَ آمَنْتُ، وَعَلَيْكَ تَوَكَّلْتُ، وَإِلَيْكَ أَنَبْتُ، وَبِكَ خَاصَمْتُ، وَإِلَيْكَ حَاكَمْتُ، فَاغْفِرْ لِيْ مَا قَدَّمْتُ وَمَا أَخَّرْتُ، وَمَا أَسْرَرْتُ وَمَا أَعْلَنْتُ، أَنْتَ الْمُقَدِّمُ وَأَنْتَ الْمُؤَخِّرُ، لَا إِلٰهَ إِلَّا أَنْتَ

ഈ ദീർഘമായ ദുആയുടെ അർഥം: ''അല്ലാഹുവേ! എല്ലാ സ്തുതികളും നിനക്കാണ്. നീ ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ള എല്ലാറ്റിന്റെയും പരിപാലകനാണ്. എല്ലാ സ്തുതികളും നിനക്കാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ള എല്ലാറ്റിന്റെയും ആധിപത്യം നിനക്കാണ്. എല്ലാ സ്തുതികളും നിനക്കാണ്. നീ ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ളവരുടെയും രാജാവാണ്.

എല്ലാ സ്തുതികളും നിനക്കാണ്. നീയാണ് സത്യമായ അസ്തിത്വം. നിന്റെ വാഗ്ദാനം സത്യമാണ്. നിന്നെ കണ്ടു മുട്ടുക സത്യമാണ്. നിന്റെ വചനം സത്യമാണ്. സ്വർഗം സത്യമാണ്. നരകം സത്യമാണ്. പ്രവാചകന്മാർ സത്യമാണ്. മുഹമ്മദ് ﷺ സത്യമാണ്. അന്ത്യസമയവും സത്യമാണ്.

അല്ലാഹുവേ! ഞാൻ നിന്നോട് കീഴടങ്ങിയിരിക്കുന്നു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. നിന്നിലാണ് ഞാൻ തവക്കുൽ ചെയ്തിരിക്കുന്നത്. നിന്നിലേക്കാണ് ഞാൻ തിരിഞ്ഞിരിക്കുന്നത്. നിന്റെ സഹായത്താലാണ് ഞാൻ എതിർപ്പുകളെ നേരിടുന്നത്. നിന്റെ സന്നിധിയിലാണ് ഞാൻ വിധി തേടിയിരിക്കുന്നത്.

ഞാൻ മുമ്പ് ചെയ്തതും പിന്നീട് ചെയ്തതുമായ കാര്യങ്ങളും, രഹസ്യമായി ചെയ്തതും പരസ്യമായി ചെയ്തതുമായ കാര്യങ്ങളും നീ എനിക്ക് ക്ഷമിക്കണമേ. മുന്നോട്ടു കൊണ്ടു വരുന്നതും പിന്നിലാക്കുന്നതും നീ തന്നെയാണ്. നിന്നല്ലാതെ യാതൊരു ആരാധ്യനുമില്ല.''

അല്ലെങ്കിൽ തിരുനബിﷺ ഇങ്ങനെ പറയുമായിരുന്നു: لَا إِلٰهَ غَيْرُكَ

''നിന്നെക്കൂടാതെ മറ്റൊരു ആരാധ്യനുമില്ല.'' (സഹീഹുൽ ബുഖാരി, കിതാബുത്തഹജ്ജുദ്, ബാബുത്തഹജ്ജുദ് ബില്ലൈൽ, ഹദീസ്1120)

അല്ലാഹുവിന്റെ സംരക്ഷണത്തിൽ അഭയം തേടൽ

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു: തിരുനബിﷺ ഇപ്രകാരം പറയുമായിരുന്നു: ''അല്ലാഹുവേ! ഞാൻ നിന്റെ അനുസരണം സ്വീകരിച്ചിരിക്കുന്നു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. നിന്നിലാണ് ഞാൻ തവക്കുൽ ചെയ്തിരിക്കുന്നത്. നിന്നിലേക്കാണ് ഞാൻ വിനയത്തോടെ തിരിഞ്ഞിരിക്കുന്നത്. നിന്റെ സഹായത്താലാണ് ഞാൻ എതിർപ്പുകളെ നേരിടുന്നത്.

അല്ലാഹുവേ! നീ എന്നെ വഴി തെറ്റിച്ചവനായി വിധിക്കാതിരിക്കാനായി നിന്റെ മഹത്വത്തിൽ ഞാൻ അഭയം തേടുന്നു. നീല്ലാതെ ആരാധനയ്ക്ക് അർഹനാ യി മറ്റാരുമില്ല. നീ ഒരിക്കലും മരിക്കാത്ത, എന്നെന്നും ജീവിച്ചിരിക്കുന്നവനാ ണ്. ജിന്നുകളും മനുഷ്യരും മരിച്ചു പോകും.'' (സഹീഹ് മുസ്ലിം, കിതാബുദ്ദിക്ർ വദ്ദുആ വത്തൗബ വൽ ഇസ്തിഗ്ഫാർ, ഹദീസ് 4880, നൂർ ഫൗണ്ടേഷൻ പ്രസിദ്ധീകരണം, വാള്യം 14, പേജ്91)

എല്ലാ സമയത്തും തിരുനബിﷺയുടെ ശ്രദ്ധ അല്ലാഹുവിലായിരുന്നു.

തിരുനബി ﷺയുടെ ഈ ഗുണത്തിന്റെ ഉന്നതമായ മാതൃകയെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് എഴുതിയിട്ടുമുണ്ട്; ഒരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം വിവരിക്കുകയും ചെയ്തു: ''തിരുനബി ﷺക്ക് അല്ലാഹുവിൽ എത്ര ശക്തമായ തവക്കുൽ ഉണ്ടായിരുന്നു എന്നാൽ, എല്ലാ ദുരിതങ്ങളുടെയും പ്രയാസങ്ങളുടെയും സമയത്ത് അദ്ദേഹത്തിന്റെ ശ്രദ്ധ അല്ലാഹുവിൽ മാത്രമായിരുന്നു. അവനല്ലാത്ത എല്ലാറ്റിൽ നിന്നും തന്റെ ശ്രദ്ധ പൂർണ്ണമായി മാറ്റി നിർത്തുകയും ചെയ്തു.''

എന്നാൽ ഇന്നത്തെ ചില സൂഫിമാരെപ്പോലെ അദ്ദേഹം ഭൗതിക ഉപാധികളെ ഉപേക്ഷിച്ചിരുന്നില്ല. അതായത്, ''കാര്യങ്ങൾക്ക് യാതൊരു പ്രാധാന്യവുമില്ല; തവക്കുൽ മാത്രം മതി''എന്ന് പറയുന്ന രീതിയിലായിരുന്നില്ല. അദ്ദേഹം ഭൗതിക ഉപാധികൾ ഉപയോഗിച്ചിരുന്നു. കാരണം ഉപാധികളെ പൂർണ്ണമായി ഉപേക്ഷിക്കുന്നത് അല്ലാഹുവിന്റെ സൃഷ്ടിയെ അവഹേളിക്കുന്നതു പോലെയും അവന്റെ സൃഷ്ടിയെ വ്യർത്ഥമാക്കുന്നതു പോലെയും ആണ്.

എന്നാൽ: ''ഉപാധികൾ ഒരുക്കിയശേഷം അദ്ദേഹം പൂർണ്ണമായും അല്ലാഹുത ആലായിൽ തവക്കുൽ ചെയ്യുമായിരുന്നു. ഉപാധികൾ ഒരുക്കിയിരുന്നെങ്കിലും ഒരിക്കലും അവയിൽ ആശ്രയിക്കുകയോ അവയിൽ തവക്കുൽ ചെയ്യുകയോ ചെയ്തിരുന്നില്ല. മറിച്ച്, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ മാത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രതീക്ഷ.''

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: തിരുനബിﷺക്ക് ഏതെങ്കിലും വിഷമമുണ്ടാകുമ്പോൾ അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു:

لَا إِلٰهَ إِلَّا اللّٰهُ رَبُّ الْعَرْشِ الْعَظِيْمِ، لَا إِلٰهَ إِلَّا اللّٰهُ رَبُّ السَّمٰوَاتِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْكَرِيْمِ

''അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻ മഹത്തായ സിംഹാസനത്തിന്റെ റബ്ബാണ്. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻ ആകാശങ്ങളുടെ റബ്ബാണ്. അവൻ ഭൂമിയുടെ റബ്ബാണ്. അവൻ ആദരണീയമായ സിംഹാസനത്തിന്റെ റബ്ബാണ്.'' (സീറത്തുന്നബി ﷺ, അൻവാറുൽ ഉലൂം, വാള്യം 1, പേജ് 496-497)

അതായത്, എന്റെ ആശ്രയവും തവക്കുലും അല്ലാഹു തആലായിൽ മാത്രമാണ്.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു: حَسْبُنَا اللّٰهُ وَنِعْمَ الْوَكِيْلُ

''ഞങ്ങൾക്ക് അല്ലാഹു മാത്രം മതി; അവൻ ഏറ്റവും നല്ല കാര്യ നിർവാഹകനാകുന്നു.''

ഹദ്റത്ത് ഇബ്രാഹീം(അ) തീയിൽ എറിയപ്പെട്ടപ്പോൾ അദ്ദേഹം ഇതു തന്നെയാണ് പറഞ്ഞത്. അതുപോലെ, ആളുകൾ തിരുനബിﷺയോട്, ''ഇവർക്കെതിരെ വലിയ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്'' അതായത്, കാഫിറുകൾ നിങ്ങളെ നേരിടാൻ വലിയ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. അതിനാൽ അവരെ ഭയപ്പെടുക എന്നു പറഞ്ഞപ്പോൾ മുഹമ്മദ്ﷺമും ഇതു തന്നെയാണ് പറഞ്ഞത്.

ഹദീസുകൾക്ക് വ്യാഖ്യാനം നൽകുന്ന പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, ഈ വാക്കുകൾ ഉഹ്ദ്, ഹംറാ ഉൽ അസദ്, അല്ലെങ്കിൽ ഖന്ദഖ് തുടങ്ങിയ യുദ്ധസന്ദർഭങ്ങളിലായിരിക്കാം പറഞ്ഞത്. എന്നാൽ ഈ വിവരം അവരുടെ വിശ്വാസത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണുണ്ടായത്. അവർ പറഞ്ഞു:

حَسْبُنَا اللّٰهُ وَنِعْمَ الْوَكِيْلُ

''ഞങ്ങൾക്ക് അല്ലാഹുമാത്രം മതി; അവൻ ഏറ്റവും നല്ല കാര്യനിർവാഹകനാകുന്നു.''

ഈ നിവേദനം സഹീഹുൽ ബുഖാരിയിലും വന്നിട്ടുണ്ട്. (സഹീഹുൽ ബുഖാരി, കിതാബുത്തഫ്സീർ, ''ബാബു ഖൗലിഹില്ലദീന ഖാല ലഹുമുന്നാസ്...'' ഹദീസ് നമ്പർ 4563; ഫത്ഹുൽ ബാരി, വാല്യം 8, പേജ് 290; തഫ്സീറുൽ ഖുർആനിൽ അളീം, ഇബ്നു കസീർ, സൂറത്തു ആലു ഇംറാൻ, ആയത്ത് 174, വാല്യം 2, പേജ് 149-150; അത്തഫ്സീറുൽ മള്ഹരി, സൂറത്തുൽ അഹ്സാബ്, ആയത്ത് 10, വാല്യം 5, പേജ് 487; തഫ്സീറുൽ ബഗവി (മആലിമുത്തൻസീൽ), വാല്യം 1, പേജ് 374, സൂറത്തു ആലു ഇംറാൻ, ആയത്ത് 174)

മക്കയിലെ മുശ്രിക്കുകൾ തിരുനബിﷺക്ക് വിവിധ തരത്തിലുള്ള പ്രലോഭനങ്ങൾ നൽകുകയും, തിരുനബിﷺ അല്ലാഹു തആലായിലുള്ള അതുല്യമായ തവക്കുലോടെ അവയ്ക്ക് മറുപടി നൽകുകയും ചെയ്ത വിവിധ സംഭവങ്ങൾ

ഇത് എങ്ങനെയായിരുന്നു?

ഇത്തരത്തിലുള്ള ഒരു സംഭവത്തെക്കുറിച്ച് ഇബ്നു ഇസ്ഹാഖ് വിവരിക്കുന്നുണ്ട്. ഒരിക്കൽ ഖുറൈശികളുടെ നേതാക്കളിൽപ്പെട്ട ഉത്ബ ബിൻ റബീഅ ഖുറൈശികളുടെ ഒരു സദസ്സിൽ ഇരിക്കുകയായിരുന്നു. അതേസമയം തിരുനബിﷺ മസ്ജിദുൽ ഹറാമിൽ തനിച്ചിരിക്കുകയുമായിരുന്നു.

ഉത്ബ പറഞ്ഞു: ''ഖുറൈശികളുടെ സമൂഹമേ! ഞാൻ മുഹമ്മദ്ﷺ യുടെ അടുത്തേക്ക് പോയി അദ്ദേഹവുമായി സംസാരിച്ചാലോ? അദ്ദേഹത്തിന് മുമ്പാകെ ചില നിർദേശങ്ങൾ അവതരിപ്പിക്കാം. ഒരുപക്ഷേ, അവയിൽ ഏതെങ്കിലും ഒന്ന് അദ്ദേഹം സ്വീകരിച്ചേക്കാം. അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ നാം നിറവേറ്റാം; പകരം, നമുക്കെതിരെയുള്ള തന്റെ പ്രബോധനത്തിൽ നിന്ന് അദ്ദേഹം പിന്മാറട്ടെ.''

അപ്പോഴേക്കും ഹദ്റത്ത് ഹംസ(റ) ഇസ്ലാം സ്വീകരിച്ചിരുന്നു. തിരുനബിﷺയുടെ അനുയായികളുടെ എണ്ണം ദിവസംതോറും വർധിച്ചുകൊണ്ടിരിക്കുന്നതും ഖുറൈശികൾ കാണുന്നുണ്ടായിരുന്നു.

അതിനാൽ ഖുറൈശികൾ പറഞ്ഞു: ''തീർച്ചയായും, അബുൽ വലീദ്! നിങ്ങൾ തന്നെയാണ് അദ്ദേഹത്തോട് സംസാരിക്കേണ്ടത്.''

അങ്ങനെ ഉത്ബ തിരുനബിﷺയുടെ അടുത്തേക്ക് ചെന്നു. സമീപത്തിരുന്നുകൊണ്ട് പറഞ്ഞു: ''എന്റെ സഹോദരപുത്രാ! നിന്റെ കുടുംബത്തിൽ നിനക്കുള്ള സ്ഥാനവും ബഹുമാനവും നിനക്കറിയാം. വംശപരമായും നീ ആദരണീയനാണ്. എന്നാൽ നീ നിന്റെ ജനതയുടെ മുമ്പിൽ വളരെ ഗുരുതരമായ ഒരു കാര്യം കൊണ്ടുവന്നിരിക്കുന്നു. അതിലൂടെ അവരുടെ ഐക്യം നീ തകർത്തു. അവരുടെ ബുദ്ധിയെ നീ നിന്ദിച്ചു. അവരുടെ ദൈവങ്ങളെയും മതത്തെയും നീ അപമാനിച്ചു. അവരുടെ കഴിഞ്ഞു പോയ പൂർവ്വികരെ നീ കാഫിറുകളായി പ്രഖ്യാപിച്ചു.

''ഇനി എന്റെ ചില കാര്യങ്ങൾ ശ്രദ്ധിച്ചു കേൾക്കുക. ഞാൻ നിന്റെ മുമ്പിൽ ചില നിർദേശങ്ങൾ വെക്കുകയാണ്. ഒരുപക്ഷേ, അവയിൽ ഏതെങ്കിലും ഒന്ന് നീ സ്വീകരിച്ചേക്കാം.''

തിരുനബിﷺ പറഞ്ഞു: ''പറയൂ, അബുൽ വലീദ്! ഞാൻ കേൾക്കുന്നുണ്ട്.''

ഉത്ബ പറഞ്ഞു: ''എന്റെ സഹോദരപുത്രാ! ഈ പ്രബോധനത്തിലൂടെ നിന്റെ ലക്ഷ്യം സമ്പത്ത് നേടുക എന്നതാണെങ്കിൽ, ഞങ്ങൾ ഞങ്ങളുടെ സമ്പത്ത് മുഴുവൻ ശേഖരിച്ച് നിനക്ക് നൽകാം. അങ്ങനെ നീ ഞങ്ങളിൽ ഏറ്റവും വലിയ ധനികനായിത്തീരും. നിനക്ക് ബഹുമതിയും നേതൃത്വവുമാണ് ആഗ്രഹമെങ്കിൽ ഞങ്ങൾ നിന്നെ ഞങ്ങളുടെ നേതാവാക്കാം. നിന്റെ ഉപദേശം കൂടാതെ യാതൊരു തീരുമാനവും എടുക്കുകയില്ല. നിനക്ക് രാജാധികാരമാണ് ആഗ്രഹിക്കുന്നതെങ്കിൽ ഞങ്ങൾ നിന്നെ ഞങ്ങളുടെ രാജാവായി അംഗീകരിക്കാം. ഇനി, നിന്റെ മേൽ ഏതെങ്കിലും ആത്മാവോ ജിന്നോ ആധിപത്യം സ്ഥാപിച്ചിട്ടുണ്ടെന്നും അതിനെ നിനക്ക് സ്വയം അകറ്റാൻ കഴിയുന്നില്ലെന്നും ആണെങ്കിൽ-(അത്തരം കാര്യങ്ങളും അന്നത്തെ ജനങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു; അവർ അന്ധവിശ്വാസികളായിരുന്നു, ഒരു ജിന്നിന് ആളുകളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ കഴിയുമെന്ന് അവർ കരുതിയിരുന്നു)- ഏറ്റവും മികച്ച വൈദ്യന്മാരെക്കൊണ്ട് ഞങ്ങൾ നിനക്ക് ചികിത്സ നൽകാം. അതിനായി ഞങ്ങളുടെ സമ്പത്ത് മുഴുവൻ ചെലവഴിക്കാനും ഞങ്ങൾ തയ്യാറാണ്. നീ പൂർണ്ണമായി സുഖം പ്രാപിക്കുന്നതുവരെ ഞങ്ങൾ ചികിത്സ തുടരും. കാരണം, ചിലപ്പോൾ മനുഷ്യന്റെ മേൽ ഇത്തരം അവസ്ഥകൾ ആധിപത്യം സ്ഥാപിക്കുകയും അതിന് ചികിത്സ ആവശ്യമായി വരികയും ചെയ്യാറുണ്ട്.''

ഉത്ബ തന്റെ സംസാരം പൂർത്തിയാക്കി. തിരുനബിﷺ നിശ്ശബ്ദമായി അയാളുടെ വാക്കുകൾ കേട്ടുകൊണ്ടിരുന്നു.

ശേഷം തിരുനബിﷺ ചോദിച്ചു: ''അബുൽ വലീദ്! നിനക്ക് പറയാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞോ?''

അയാൾ പറഞ്ഞു: ''അതെ.''

തിരുനബിﷺ പറഞ്ഞു:''എങ്കിൽ ഇനി എന്റെ വാക്കുകൾ കേൾക്കൂ.''

അയാൾ പറഞ്ഞു: ''തീർച്ചയായും! ഞാൻ കേൾക്കുന്നുണ്ട്.''

അപ്പോൾ തിരുനബിﷺ സൂറത്തുൽ ഹാമീം സജ്ദ (സൂറത്തു ഫുസ്സിലത്ത്) യിലെ ഈ ആയത്തുകൾ പാരായണം ചെയ്തു:

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

حٰمٓ

تَنْزِيْلٌ مِّنَ الرَّحْمٰنِ الرَّحِيْمِ

كِتٰبٌ فُصِّلَتْ اٰيٰتُهٗ قُرْاٰنًا عَرَبِيًّا لِّقَوْمٍ يَّعْلَمُوْنَ

بَشِيْرًا وَّنَذِيْرًا ۚ فَاَعْرَضَ اَكْثَرُهُمْ فَهُمْ لَا يَسْمَعُوْنَ

...وَقَالُوْا قُلُوْبُنَا فِيْٓ اَكِنَّةٍ مِّمَّا تَدْعُوْنَآ اِلَيْهِ

(ഹാമീം സജ്ദ: 1-6)

''അത്യധികം കരുണ ചൊരിയുന്നവനും നിരന്തരംകരുണ കാണിക്കുന്നവനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. ഹാമീം. ഈ ഖുർആൻ അത്യധികം കരുണയുള്ളവനും നിരന്തരം കരുണ കാണിക്കുന്നവനുമായ ദൈവത്തിൽനിന്ന് അവതരിപ്പിക്കപ്പെട്ടതാണ്. ആയത്തുകൾ വിശദമായി വിവരിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണിത്. ഇത് അറബി ഭാഷയിലുള്ള ഖുർആനാണ്; ആത്മീയ ജ്ഞാനമുള്ള ജനങ്ങൾക്ക് വേണ്ടി. ഇത് സദ്യത്തർക്ക് സന്തോഷവാർത്ത നൽകുന്നതും ദുഷ്ടരെ മുന്നറിയിപ്പ് നൽകുന്നതുമാണ്. എന്നിട്ടും അവരിൽ ഭൂരിഭാഗവും മുഖംതിരിച്ചു; അവർ അത് കേൾക്കാൻ പോലും തയ്യാറായില്ല. അവർ പറയുന്നു: 'നീ ഞങ്ങളെ ഏതിന്റെയടുത്തേക്ക് ക്ഷണിക്കുന്നുവോ അതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ മറകളാൽ ആവൃതമാണ്; അതിനാൽ അത് ഞങ്ങളുടെ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തുകയില്ല...''

തിരുനബിﷺ ഈ ആയത്തുകൾ പാരായണം ചെയ്തുകൊണ്ടിരുന്നു. ഉത്ബ മൗനം പാലിച്ച് പൂർണ്ണ ശ്രദ്ധയോടെ അത് കേട്ടുകൊണ്ടിരുന്നു. അയാൾ തന്റെ രണ്ടു കൈകളും പിന്നിലേക്ക് ഊന്നിവെച്ച് അതീവ ശ്രദ്ധയോടെയാണ് ഖുർആൻ ശ്രവിച്ചത്.

തിരുനബിﷺ സജ്ദയുടെ ആയത്തിൽ എത്തിയപ്പോൾ സജ്ദ ചെയ്തു. തുടർന്ന് ഉത്ബയോട് പറഞ്ഞു:

''അബുൽ വലീദ്! നീ കേൾക്കേണ്ടതെല്ലാം കേട്ടു കഴിഞ്ഞു. ഇനി തീരുമാനം നിന്റെ കൈയിലാണ്. ഞാൻ നിന്റെ വാക്കുകൾ കേട്ടു; നീ എന്റെ വാക്കുകളും കേട്ടു. ഇനി നീ തീരുമാനിക്കുക.''

തിരുനബിﷺ യുടെ അല്ലാഹു തആലായിലുള്ള പൂർണ്ണ വിശ്വാസവും തവക്കുലും

തിരുനബിﷺ ക്ക് അല്ലാഹു തആലായിൽ പൂർണ്ണമായ വിശ്വാസവും തവക്കുലും ഉണ്ടായിരുന്നത് ഓരോ ദിവസവും പുതിയൊരു രൂപത്തിൽ പ്രകടമായിരുന്നു.

ചരിത്രം പറയുന്നു: തിരുനബിﷺ ഉത്ബയ്ക്ക് ഈ മറുപടി നൽകിയ ശേഷവും അതേ ദൃഢനിശ്ചയത്തിൽ തന്നെ ഉറച്ചുനിന്നു. സ്വയം മാറുകയും തീരുമാനമെടുക്കുകയും ചെയ്യേണ്ടത് അയാളാണെന്ന് അദ്ദേഹം വ്യക്തമാക്കി. അതേ സമയം, തിരുനബിﷺ അല്ലാഹുവിന്റെ ദീൻ പ്രചരിപ്പിക്കുന്നതും ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതും തുടർന്നു കൊണ്ടിരുന്നു.

തുടർന്ന് ഈ കാഫിറുകളുടെ സംഘം മുഴുവൻ അബൂ താലിബിന്റെ അടുത്തേക്ക് ചെന്നു പറഞ്ഞു:

''ഞങ്ങൾ നിങ്ങളോട് നിങ്ങളുടെ സഹോദരപുത്രനെ തടയണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നിങ്ങൾ അദ്ദേഹത്തെ തടഞ്ഞില്ല. ഇനി ഒന്നുകിൽ അദ്ദേഹം ഞങ്ങളെക്കുറിച്ച് ഇത്തരം കാര്യങ്ങൾ പറയുന്നത് ഞങ്ങൾ തടയും; അല്ലെങ്കിൽ അദ്ദേഹത്തോടും നിങ്ങളോടും ഞങ്ങൾ ഏറ്റുമുട്ടും. ഞങ്ങളിൽ ഒരു വിഭാഗം നശിക്കുന്നതുവരെ ഈ ഏറ്റുമുട്ടൽ തുടരും.''

ഖുറൈശികൾ അബൂതാലിബിനോട് ഇങ്ങനെ പറഞ്ഞപ്പോൾ അദ്ദേഹം തിരുനബിﷺ യെ വിളിപ്പിച്ച് പറഞ്ഞു: ''എന്റെ സഹോദരപുത്രാ! എനിക്ക് സഹിക്കാൻ കഴിയാത്ത ഒരു ഭാരവും എന്റെമേൽ ചുമത്തരുത്.''

തന്റെ പിതൃസഹോദരൻ തന്റെ സഹായം ഉപേക്ഷിക്കുകയും തന്നെ ഖുറൈശികളുടെ കൈകളിൽ ഏൽപ്പിക്കുകയും ചെയ്യുമെന്നായിരുന്നു തിരുനബിﷺ കരുതിയത്.

അപ്പോൾ തിരുനബിﷺ പറഞ്ഞു: ''പിതൃസഹോദരാ! അല്ലാഹുവാണെ സത്യം!

• ഹദീഥുന്നബ്വിﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വിﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

ഇവർ എന്റെ വലതു കൈയിൽ സൂര്യനെയും ഇടതു കൈയിൽ ചന്ദ്രനെയും വെച്ചുതന്നാലും, എന്റെ ഈ ദൗത്യത്തിൽ നിന്ന് ഞാൻ പിന്മാറുകയില്ല. അല്ലാഹു ഈ കാര്യം പൂർത്തിയാക്കുന്നതുവരെ, അല്ലെങ്കിൽ ഈ ശ്രമത്തിൽ ഞാൻ നശിക്കുന്നതുവരെ, ഞാൻ എന്റെ ദൗത്യത്തിൽ തുടർന്നുകൊണ്ടേയിരിക്കും.''

ശേഷം തിരുനബി ﷺ അവിടെ നിന്ന് എഴുന്നേറ്റ് പോകാൻ തുടങ്ങി. അപ്പോൾ അബൂതാലിബ് അദ്ദേഹത്തെ വിളിച്ച് പറഞ്ഞു:

''എന്റെ സഹോദരപുത്രാ! നിനക്ക് ഇഷ്ടമുള്ളത് പറഞ്ഞുകൊള്ളൂ. അല്ലാഹുവാണെ സത്യം! യാതൊരു പ്രതിഫലത്തിനു വേണ്ടിയും ഞാൻ നിന്നെ ഇവരുടെ കൈകളിൽ ഏൽപ്പിക്കുകയില്ല.'' (അസ്സീറതുന്നബവിയ്യ ലി ഇബ്നു ഹിശാം, പേജ് 200-201, 220, ദാറുൽ കുതുബിൽ ഇൽമിയ്യ, 2001)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ യഥാർത്ഥ ചരിത്ര സംഭവങ്ങളുടെ ചിത്രം വരച്ചു കാട്ടിക്കൊണ്ട് ഇപ്രകാരം വിവരിക്കുന്നു:

തിരുനബി ﷺ അല്ലാഹു തആലാ യുടെ ഏകത്വത്തെക്കുറിച്ച് ജനങ്ങളെ ഉപദേശിക്കുകയും ശിർക്കിനെ ഖണ്ഡിക്കുകയും ചെയ്തു തുടങ്ങിയപ്പോൾ, മക്കക്കാർക്ക് അത് വളരെ അസഹ്യമായി തോന്നി. ഒടുവിൽ, ഒരു ദിവസം അവർ പരസ്പരം കൂടിയാലോചിച്ച് ഒരു പ്രതിനിധി സംഘമായി തിരുനബി ﷺ യുടെ പിതൃ സഹോദരനായ അബൂതാലിബിന്റെ അടുത്തെത്തി. അവർ അദ്ദേഹത്തോട് പറഞ്ഞു:

''താങ്കൾ ഞങ്ങളുടെ ജനതയുടെ നേതാവാണ്. ഞങ്ങൾ താങ്കളെ വളരെയധികം ആദരിക്കുന്നു. താങ്കളോടുള്ള ആദരവുകൊണ്ടാണ് താങ്കളുടെ സഹോദര പുത്രനെ ഇതുവരെ ഞങ്ങൾ ഒന്നും ചെയ്യാതിരുന്നത്. എന്നാൽ ഇപ്പോൾ കാര്യം പരിധി കടന്നിരിക്കുന്നു. അതുകൊണ്ടാണ് ഞങ്ങൾ താങ്കളുടെ അടുത്ത് വന്നിരിക്കുന്നത്. ഈ വിഷയത്തിൽ ഞങ്ങളുടെ ഭാഗത്തുനിന്നുള്ള അവസാന വാക്ക് അദ്ദേഹത്തോട് പറയണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.''

തുടർന്ന്, ഉത്ബ തിരുനബി ﷺ യോട് പറഞ്ഞ അതേ കാര്യങ്ങൾ അവർ ആവർത്തിച്ചു. അതായത്, ഉന്നതകുടുംബത്തിലെ ഏറ്റവും സുന്ദരിയായ സ്ത്രീയെ വിവാഹം കഴിക്കാമെന്ന പ്രലോഭനം, പണത്തിന്റെ പ്രലോഭനം, സമ്പത്തിന്റെ പ്രലോഭനം, അധികാരത്തിന്റെ പ്രലോഭനം എന്നിവ.

അവർ പറഞ്ഞു: ''എന്നാൽ അദ്ദേഹത്തോട് ഞങ്ങളുടെ വിഗ്രഹങ്ങളെ അധിക്ഷേപിക്കാതിരിക്കാനുള്ള പരിഗണനയെങ്കിലും കാണിക്കണമെന്ന് പറയുക. ഞങ്ങളുടെ വിഗ്രഹങ്ങളെ ആരാധിക്കണമെന്ന് ഞങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെടുന്നില്ല. ഞങ്ങളുടെ വിഗ്രഹങ്ങളെ അധിക്ഷേപിക്കാതിരിക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങളുടെ ഈ നിർദേശങ്ങളിൽ ഒന്നുപോലും അദ്ദേഹം അംഗീകരിക്കുന്നില്ലെങ്കിൽ, താങ്കൾ അദ്ദേഹത്തെ പിന്തുണയ്ക്കുന്നത് അവസാനിപ്പിക്കുക. പിന്നെ ഞങ്ങൾ തന്നെ അദ്ദേഹത്തെ നേരിട്ടുകൊള്ളാം.''

അബൂതാലിബ് വളരെ നല്ല മനുഷ്യനായിരുന്നു. തിരുനബി ﷺ യോട് അദ്ദേഹത്തിന് വലിയ സ്നേഹവുമുണ്ടായിരുന്നു. എന്നാൽ തന്റെ നേതൃത്വവും അദ്ദേഹത്തിന് വളരെ പ്രിയപ്പെട്ടതായിരുന്നു.

അദ്ദേഹം തിരുനബി ﷺ യെ വിളിപ്പിച്ച് പറഞ്ഞു: ''ഇന്ന് നിന്റെ ജനത എന്റെ അടുത്ത് വന്നിരുന്നു. അവർ പറഞ്ഞു: 'അബൂതാലിബ്! ഞങ്ങൾക്ക് നിങ്ങളോട് ആദരവുണ്ട്. നിങ്ങളോടുള്ള ആദരവു കൊണ്ടാണ് ഇതുവരെ നിങ്ങളുടെ സഹോദരപുത്രനോട് ഞങ്ങൾ ഒന്നും ചെയ്യാതിരുന്നത്. എന്നാൽ ഇപ്പോൾ കാര്യം പരിധി കടന്നിരിക്കുന്നു.'

''അദ്ദേഹം മറ്റൊന്നും അംഗീകരിക്കുന്നില്ലെങ്കിൽ, ഞങ്ങളുടെ വിഗ്രഹങ്ങളെ അധിക്ഷേപിക്കാതിരിക്കണമെന്ന് മാത്രം അദ്ദേഹത്തോട് പറയുക. അദ്ദേഹത്തെ ഞങ്ങളുടെ രാജാവാക്കാൻ ഞങ്ങൾ തയ്യാറാണ്. സമ്പത്താണ് വേണ്ടതെങ്കിൽ, സമ്പത്ത് നൽകാൻ ഞങ്ങൾ തയ്യാറാണ്. അറബിൽ അദ്ദേഹത്തേക്കാൾ വലിയ ധനികനായി മറ്റാരും ശേഷിക്കാത്ത വിധം ഞങ്ങൾ അദ്ദേഹത്തിന് സമ്പത്ത് നൽകാം. ഇവയെല്ലാം അദ്ദേഹത്തിന് നൽകാൻ ഞങ്ങൾ തയ്യാറാണ്. സുന്ദരിയായ ഭാര്യയാണ് വേണ്ടതെങ്കിൽ, ഏറ്റവും നല്ല സ്ത്രീയെ കണ്ടെത്തി അദ്ദേഹത്തെ വിവാഹം കഴിപ്പിക്കാനും ഞങ്ങൾ തയ്യാറാണ്. ചുരുക്കത്തിൽ, അദ്ദേഹം എന്ത് ആവശ്യപ്പെട്ടാലും അത് നിറവേറ്റാൻ ഞങ്ങൾ തയ്യാറാണ്. അദ്ദേഹം ചെയ്യേണ്ടത് ഇത്രമാത്രം: ഞങ്ങളുടെ വിഗ്രഹങ്ങളെ അധിക്ഷേപിക്കാതിരിക്കുക.''

തിരുനബി ﷺ ക്ക് അബൂതാലിബ് ചെയ്ത ഉപകാരങ്ങൾ വളരെ വലുതായിരുന്നു. ബാല്യകാലം മുതൽ അദ്ദേഹം തിരുനബി ﷺയെ വലിയ സ്നേഹത്തോടെയും വാത്സല്യത്തോടെയും വളർത്തി. എല്ലാ ദു:ഖങ്ങളിലും പ്രയാസങ്ങളിലും അദ്ദേഹം തിരുനബി ﷺയെ പിന്തുണച്ചു.

തന്റെ പിതൃസഹോദരന്റെ ഈ അവസ്ഥ കണ്ടപ്പോൾ തിരുനബി ﷺ അദ്ദേഹത്തിന്റെ ഉപകാരങ്ങൾ ഓർത്തു. അവിടുത്തെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു. എന്നാൽ അവിടുന്ന് പറഞ്ഞു: ''പിതൃസഹോദരാ! അങ്ങ് എന്നെ സഹായിക്കണമെന്ന് ഞാൻ പറയുന്നില്ല. അങ്ങ് തീർച്ചയായും സ്വന്തം ജനതയുടെ പക്ഷം ചേർന്നുകൊള്ളുക; എന്നെ വിട്ടുകളയുകയും ചെയ്യാം. അല്ലാഹുവാണെ സത്യം! ഇവർ സൂര്യനെ എന്റെ വലതു വശത്തും ചന്ദ്രനെ എന്റെ ഇടതു വശത്തും കൊണ്ടു വന്ന് നിർത്തിയാലും, ഏക ദൈവമായ അല്ലാഹുവിന്റെ നാമം പ്രഖ്യാപിക്കുന്നതിൽ നിന്ന് ഞാൻ പിന്മാറുകയില്ല.''

അല്ലാഹു തആലായുടെ സത്തയിലുള്ള എത്ര വലിയ ഉറപ്പും വിശ്വാസവുമാണിത്!

സൂര്യൻ അതിന്റെ സ്ഥാനത്തു നിന്ന് മാറുക എന്നത് എത്ര വലിയൊരു അത്ഭുതമായിരിക്കും! അത്തരമൊരു സംഭവം നടന്നാൽ മനുഷ്യൻ അത്ഭുതപ്പെട്ടു പോകും. എന്നാൽ തിരുനബി ﷺ പറയുന്നു: ''അവർ സൂര്യനെ അതിന്റെ സ്ഥാനത്തു നിന്ന് മാറ്റി എന്റെ അടുത്ത് കൊണ്ടുവന്ന് നിർത്തിയാലും, ചന്ദ്രനെ അതിന്റെ സ്ഥാനത്തു നിന്ന് മാറ്റി എന്റെ അടുത്ത് കൊണ്ടുവന്ന് നിർത്തിയാലും, അല്ലാഹു തആലായുടെ സത്തയിൽ എനിക്ക് അത്രയേറെ വിശ്വാസവും ഉറപ്പുമുണ്ട്; ഞാൻ ഈ കാര്യങ്ങളെയെല്ലാം വെറുമായാജാലമായി കണക്കാക്കുകയും അവരുടെ വിഗ്രഹാരാധനയെ ഞാൻ എപ്പോഴും എതിർക്കുകയും ചെയ്യും. എന്റെ ദൗത്യത്തിൽ നിന്ന് ഒരിക്കലും പിന്മാറുന്നതുമല്ല.'' (ഉസ്വയെ ഹസന, അൻവാറുൽ ഉലൂം, വാല്യം 17, പേജ് 105-106)

അല്ലാഹു തആലായിലുള്ള പൂർണ്ണ വിശ്വാസത്തിന്റെയും തവക്കുലിന്റെയും അതുല്യമായ സ്ഥാനം

അല്ലാഹു തആലായുടെ സത്തയിലുള്ള വിശ്വാസത്തിന്റെയും പൂർണ്ണ തവക്കുലിന്റെയും ഇതുപോലൊരു ഉന്നത സ്ഥാനം മറ്റെവിടെയും കാണാൻ കഴിയില്ല.

ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് അലൈ ഹിസ്സലാം പറയുന്നു: ''മുശ്രിക്കുകൾ 'റിജ്സ്' (അശുദ്ധരാ)ണെന്നും, 'ശറുൽ ബരിയ്യ'(സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവരാ)ണെന്നും 'സുഫഹാ'(ബുദ്ധിഹീനരാ)ണെന്നും 'ദുർറിയ്യത്തു ശൈതാൻ' (ശൈതാന്റെ സന്തതികളാ)ണെന്നും അവരുടെ ആരാധ്യവസ്തുക്കൾ وَقُوْدُالنَّار(തീയുടെ ഇന്ധനമാ) ണെന്നും ** حَصَبُ جَهَنَّم (നരകത്തിന്റെ ഇന്ധന)മാണെന്നും പ്രഖ്യാപിക്കുന്ന ഈ ആയത്തുകൾ അവതരിച്ചപ്പോൾ, അബൂതാലിബ് തിരുനബി ﷺ യെ വിളിച്ച് പറഞ്ഞു:

'എന്റെ സഹോദരപുത്രാ! നിന്റെ ഈ അധിക്ഷേപ വാക്കുകൾ മൂലം ജനത വളരെയധികം പ്രകോപിതരായിരിക്കുന്നു. അവർ നിന്നെ വധിക്കുകയും അതോടൊപ്പം എന്നെയും നശിപ്പിക്കുകയും ചെയ്യാൻ സാധ്യതയുണ്ട്. അവരുടെ ബുദ്ധിമാന്മാരെ നീ ''സുഫഹാ'' (ബുദ്ധിഹീനർ) എന്നു വിളിച്ചു. അവരുടെ പ്രമുഖരെ ''ശറുൽ ബരിയ്യ'' (സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവർ) എന്നു വിശേഷിപ്പിച്ചു. അവർ ആദരിക്കുന്ന ആരാധ്യവസ്തുക്കളെ ''ഹൈസമുൽ ജഹന്നം'' (നരകത്തിന്റെ ഇന്ധനം) എന്നും ''വഖൂദുന്നാർ'' (തീയുടെ ഇന്ധനം) എന്നും വിളിച്ചു. പൊതുവായി അവരെയെല്ലാം ''റിജ്സ്'', ''ദുർറിയ്യത്തു ശൈതാൻ'', ''പലീദ്'' എന്നിങ്ങനെ വിശേഷിപ്പിച്ചു.

''നിന്റെ നന്മ ആഗ്രഹിച്ചുകൊണ്ടാണ് ഞാൻ പറയുന്നത്: നിന്റെ നാവ് നിയന്ത്രിക്കുകയും അധിക്ഷേപം ഉപേക്ഷിക്കുകയും ചെയ്യുക. അല്ലാത്ത പക്ഷം, നിന്റെ ജനതയെ നേരിടാനുള്ള ശക്തി എനിക്കില്ല.''

തിരുനബി ﷺ മറുപടി നൽകി: ''പിതൃസഹോദരാ! ഇത് അധിക്ഷേപമല്ല. മറിച്ച് യാഥാർഥ്യത്തിന്റെ പ്രകടനവും യഥാർത്ഥ വസ്തുത അതിന്റെ യഥാസ്ഥാനത്ത് അവതരിപ്പിക്കലുമാണ്. എന്നെ അയച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം തന്നെ ഇതാണ്. ഇതിന്റെ പേരിൽ എനിക്ക് മരണം നേരിടേണ്ടി വരുന്നുവെങ്കിൽ, ആ മരണം ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നു. എന്റെ ജീവിതം ഈ മാർഗത്തിൽ സമർപ്പിക്കപ്പെട്ടതാണ്. മരണഭയം കാരണം സത്യം പ്രകടിപ്പിക്കുന്നതിൽ നിന്ന് എനിക്ക് പിന്മാറാൻ കഴിയില്ല.''

''പിതൃസഹോദരാ! സ്വന്തം ദൗർബല്യത്തെയും താങ്കൾ അനുഭവിക്കുന്ന പ്രയാസത്തെയും കുറിച്ചാണ് താങ്കൾ ചിന്തിക്കുന്നതെങ്കിൽ, എന്നെ സംരക്ഷിക്കുന്നതിൽ നിന്ന് താങ്കൾ പിന്മാറിക്കൊള്ളുക. അല്ലാഹുവാണെ സത്യം! എനിക്ക് താങ്കളുടെ സഹായം യാതൊന്നും ആവശ്യമില്ല. അല്ലാഹുവിന്റെ കൽപ്പനകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ നിന്ന് ഞാൻ ഒരിക്കലും പിന്മാറുകയില്ല. എന്റെ യജമാനനായ അല്ലാഹുവിന്റെ കൽപ്പനകൾ എനിക്ക് എന്റെ ജീവനേക്കാൾ പ്രിയപ്പെട്ടതാണ്.''

''അല്ലാഹുവാണെ സത്യം! ഈ മാർഗത്തിൽ ഞാൻ കൊല്ലപ്പെട്ടാലും, വീണ്ടും വീണ്ടും ജീവൻ ലഭിക്കുകയും വീണ്ടും വീണ്ടും ഇതേ മാർഗത്തിൽ മരിക്കുകയും ചെയ്യുന്നതായിരുന്നാലും അതാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇത് ഭയപ്പെടേണ്ട ഒരു മാർഗമല്ല. മറിച്ച്, അവന്റെ മാർഗത്തിൽ കഷ്ടപ്പാടുകൾ സഹിക്കുന്നതിൽ എനിക്ക് അളവറ്റ ആനന്ദമുണ്ട്.''

തിരുനബി ﷺ ഈ പ്രസംഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ, അവിടുത്തെ മുഖത്ത് സത്യസന്ധതയും പ്രകാശവും നിറഞ്ഞ അതിയായ ആർദ്രത പ്രകടമായിരുന്നു.

തിരുനബി ﷺ തന്റെ വാക്കുകൾ പൂർത്തിയാക്കിയപ്പോൾ, സത്യത്തിന്റെ പ്രകാശം ദർശിച്ച അബൂതാലിബിന്റെ കണ്ണുകളിൽ നിന്ന് അറിയാതെ കണ്ണുനീർ ഒഴുകി.

അദ്ദേഹം പറഞ്ഞു: ''നിന്റെ ഈ ഉന്നതമായ അവസ്ഥയെക്കുറിച്ച് ഞാൻ ഇതുവരെ അറിഞ്ഞിരുന്നില്ല. നീ തികച്ചും വ്യത്യസ്തമായ ഒരു നിറത്തിലും വ്യത്യസ്തമായ ഒരു മഹത്വത്തിലുമാണ്. പോകൂ, നിന്റെ ദൗത്യത്തിൽ മുഴുകിക്കൊള്ളൂ. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം എനിക്ക് കഴിയുന്നത്ര ഞാൻ നിന്നോടൊപ്പം ഉണ്ടായിരിക്കും.'' (ഇസാലയെ ഔഹാം, ഭാഗം 1, റൂഹാനി ഖസാഇൻ, വാല്യം 3, പേജ് 110-111)

ത്വാഇഫിൽ നിന്ന് മടങ്ങി വന്നപ്പോൾ തിരുനബി ﷺ പ്രകടിപ്പിച്ച തവക്കുലിന്റെ ഒരു സംഭവം

ത്വാഇഫിൽ നിന്ന് മടങ്ങിവരുമ്പോൾ തിരുനബി ﷺ തനിച്ചായിരുന്നു. ത്വാഇഫിലെ നേതാക്കൾക്ക് ദീൻ പ്രബോധിക്കുന്നതിനായി അവിടുന്ന് പുറപ്പെട്ടതായിരുന്നു. എന്നാൽ അവർ അതിക്രമത്തിന്റെ എല്ലാ പരിധികളും ലംഘിച്ചു. ഇപ്പോൾ മടങ്ങിവരുമ്പോൾ, പ്രത്യക്ഷത്തിൽ മക്കയിലേക്ക് പ്രവേശിക്കാനുള്ള വഴിയും കാണുന്നില്ലായിരുന്നു. ഒരു സേവകൻ മാത്രമാണ് അവിടുത്തെ കൂടെയുണ്ടായിരുന്നത്. ഇനി എന്ത് സംഭവിക്കും എന്ന ആശങ്ക ആ സേവകനെ അലട്ടിക്കൊണ്ടിരുന്നു.

എന്നാൽ തിരുനബി ﷺക്ക് തന്റെ റബ്ബിൽ പൂർണ്ണ തവക്കുലുണ്ടായിരുന്നു.

ഈ സംഭവം വിവരിച്ചുകൊണ്ട് അന്നത്തെ സേവകനായിരുന്ന ഹദ്റത്ത് സൈദ് ബിൻ ഹാരിസ്(റ) പറയുന്നു:

ഞാൻ തിരുനബി ﷺ യുടെ സന്നിധിയിൽ ചോദിച്ചു: ''അല്ലാഹുവിന്റെ ദൂതരേ! ഇപ്പോൾ അങ്ങ് എങ്ങനെയാണ് മക്കയിൽ പ്രവേശിക്കുക? അവർ അങ്ങയെ മക്കയിൽ നിന്ന് പുറത്താക്കിയിരിക്കുകയാണല്ലോ?''

തിരുനബി ﷺ എത്ര മഹത്തായ തവക്കുലോടെയാണ് മറുപടി നൽകിയത്:

''സൈദ്! അല്ലാഹു തീർച്ചയായും എന്തെങ്കിലും ഒരു വഴി തുറന്നു തരുന്നത്

നീ കാണും. അല്ലാഹു തന്റെ ദീനിന്റെ സഹായിയാണ്. അവൻ തന്റെ നബിക്ക് തീർച്ചയായും വിജയം നൽകുന്നതാണ്.''

അങ്ങനെ തിരുനബി ﷺ ഖുറൈശികളുടെ പ്രമുഖ നേതാക്കൾക്ക് സന്ദേശമയച്ചു. തനിക്ക് സംരക്ഷണം നൽകി മക്കയിലേക്ക് പ്രവേശിക്കുന്നതിനുള്ള ക്രമീകരണം ചെയ്യണമെന്ന് അവരോട് അഭ്യർത്ഥിച്ചു.

എന്നാൽ എല്ലാ നേതാക്കളും നിരസിച്ചു.

ഒടുവിൽ മാന്യനായ ഒരു നേതാവ് മുത്ഇം ബിൻ അദിയ്യ് തിരുനബി ﷺ യെ തന്റെ സംരക്ഷണത്തിൽ മക്കയിലേക്ക് പ്രവേശിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. (മാഖൂദ് അസ്സബഖാതുൽകുബ്റാ, ''ദിക്റുസബബിറസൂലില്ലാഹി ﷺ ഇലത്ത്വാഇഫ്'', വാല്യം 1, പേജ് 165, ദാറുൽ കുതുബിൽ ഇൽമിയ്യ, 1990; സുൽബുൽ ഹുദാ, വാല്യം 2, പേജ് 440)

ഹിജ്റയുടെ അവസരത്തിൽ അല്ലാഹുവിലുള്ള തവക്കുലിന്റെ എന്തെല്ലാം മാതൃകകളാണ് തിരുനബി ﷺ പ്രകടിപ്പിച്ചത്!

തിരുനബി ﷺ ക്ക് ഹിജ്റയ്ക്ക് അനുമതി ലഭിച്ചപ്പോൾ, തന്റെ ഹിജ്റയുടെ പദ്ധതി ഹദ്റത്ത് അലി(റ)യെ അറിയിക്കുകയും അദ്ദേഹത്തെ അത്യന്തം ത്യാഗപൂർണ്ണമായ ഒരു ദൗത്യം ഏൽപ്പിക്കുകയും ചെയ്തു.

ആ രാത്രി തിരുനബി ﷺ യുടെ വിശുദ്ധ ശയ്യയിൽ, ഒരു നിവേദന പ്രകാരം പച്ച നിറത്തിലുള്ളതും മറ്റൊരു നിവേദന പ്രകാരം ചുവപ്പ് നിറത്തിലുള്ളതുമായ ഹദ്റമിചാദർ(യമനി പുതപ്പ്) പുതച്ച് ഹദ്റത്ത് അലി(റ) കിടക്കേണ്ടതാണ്. അത് യമനിൽ നിർമ്മിച്ചിരുന്ന ഒരു ചാദറായിരുന്നു. ആ പ്രദേശവുമായി ബന്ധപ്പെട്ടതിനാലാണ് അതിനെ ഹദ്റമിചാദർ എന്നു വിളിച്ചിരുന്നത്.

തിരുനബി ﷺ പതിവായി പുതച്ച് ഉറങ്ങാറുണ്ടായിരുന്ന അതേ ചാദർ ഹദ്റത്ത് അലി(റ)യെ പുതപ്പിച്ച് അവിടെ കിടത്തിയ ശേഷം, ആ ത്യാഗ സന്നദ്ധനായ സേവകന് അല്ലാഹുവിന്റെ സഹായത്തിലും സംരക്ഷണത്തിലും ഉറപ്പ് നൽകിക്കൊണ്ട് പറഞ്ഞു: ''നീ ഭയപ്പെടേണ്ട. വളരെ സമാധാനത്തോടെ എന്റെ കിടക്കയിൽ കിടന്നു കൊള്ളുക. ശത്രുക്കൾക്ക് നിനക്ക് യാതൊരു ദോഷവും വരുത്താൻ കഴിയുകയില്ല.''

അതോടൊപ്പം, സത്യസന്ധനും വിശ്വസ്തനുമായ അല്ലാഹുവിന്റെ ദൂതനായ തിരുനബി ﷺ ക്ക്, മക്കയിലെ ജനങ്ങൾ ഏൽപ്പിച്ചിരുന്ന അമാനത്തുകളെക്കുറിച്ചും ഉത്തരവാദിത്വ ബോധമുണ്ടായിരുന്നു. അതിനാൽ, ആ അമാനത്തുകൾ അവയുടെ ഉടമകൾക്ക് തിരികെ ഏൽപ്പിച്ച ശേഷം തന്റെ പിന്നാലെ ഹിജ്റ ചെയ്ത് വരണമെന്ന് ഹദ്റത്ത് അലി(റ)യോട് നിർദേശിച്ചു.

തുടർന്ന് തിരുനബി ﷺ തന്റെ വീട്ടിൽ നിന്ന് പുറത്തേക്ക് ഇറങ്ങി.

അപ്പോൾ മക്കയിലെ കാഫിറുകൾ തിരഞ്ഞെടുത്ത ധീരന്മാർ, കണ്ണുകളിൽ രക്തം നിറഞ്ഞതു പോലെ ക്രോധത്തോടെ, കൈകളിൽ വാളുകളുമായി തിരുനബി ﷺ യുടെ വീടിന് പുറത്ത് കാവൽ നിൽക്കുകയായിരുന്നു. രാത്രി കൂടുതൽ ഇരുണ്ടാൽ ആക്രമിച്ച് ഒരൊറ്റ വെട്ടുകൊണ്ട് തന്നെ അല്ലാഹുവിന്റെ ദൂതന്റെ കാര്യം അവസാനിപ്പിക്കാമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം നൗദുബില്ലഹ്.

അവരുടെ നേതാവായിരുന്ന അബൂ ജഹൽ അത്യന്തം അഹങ്കാരത്തോടെയും പരിഹാസത്തോടെയും പറയുന്നുണ്ടായിരുന്നു: ''മുഹമ്മദ് പറയുന്നത്, നിങ്ങൾ അവന്റെ കാര്യത്തിൽ അവനെ പിന്തുടർന്നാൽ അറബിന്റെയും അജമിന്റെയും രാജാക്കന്മാരായി മാറുമെന്നാണ്. മരണശേഷം നിങ്ങൾ പുനരുത്ഥാനത്തിന് ഉയർത്തപ്പെടുമ്പോൾ, ജോർദാനിലെ തോട്ടങ്ങൾ പോലെയുള്ള തോട്ടങ്ങൾ നിങ്ങൾക്കായി ഒരുക്കപ്പെടുമെന്നും അവൻ പറയുന്നു. എന്നാൽ നിങ്ങൾ അങ്ങനെ ചെയ്തില്ലെങ്കിൽ, നിങ്ങൾക്കിടയിൽ കൊലപാതകവും രക്തച്ചൊരിച്ചിലും ഉണ്ടാകുമെന്നും പറയുന്നു.''

തിരുനബി ﷺ പുറപ്പെടുന്നതിനായി വീട്ടിൽനിന്ന് പുറത്തുവന്നു. അവിടുന്ന് പറഞ്ഞു: ''അതെ! ഞാൻ അങ്ങനെ തന്നെയാണ് പറയുന്നത്.''

തുടർന്ന് സൂറത്തു യാസീനിലെ ഈ ആയത്തുകൾ പാരായണം ചെയ്തുകൊണ്ട് അവിടുന്ന് അവരുടെ മുന്നിലൂടെ കടന്നുപോയി:

يٰسٓ
وَالْقُرْاٰنِ الْحَكِيْمِ
اِنَّكَ لَمِنَ الْمُرْسَلِيْنَ
عَلٰى صِرَاطٍ مُّسْتَقِيْمٍ
تَنْزِيْلَ الْعَزِيْزِ الرَّحِيْمِ
لِتُنْذِرَ قَوْمًا مَّآ اُنْذِرَ اٰبَآؤُهُمْ فَهُمْ غٰفِلُوْنَ
لَقَدْ حَقَّ الْقَوْلُ عَلٰٓى اَكْثَرِهِمْ فَهُمْ لَا يُؤْمِنُوْنَ
اِنَّا جَعَلْنَا فِيْٓ اَعْنَاقِهِمْ اَغْلٰلًا فَهِيَ اِلَى الْاَذْقَانِ فَهُمْ مُّقْمَحُوْنَ
وَجَعَلْنَا مِنْۢ بَيْنِ اَيْدِيْهِمْ سَدًّا وَّمِنْ خَلْفِهِمْ سَدًّا فَاَغْشَيْنٰهُمْ
فَهُمْ لَا يُبْصِرُوْنَ**

അർത്ഥം: ''യാ സയ്യിദ്!, അല്ലയോ നേതാവേ! ജ്ഞാനപൂർണ്ണമായ ഖുർആനെ സാക്ഷിയാക്കി പറയുന്നു: നീ തീർച്ചയായും ദൂതന്മാരിൽ ഒരാളാണ്. നേരായ പാതയിലാണ് നീ. ഇത് സർവശക്തനും നിരന്തരം കരുണ ചൊരിയുന്നവനുമായ അല്ലാഹുവിൽ നിന്നുള്ള അവതരണമാണ്. തങ്ങളുടെ പൂർവ്വികർക്ക് മുന്നറിയിപ്പ് നൽകപ്പെട്ടിട്ടില്ലാത്തതിനാൽ അശ്രദ്ധരായി കഴിയുന്ന ഒരു ജനതയ്ക്ക് നീ മുന്നറിയിപ്പ് നൽകേണ്ടതിനാണ് ഇത്. തീർച്ചയായും അവരിൽ ഭൂരിഭാഗത്തിനു മേൽ വാക്ക് സത്യമായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ അവർ വിശ്വസിക്കുകയില്ല. തീർച്ചയായും നാം അവരുടെ കഴുത്തുകളിൽ ചങ്ങലകൾ ഇട്ടിരിക്കുന്നു; അവ അവരുടെ താടി വരെയെത്തിയിരിക്കുന്നു. അതിനാൽ അവർ തല ഉയർത്തിപ്പിടിച്ചിരിക്കുകയാണ്. അവരുടെ മുമ്പിലും നാം ഒരു തടസ്സം ഉണ്ടാക്കിയിരിക്കുന്നു; അവരുടെ പിന്നിലും ഒരു തടസ്സം ഉണ്ടാക്കിയിരിക്കുന്നു. അങ്ങനെ നാം അവരുടെമേൽ ഒരു മറ ഇട്ടിരിക്കുന്നു. അതിനാൽ അവർക്ക് കാണാൻ കഴിയുന്നില്ല.'' (യാസീൻ: 2-10)

തിരുനബി ﷺ അവരുടെ തലകളിലേക്ക് മണ്ണ് വിതറിക്കൊണ്ട് ഈ ആയത്തുകൾ പാരായണം ചെയ്തുകൊണ്ട് അവരുടെ മുന്നിലൂടെ കടന്നുപോയി.

എന്നാൽ അല്ലാഹുവിന്റെ ശക്തിയുടെ അത്ഭുതം കാണുക! അവിടുന്ന് പോകുമ്പോൾ അവിടെ കാവൽ നിന്നിരുന്ന ഒരാൾക്കും തിരുനബി ﷺ യെ കാണാൻ കഴിഞ്ഞില്ല. മറിച്ച്, അവർ ഇടയ്ക്കിടെ വീട്ടിനുള്ളിലേക്ക് നോക്കി, മുഹമ്മദ് ﷺ തന്റെ കിടക്കയിൽ തന്നെയുണ്ടെന്ന് ഉറപ്പു വരുത്തിക്കൊണ്ടിരുന്നു.

ഇങ്ങനെ, തിരുനബി ﷺ ശത്രുക്കളുടെ നടുവിലൂടെ അല്ലാഹുതആലായിലുള്ള പൂർണ്ണ തവക്കുലോടെ സുരക്ഷിതമായി അവിടെനിന്ന് പുറപ്പെട്ടു. (അസ്സീറതുന്നബവിയ്യ ലി ഇബ്നു ഹിശാം, പേജ് 342, ''ബാബ് ഹിജ്റതിർറസൂൽ ﷺ'', ദാറുൽ കുതുബിൽ ഇൽമിയ്യ, 2001; മുഹമ്മദ് റസൂലുല്ലാഹി വല്ലദീന മഅഹു, വാല്യം 3, പേജ് 74, ''ബാബുൽ ഹിജ്റ'', മക്തബ മിസ്ർ; അത്തബഖാതുൽ കുബ്റാലി ഇബ്നു സഅദ്, വാല്യം 1, പേജ് 176; നുഖബുൽ അഫ്കാർ ഫീ തൻഖീഹി മബാനിൽ അഖ്ബാർ ഫീ ശർഹിമആനിൽ ആസാർ, ഇമാം ബദ്റുദ്ദീൻ അൽഐനി, വാല്യം 6, പേജ് 111, ഖത്തർ മതകാര്യ ഔഖാഫ് മന്ത്രാലയം, 2008)

ഹിജ്റയും തിരുനബി ﷺ യുടെ തവക്കുലും

തിരുനബി ﷺ യുടെ ഹിജ്റയെയും അവിടുത്തെ തവക്കുലിനെയും കുറിച്ച് ചരിത്രപരമായ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഇപ്രകാരം വിവരിക്കുന്നു:

''തിരുനബി ﷺ ക്ക് അല്ലാഹു തആലായിൽ നിന്ന് ഹിജ്റ ചെയ്യാനുള്ള കൽപ്പന ലഭിച്ചപ്പോൾ, ഹദ്റത്ത് അബൂബക്കർ (റ)യെയും കൂടെകൂട്ടി മക്കയിൽ നിന്ന് ഏകദേശം ആറേഴ് മൈൽ അകലെയുള്ള ജബലുസൗർ ഭാഗത്തേക്ക് പോയി. ആ പർവതത്തിന്റെ മുകളിലുള്ള ഒരു ഗുഹയിൽ ഒളിച്ചിരിക്കുകയും ചെയ്തു.

രാവിലെ തിരുനബി ﷺ വീട്ടിലില്ലെന്ന് കാഫിറുകൾ മനസ്സിലാക്കി. എല്ലാത്തരം കാവലുകളെയും മറികടന്ന് മുഹമ്മദ് റസൂലുല്ലാഹ് ﷺ വിജയകരമായി പുറത്തു പോയിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കിയപ്പോൾ ഉടൻ തന്നെ അവിടുത്തെ അന്വേഷിച്ച് പുറപ്പെട്ടു. കാൽപ്പാടുകൾ തിരിച്ചറിയുന്നതിൽ അതീവ പ്രാവീണ്യമുള്ള മക്കയിലെ മികച്ച ചില വിദഗ്ധരായ വഴികാട്ടികളെയും അവർ കൂടെകൂട്ടി. അവർ അവരെ ജബലുസൗർ വരെ എത്തിച്ചു. അവർ പറഞ്ഞു: 'മുഹമ്മദ് റസൂലുല്ലാഹ് ﷺ എവിടെയെങ്കിലും ഉണ്ടെങ്കിൽ, ഇവിടെയായിരിക്കണം. ഇതിനപ്പുറം യാതൊരു കാൽപ്പാടും കാണുന്നില്ല.' ആ സമയത്ത് ശത്രുക്കൾ ഗുഹയുടെ തൊട്ടുമുകളിൽ എത്തിയിരുന്നു. ഗുഹയുടെ പ്രവേശന മുഖം വളരെ ഇടുങ്ങിയതായിരുന്നില്ല; അതിനകത്തേക്ക് നോക്കാൻ പ്രയാസമുള്ളതുമായിരുന്നില്ല.. മറിച്ച്, വിശാലമായ പ്രവേശനമുള്ള തുറന്ന ഗുഹയായിരുന്നു അത്. അതിനകത്തേക്ക് ഒന്ന് നോക്കിയാൽ ആരെങ്കിലും അവിടെ ഇരിക്കുന്നുണ്ടോ ഇല്ലയോ എന്ന് വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുമായിരുന്നു.

എന്നാൽ ഇത്തരമൊരു സാഹചര്യത്തിലും മുഹമ്മദ് റസൂലുല്ലാഹ് ﷺ യ്ക്ക് യാതൊരു ഭയവും ഉണ്ടായില്ല. അവിടുത്തെ പവിത്രമായ ആത്മീയ ശക്തിയുടെ സ്വാധീനത്താൽ ഹദ്റത്ത് അബൂബക്കർ(റ)യുടെ ഹൃദയവും ഉറച്ചുനിന്നു. മൂസാ(അ)ന്റെ അനുയായികൾ പറഞ്ഞതു പോലെ 'നാം പിടിക്കപ്പെട്ടിരിക്കുന്നു' എന്ന് അദ്ദേഹം പറഞ്ഞില്ല. അദ്ദേഹം പറഞ്ഞത് ഇത്ര മാത്രമായിരുന്നു:

'അല്ലാഹുവിന്റെ ദൂതരേ! ശത്രു ഇത്രയും അടുത്തെത്തിയിരിക്കുന്നു; അവൻ ഒന്ന് തല താഴ്ത്തി നോക്കിയാൽ പോലും നമ്മെ കാണാൻകഴിയും.'

അപ്പോൾ തിരുനബി ﷺ പറഞ്ഞു:

اُسْكُتْ يَا اَبَا بَكْرٍ اِثْنَانِ اللّٰهُ ثَالِثُهُمَا

'അബൂബക്കർ! മിണ്ടാതിരിക്കൂ. നാം രണ്ടുപേരല്ല; നമ്മോടൊപ്പം മൂന്നാമനായി അല്ലാഹുവുണ്ട്. പിന്നെ അവർക്ക് എങ്ങനെ നമ്മെ കാണാൻ കഴിയും?'

സംഭവിച്ചതും അങ്ങനെ തന്നെയായിരുന്നു. ശത്രുക്കൾ ഗുഹയുടെ മുകളിലെത്തിയിട്ടും മുന്നോട്ട് വന്ന് അതിനകത്തേക്ക് നോക്കാനുള്ള അവസരം അവർക്കുണ്ടായില്ല. അവിടെ നിന്നു തന്നെ എന്തൊക്കെയോ പിറുപിറുത്തും അർത്ഥശൂന്യമായ കാര്യങ്ങൾ പറഞ്ഞും അവർ മടങ്ങിപ്പോയി.

ചുരുക്കത്തിൽ, ഈ സംഭവത്തിന്റെ ഒരു വശം ഇതാണ്: ഹദ്റത്ത് മൂസാ(അ) ന്റെ അനുയായികൾ പരിഭ്രമിച്ച്, 'മൂസാ! നാം പിടിക്കപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞു. അതായത്, അവർ തങ്ങളോടൊപ്പം ഹദ്റത്ത് മൂസാ(അ)നെയും ആ ഭയത്തിൽ ഉൾപ്പെടുത്തി; തങ്ങളൊക്കെയും ഫിർഔന്റെ പിടിയിലാകുമെന്നായിരുന്നു അവരുടെ ധാരണ. എന്നാൽ മുഹമ്മദ് റസൂലുല്ലാഹ് ﷺ യുടെ തവക്കുൽ അവിടുത്തെ സഹചാരിയിലും അത്തരമൊരു സ്വാധീനം ചെലുത്തിയിരുന്നു. 'നാം പിടിക്കപ്പെട്ടു' എന്ന വാക്ക് പോലും അദ്ദേഹത്തിന്റെ നാവിൽ നിന്ന് പുറപ്പെട്ടില്ല. ശത്രു ഇത്രയും അടുത്തെത്തിയിരിക്കുന്നു; അവൻ നമ്മെ കാണാൻ ആഗ്രഹിച്ചാൽ കാണാൻ കഴിയുമെന്നു മാത്രമാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ മുഹമ്മദ് റസൂലുല്ലാഹ് ﷺ ആ ആശങ്കയെയോ ചിന്തയെയോ പോലും അംഗീകരിച്ചില്ല. അവിടുന്ന് പറഞ്ഞു: 'അത്തരമൊരു ചിന്ത പോലും അരുത്. ഇപ്പോൾ നാം രണ്ടുപേരല്ല; നമ്മോടൊപ്പം മറ്റൊരു സത്തകൂടിയുണ്ട്: നമ്മുടെ അല്ലാഹു.'' (തഫ്സീറെ കബീർ, വാല്യം 9, പേജ് 416-417, 2023 പതിപ്പ്)

ഹിജ്റത്ത് വേളയിലെ തവക്കുലും ധൈര്യവും

ഹിജ്റയുടെ സംഭവവും തിരുനബി ﷺ യുടെ തവക്കുലും ധൈര്യവും പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

''ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)യുടെ സത്യസന്ധത ആ അഗ്നി പരീക്ഷയുടെ സമയത്താണ് പ്രകടമായത്; തിരുനബി ﷺ യെ വളഞ്ഞപ്പോൾ. ചിലരുടെ അഭിപ്രായം അദ്ദേഹത്തെ മക്കയിൽ നിന്ന് പുറത്താക്കുക എന്നതായിരുന്നുവെങ്കിലും യഥാർത്ഥ ഉദ്ദേശ്യം കൊലപാതകം തന്നെയായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) തന്റെ സത്യസന്ധതയുടെയും വിശ്വസ്തതയുടെയും, എന്നെന്നും നിലനിൽക്കുന്ന ഒരു ഉജ്ജ്വല മാതൃക കാഴ്ചവെച്ചു. ഈ ദുരിതഘട്ടത്തിൽ തിരുനബി ﷺ അദ്ദേഹത്തെ തന്നെ തിരഞ്ഞെടുത്തത് ഹദ്റത്ത് സിദ്ദീഖ്(റ)യുടെ ശ്രേഷ്ഠതയ്ക്കും ഉന്നതമായ വിശ്വസ്തതയ്ക്കുമുള്ള തെളിവാണ്...''

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)യുടെ ഗുണങ്ങളെക്കുറിച്ചും വിവരിക്കുന്നു.

''അതുപോലെ തന്നെ തിരുനബി ﷺ യുടെ തിരഞ്ഞെടുപ്പും അത്യന്തം അർത്ഥവത്തായിരുന്നു. ആ സമയത്ത് അവിടുത്തെ സമീപം എഴുപതോ എൺപതോ സഹാബിമാർ ഉണ്ടായിരുന്നു. ഹദ്റത്ത് അലി(റ)വും അവിടുത്തെ സമീപത്തുണ്ടായിരുന്നു. എന്നാൽ അവരിൽ എല്ലാവരിൽ നിന്നും തിരുനബി ﷺ ഹദ്റത്ത് അബൂബക്കർ(റ)യെ തന്നെ

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-11
Issue:43-44

POSTAL REG NO GDP-44/2026-28 **Thursday 22-29 October 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ANNUAL SUBSCRIPTION : Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

യാണ് തിരഞ്ഞെടുത്തത്. ഇതിന്റെ രഹസ്യമെന്താണ്? എന്താണ് അതിന്റെ കാരണം? എന്താണ് അതിന്റെ രഹസ്യം?''

''കാര്യം ഇതാണ്: അല്ലാഹുവിന്റെ നബി അല്ലാഹുവിന്റെ കണ്ണിലൂടെ കാണുന്നു. അദ്ദേഹത്തിന്റെ ഗ്രഹണ ശക്തി അല്ലാഹു തആലായിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ, ഈ ദൗത്യത്തിന് ഏറ്റവും അനുയോജ്യനും യോഗ്യനും ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) തന്നെയാണെന്ന് അല്ലാഹു തആലാ തന്റെ കശ്ഫിലൂടെയും ഇൽഹാമിലൂടെയും തിരുനബിﷺ യെ അറിയിച്ചിരുന്നു.''

''ഹദ്റത്ത് അബൂബക്കർ(റ) ഈ അത്യന്തം പ്രയാസകരമായ സമയത്ത് അവിടുത്തെ കൂടെയുണ്ടായിരുന്നു. ഇത് അപകടകരമായ ഒരു പരീക്ഷണത്തിന്റെ സമയമായിരുന്നു. ഹദ്റത്ത് മസീഹ് (അ)ന് ഇത്തരമൊരു സാഹചര്യം ഉണ്ടായപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹത്തെ ഉപേക്ഷിച്ച് ഓടിപ്പോയി; അവരിൽ ഒരാൾ അദ്ദേഹത്തിന്റെ മുഖത്തു തന്നെ ശാപവാക്കുകൾ പറയുകയും ചെയ്തു. എന്നാൽ സഹാബികളിൽ ഓരോരുത്തരും പൂർണ്ണ വിശ്വസ്തതയുടെ മാതൃക കാഴ്ച വെച്ചു.

''ചുരുക്കത്തിൽ, ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) തിരുനബിﷺയെ പൂർണ്ണമായി പിന്തുണച്ചു. തുടർന്ന് തിരുനബിﷺ സൗർ ഗുഹയിൽ ഒളിച്ചു.

''തിരുനബി ﷺ യെ ഉപദ്രവിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കിയിരുന്ന ദുഷ്ടരായ കാഫിറുകൾ അവിടുത്തെ അന്വേഷിച്ച് ആ ഗുഹയിലേക്കും എത്തി.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) പറഞ്ഞു: 'ഇപ്പോൾ അവർ നമ്മുടെ തൊട്ടു മുകളിലെത്തിയിരിക്കുന്നു. ആരെങ്കിലും ഒന്ന് താഴേക്ക് നോക്കിയാൽ നമ്മെ കാണുകയും നാം പിടിക്കപ്പെടുകയും ചെയ്യും.'

അപ്പോൾ തിരുനബി ﷺ പറഞ്ഞു:

لَا تَحْزَنْ اِنَّ اللّٰهَ مَعَنَا

'ദു:ഖിക്കേണ്ട; തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്.' (അത്തൗബ: 40)

ഈ വാക്കുകളെക്കുറിച്ച് ചിന്തിക്കുക. തിരുനബി ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)യെ തന്നോടൊപ്പം ചേർത്താണ് اِنَّ اللّٰهَ مَعَنَا തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്നു പറഞ്ഞത്. 'മആനാ' എന്ന പദത്തിൽ ഇരുവരും ഉൾപ്പെടുന്നു. നിനക്കും എനിക്കും കൂടെ അല്ലാഹുവുണ്ട്.

അല്ലാഹു തആലാ ഒരു തട്ടിൽ തിരുനബി ﷺ യെയും മറ്റൊരു തട്ടിൽ ഹദ്റത്ത് സിദ്ദീഖ് (റ)യെയും വെച്ചതു പോലെയായിരുന്നു. ആ സമയത്ത് ഇരുവരും പരീക്ഷണത്തിലായിരുന്നു. കാരണം, ഇസ്ലാമിന്റെ അടിത്തറ സ്ഥാപിക്കപ്പെടാൻ പോകുന്നതോ അതിന്റെ അന്ത്യം സംഭവിക്കാനിരിക്കുന്നതോ ആയ നിർണായക ഘട്ടമായിരുന്നു അത്.

ശത്രുക്കൾ ഗുഹയുടെ മുകളിൽ എത്തിയിരുന്നു. പല തരത്തിലുള്ള അഭിപ്രായങ്ങൾ അവർക്കിടയിൽ ഉയർന്നുകൊണ്ടിരുന്നു. ചിലർ പറഞ്ഞു: 'ഈ ഗുഹ പരിശോധിക്കണം; കാൽപ്പാടുകൾ ഇവിടെ വരെ മാത്രമാണ് വന്നിരിക്കുന്നത്.' എന്നാൽ മറ്റു ചിലർ പറഞ്ഞു: 'ഇവിടെ മനുഷ്യൻ എങ്ങനെ പ്രവേശിച്ചിട്ടുണ്ടാകും? ചിലന്തി വല നെയ്തിരിക്കുന്നു; പ്രാവ് മുട്ടയിട്ടിരിക്കുന്നു.'

ഇത്തരത്തിലുള്ള സംസാരങ്ങളുടെ ശബ്ദം ഗുഹയ്ക്കുള്ളിലേക്ക് എത്തിക്കൊണ്ടിരുന്നു. തിരുനബി ﷺ അതു വ്യക്തമായി കേൾക്കുന്നുണ്ടായിരുന്നു.

ശത്രുക്കൾ എല്ലാം അവസാനിപ്പിക്കണമെന്ന ഉദ്ദേശത്തോടെ ഭ്രാന്തന്മാരെപ്പോലെ മുന്നോട്ടു വന്നിരിക്കുകയായിരുന്നു.

എന്നാൽ തിരുനബി ﷺ യുടെ അതുല്യമായ ധൈര്യം നോക്കുക! ശത്രു തൊട്ടു മുകളിലുണ്ട്. എന്നിട്ടും അവിടുന്ന് തന്റെ സത്യസന്ധനായ സഹചാരിയായ സിദ്ദീഖ് (റ)യോട് പറയുന്നു:

لَا تَحْزَنْ اِنَّ اللّٰهَ مَعَنَا

'ദു:ഖിക്കേണ്ട; തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്.'

ഈ വാക്കുകൾ അവിടുന്ന് വ്യക്തമായ ശബ്ദത്തിൽ തന്നെയാണ് പറഞ്ഞതെന്ന് ഈ വാക്കുകളിൽനിന്ന് മനസ്സിലാകുന്നു. കാരണം, ഒരു ആംഗ്യംകൊണ്ട് മാത്രം കാര്യം സാധിക്കുമായിരുന്നില്ല. ശത്രുക്കൾ പുറത്തിരുന്ന് കൂടിയാലോചന നടത്തുകയായിരുന്നു; ഗുഹയ്ക്കുള്ളിൽ സേവകനും യജമാനനും തമ്മിലും സംഭാഷണം നടക്കുകയായിരുന്നു. ശത്രുക്കൾ ആ ശബ്ദം കേൾക്കുമോ എന്നതിനെക്കുറിച്ച് യാതൊരു ഭയവും പ്രകടിപ്പിച്ചില്ല.

ഇത് അല്ലാഹു തആലായിലുള്ള പൂർണ്ണമായ ഈമാനിന്റെയും മഅ്രിഫത്തിന്റെയും തെളിവാണ്. അല്ലാഹു തആലായുടെ വാഗ്ദാനങ്ങളിൽ ഉള്ള പൂർണ്ണമായ വിശ്വാസമായിരുന്നുഅത്.'' (മൽഫൂസാത്ത്, വാല്യം 1, പേജ് 339-341, 2022 പതിപ്പ്)

ഹിജ്റയുടെ ഈ യാത്രയിൽ തവക്കുലിന്റെ നിരവധി മറ്റു സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇൻഷാ അല്ലാഹ്, അവ അടുത്ത ഖുതുബകളിൽ വിവരിക്കുന്നതാണ്.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى آلِ مُحَمَّدٍ وَبَارِكْ وَسَلِّمْ اِنَّكَ حَمِيْدٌ مَّجِيْدٌ

''അല്ലാഹുവേ! മുഹമ്മദ്ﷺയുടെയും മുഹമ്മദിന്റെ കുടുംബത്തിന്റെയും മേൽ അനുഗ്രഹവും സമാധാനവും ചൊരിയേണമേ; അനുഗ്രഹങ്ങൾ നൽകുകയും സമാധാനം പ്രദാനം ചെയ്യുകയും ചെയ്യേണമേ. തീർച്ചയായും നീ സ്തുത്യർഹനും മഹത്വപൂർണ്ണനുമാകുന്നു.''

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

സീറത്തുന്നബി(സ)

വിവ: അബൂ സ്വബാഹ്

അധ്യായം : 2

അറേബ്യയും അറബികളും

നിവാസികൾ

അറേബ്യ വിരളമായി ജനവാസമുള്ള ഒരു രാജ്യമാണ്. മഴയുടെ കുറവ്, വിശാലമായ മരുഭൂമികൾ, സസ്യധാതു വിഭവങ്ങളുടെ അപര്യാപ്തത എന്നിവയെല്ലാം ചേർന്ന് ജനസംഖ്യയുടെ വർധനവിനെ തടഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, ഇന്ന് അറേബ്യയിലെ ആകെ ജനസംഖ്യ ഏകദേശം 70,00,000 മുതൽ 80,00,000 വരെ ആണെന്ന് പറയപ്പെടുന്നു. രാജ്യത്തിന്റെ ഭൗമശാസ്ത്രപരവും പ്രകൃതിദത്തവുമായ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ഇത് വളരെ കുറഞ്ഞ ജനസംഖ്യയല്ല. (ഇത് ഈ ഗ്രന്ഥ രചന നടക്കുന്ന 1920ലെ കാര്യമാണ്. വിവ.)

നിവാസികളുടെ വിഭജനവുമായി ബന്ധപ്പെട്ട് ചരിത്രകാരന്മാർ അറേബ്യൻ ഗോത്രങ്ങളെ രണ്ടായോ ചില സന്ദർഭങ്ങളിൽ മൂന്നായോ വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

1. അറബ് എ ആരിബ

'അറബ് എ ആരിബ എന്നത് അറേബ്യയിലെ പുരാതനവും യഥാർത്ഥവുമായ നിവാസികളെ സൂചിപ്പിക്കുന്നു. ഇവരെ പിന്നീട് രണ്ട് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്:

1) ഇസ്ലാമിന്റെ ആഗമനത്തിന് മുമ്പുതന്നെ നശിച്ചുപോയ അറേബ്യയിലെ പുരാതന നിവാസികൾ

അവരുടെ കാലം വളരെ പുരാതനമായതിനാൽ, അവരുടെ വിശദമായ ചരിത്രവിവരങ്ങൾ ഇന്ന് ഏറെക്കുറെ അജ്ഞാതമാണ്. എന്നിരുന്നാലും, അറേബ്യയുടെ വിവിധ ഭാഗങ്ങളിൽ താമസിച്ചിരുന്ന അനേകം ഗോത്രങ്ങൾ അവരിൽ ഉൾപ്പെട്ടിരുന്നുവെന്ന് അറിയാം. അവരിൽ ചില ഗോത്രങ്ങൾക്ക് ശക്തവും പരിഷ്കൃതവുമായ ഭരണകൂടങ്ങളും ഉണ്ടായിരുന്നു.

ഇവയിൽ പ്രസിദ്ധമായ ചില ഗോത്രങ്ങളുടെ പേരുകൾ:

ആദ്, സമൂദ്, തസ്മ്, ജദീസ്, ജുർഹുമുൽഊലാ

ആദ് ജനതയുടെ ജന്മദേശം അഹ്ഖാഫ് ആയിരുന്നു. സമൂദ് ജനത ജൗഫ എന്ന പ്രദേശത്താണ് താമസിച്ചിരുന്നത്. ഇത് ഹിജാസിന്റെ വടക്കുഭാഗത്തായിരുന്നു.

ഈ പുരാതന ഗോത്രങ്ങൾ നശിച്ചുപോയതിനാൽ ഇവരെ 'അറബ് എ ബാഇദ' എന്നും വിളിക്കുന്നു.

---

131 ാമത് ജൽസ സാലാന ഖാദിയാൻ

2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികൾ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

(നാസിർ, ഇസ്ലാഹ് ഇർശാദ്, മർക്കസിയ ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin